# സത്യദൂതൻ

2024 ആഗസ്റ്റ് | ലക്കം 08

വില ₹ 30




## ദിവ്യഭാഷണം: ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം

## ന്യൂക്ലിയർ ഹോളോകാസ്റ്റ്

## ജൽസാ സാലാന: ഭൗതിക മരുഭൂമിയിലെ ആത്മീയ മരുപച്ച

**www.mta.tv**




Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2024 – ആഗസ്റ്റ്
ഹി.ശ. 1404 – സുഹൂർ
1445 മുഹറം – സഫർ
പുസ്തകം 96 ലക്കം 08
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**വി.എം.മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി – 682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA Creative Graphics




## അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **ബനൂമുസ്ത്വലിഖ്മായുള്ള സംഘർഷങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2024 ജൂലൈ 19 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.

**9** **ദിവ്യഭാഷണം: ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്ؑ



**11** **ന്യൂക്ലിയർ ഹോളോകാസ്റ്റ്**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ؒ



**18** **ജൽസാ സാലാനാ: ഭൗതിക മരുഭൂമിയിലെ ആത്മീയ മരുപച്ച.**
മുതഹർ ഇഫ്ഫത്ത്, യുകെ

**20** **മലക്കുകളുടെ സവിശേഷതകൾ**
ഫ്രാസത്ത് അഹ്മദ്

**24** **ബൈബിളിലില്ലാത്ത ത്രിത്വ വാദം**
അതാവുൽ മുജീബ് റാശിദ്



**26** **മുനീർ കമ്മീഷൻ റിപ്പോർട്ട്: ജമാഅത്തെ ഇസ്‌ലാമി ഭയപ്പെടുന്നതെന്ത് കൊണ്ട്?**
എ.എം. മുഹമ്മദ് സലീം



**33** **അമേരിക്കയിൽ നിന്നൊരു സംഗീതജ്ഞനായ മാലാഖ**
റഫീഖ് അഹ്മദ്, മാത്തോട്ടം


**കുറിപ്പുകൾ**

**39** **ബ്രിട്ടീഷ്, ഫ്രഞ്ച് തിരഞ്ഞെടുപ്പുകളും ലോക രാഷ്ട്രീയവും**
മുസാഫിർ

## വിശുദ്ധ ഖുർആനിൽ നിന്ന്

നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുത് എന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക. തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ
( 2: 12, 13)





## നബിവചനം

മതത്തിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് തീവ്രത മൂലമാണ്. (മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം

### അന്യമതസ്ഥരെ പുറത്താക്കുന്നത് ദൈവ കോപത്തിന്ന് കാരണമാകും

ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംങ്ങളും ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്‌ലിംകളെയോ മുസ്‌ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തുനിന്ന് പുറത്താക്കിക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിച്ഛേദ്യമാം വിധം ശക്തിയേറിയതാണ്താനും ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല..........അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്നും അവരും പങ്ക് അനുഭവിക്കേണ്ടിവരും ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദനത്തിന്ന് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റെ സമുദായത്തിന്ന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷ ശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്നും അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു.....(മൈത്രീ സന്ദേശം- ഹദ്റത്ത് അഹ്മദ്(അ))



# ന്യൂക്ലിയർ വിന്റർ : മനുഷ്യ സമൂഹത്തിനു മേലുള്ള ഭീഷണി

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) എല്ലാ വർഷവും വിളിച്ചു ചേർക്കുന്ന വേൾഡ് പീസ് കോൺഫറൻസിന്റെ മുഖ്യ പ്രമേയം ആണവ ഭീഷണിയിൽ നിന്നും ലോകത്തെ വിമുക്തമാക്കുക എന്നതാണ്. അദ്ദേഹത്തിന്റെ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും എന്ന ഉജ്ജ്വല ഗ്രന്ഥത്തിൽ ഈ വിപത്തിനെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് ലോകത്തെ ഓർമ്മപ്പെടുത്തുന്നു. 2009 ഡിസംബർ 2 ന്ന് ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി അംഗീകരിച്ച 64/ 35 പ്രമേയം പ്രകാരം ആഗസ്ത് 29 ന്ന് അണ്വായുധ പരീക്ഷണങ്ങൾക്കെതിരെയുള്ള ദിനമായി ലോകം ആചരിക്കുകയാണ്.

ആഗസ്ത് 6,9 മനുഷ്യ സമൂഹത്തിന്ന് കിടിലം കൊള്ളുന്ന ഭയാനകമായൊരു ദുരന്തത്തിന്റെ സ്മരണയാണ്. ഈ രണ്ടു ദിനങ്ങളിലാണ് ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക ആറ്റം ബോംബ് വർഷിച്ചത്. ഈ ദുരന്തം രണ്ട് ജപ്പാൻ നഗരങ്ങളുടെ മേൽ നടത്തിയ ആക്രമം മാത്രമായിരുന്നില്ല. ദൈവം സമാധാന പൂർവ്വം വസിക്കാൻ മനുഷ്യനെ ഏൽപ്പിച്ച ഭൂമിയിൽ മനുഷ്യൻ തന്നെ മനുഷ്യ വർഗത്തിനുമേൽ നടത്തിയ പൊറുക്കാനാവാത്ത പാപമായിരുന്നു അത്. ഏത് യുദ്ധത്തിന്നും എന്തെങ്കിലും കാരണങ്ങളുണ്ടാവാം. യുദ്ധം നടക്കുന്ന കാലത്തെ ജനത നിർവ്വഹിക്കുന്ന തെറ്റുകളിൽ നിന്നായിരിക്കാം ആ യുദ്ധം പൊട്ടിപുറപ്പെടുന്നത്. പക്ഷേ ആ യുദ്ധത്തിൽ ഒരു ആറ്റം/ന്യൂക്ലിയർ ബോംബ് പ്രയോഗിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടുന്നത് ആ ജനത മാത്രമായിരിക്കില്ല. ജനിക്കാനിരിക്കുന്നവരും യാതൊരു തെറ്റും ചെയ്യാത്ത ഭാവി തലമുറ കൂടിയാണ്. ജനിതക രോഗങ്ങളും ജന്മജാത വൈകല്യങ്ങളുമായി ജനിക്കുന്ന മനുഷ്യശിശുക്കൾ മാത്രമല്ല പ്രകൃതിയും പരിസ്ഥിതിയും അവ ഉൾക്കൊള്ളുന്ന ജീവജാലങ്ങളുമാകെ നശിചൊടുങ്ങുകയും മലീമസവും രോഗാതുരമാവുകയും ചെയ്യും.

ന്യൂക്ലിയർ ഫിഷനെ ആധാരമാക്കിയുള്ള പഴയ ആറ്റം ബോബിൽ നിന്നും ന്യൂക്ലിയർ ഫ്യൂഷനെ അടിസ്ഥാനമാക്കിയുള്ള വൻ പ്രഹരശേഷിയുള്ള ന്യൂക്ലിയർ ബോംബുകളിലേക്ക് യുദ്ധസാങ്കേതിക ശാസ്ത്രം വളർന്നു കഴിഞ്ഞു. 1945 ആഗസ്റ്റിൽ അമേരിക്കക്ക് മാത്രമായിരുന്നു ആറ്റം ബോംബ് കൈയ്യിലുണ്ടായിരുന്നത്. ഇന്ന് ആണവശക്തി രാജ്യങ്ങൾ ആകെ 9 എണ്ണമാണ്. അമേരിക്ക റഷ്യ, ചൈന, ബ്രിട്ടൻ, ഫ്രാൻസ്, ഇസ്റയേൽ, നോർത്ത് കൊറിയ പാകിസ്താൻ ഇന്ത്യ എന്നീ രാജ്യങ്ങളാണ് ഈ രാജ്യങ്ങൾ. The Stockholm Interntional Peace Reserch Institute(SIPRI) 17 ജൂൺ 2024 പുതുക്കിയ കണക്ക് പ്രകാരം ഈ രാജ്യങ്ങളിലെല്ലാം കൂടി 12,121 ന്യൂക്ലിയർ ആയുധങ്ങളുണ്ട്. ഇതിൽ 93 ശതമാനം ആയുധങ്ങളും റഷ്യയുടെയും അമേരിക്കയുടെയും കൈയ്യിലാണുള്ളത്. അണ്വായുധ നിർവ്യാപനത്തിന്റെ ഭാഗമായി ന്യൂക്ലിയർ ആയുധങ്ങളുടെ എണ്ണം ആണവനിർവ്യാപന കരാറിൽ ഒപ്പിട്ട രാജ്യങ്ങൾ കുറക്കുന്നുണ്ടെങ്കിലും അതിന്റെ പ്രഹരശേഷി വർദ്ധിപ്പിക്കാനുള്ള ഗവേഷണങ്ങളും സാങ്കേതിക പരിഷ്ക്കരണങ്ങളും ശക്തമായി തുടരുന്നു. ആധുനിക ആണവായുധങ്ങൾക്ക് ലോകത്തെ പല വട്ടം ചുട്ടു ചാമ്പലാക്കാൻ പര്യാപ്തമാണ്. ഈ ആയുധ കൂമ്പാരം ഡമോക്ലസിന്റെ വാളുപോലെ മനുഷ്യസമൂഹത്തിന്റെ തലക്ക് മുകളിൽ തൂങ്ങി നിൽക്കുമ്പോൾ വാസ്തവത്തിൽ ഒരു മനുഷ്യന് എങ്ങനെയാണ് സമാധാന പൂർവ്വം ജീവിക്കാൻ കഴിയുക. ഈ ന്യൂക്ലിയർ രാജ്യങ്ങളും ചേരികളും തമ്മിൽ പരസ്പരം പോർവിളികളും യുദ്ധേഭരികളും മുഴക്കുമ്പോൾ ലോകസമാധാന സൂചികയിൽ നിന്നും ഡയ്ഞ്ചർ സിഗ്നൽ ഉയരുകയാണ്.

ഇത്ര വലിയ ആണവ ആയുധ ശേഖരമുള്ള രാജ്യങ്ങൾ തമ്മിൽ ഒരു പ്രാദേശിക യുദ്ധമോ ലോകമഹായുദ്ധമോ ഉണ്ടായാൽ എന്തായിരിക്കും സ്ഥിതി?. പരിസ്ഥിതിയെ സമൂലം ബാധിക്കുന്ന ഈ ദുരന്തത്തെക്കുറിച്ച് ലോക പ്രശസ്ത ശാസ്ത്രകാരനും എഴുത്തുകാരനുമായിരുന്ന കാൾ സാഗൻ അടക്കമുള്ള അഞ്ചു ശാസ്ത്രജ്ഞന്മാർ കമ്പ്യൂട്ടർ മാതൃകകൾ വെച്ച് നടത്തിയ പഠന റിപ്പോർട്ടിലാണ് ന്യൂക്ലിയർ വിന്റർ (ആണവ ശിശിരം) എന്ന പ്രതിഭാസത്തെ കുറിച്ച് ചൂണ്ടിക്കാട്ടിയത്. ന്യൂക്ലിയർ ബോംബ് വർഷത്തെ തുടർന്ന് ശക്തമായ തീക്കാറ്റ് അടിക്കുകയും അന്തരീക്ഷത്തിലേക്ക് ലക്ഷക്കണക്കിന്ന് ടൺ പൊടിപടലങ്ങളും കറുത്ത കാർബൺ ധൂളികൾ ഉയരുകയും ഈ മേഘപടലങ്ങൾ സൂര്യപ്രകാശത്തെ തടയുകയും ചെയ്യുന്നു. അങ്ങനെ വൻ ഉഷ്ണത്തിന് ശേഷം മരവിപ്പിക്കുന്ന ശിശിരത്തിലേക്ക് ലോക കാലാവസ്ഥ മാറ്റപ്പെടും. ഇതാണ് ആണവ ശിശിരം അഥവാ ന്യൂക്ലിയർ വിന്റർ. മനുഷ്യന്റെ സ്വയംകൃതനാർത്ഥം സൃഷ്ടിക്കുന്ന ഈ വൻ ദുരന്തത്തെ കുറിച്ചാണ് സൂറഃ അൽദുഖാനിൽ (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെ ക്കുറിച്ച് ഖുർആൻ പറയുന്നത്.

**അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടു വരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക്മീതെ ഒരു നിഴൽ വിരിക്കും ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.**(44: 11-12)

അല്ലാഹു ആണവ ദുരന്തത്തിൽ നിന്നും മനുഷ്യവംശത്തെ രക്ഷിക്കട്ടെ.



# ആത്മീയ വിപ്ലവം ആസന്നം

**ഹദ്റത്ത് അഹ്മദ്** عليه السلام

അല്ലയോ ഉറങ്ങുന്നവരേ! ഉണരുക. അല്ലയേ അശ്രദ്ധരേ! ജാഗരൂഗരാവുക ഒരു മഹത്തായ ആത്മീയ വിപ്ലവത്തിന്റെ കാലം സമാഗതമായിരിക്കുന്നു. ഇത് വിലപിക്കാനുള്ള നേരമാണ്. ഉറങ്ങിക്കിടക്കാനുള്ളതല്ല. (ദൈവസന്നിധിൽ) സങ്കടപ്പെടുവാനുള്ള നേരമാണ്. പരിഹാസവും അവഹേളനവും കുഫ്‌റ് ഫത്‌വകളും നടത്തേണ്ട നേരമല്ല. ഈ കാലത്തെ നീക്കുവാനായി ദൈവിക കാരുണ്യം സജ്ജമാക്കിയ ആത്മീയ പ്ര കാശത്തെ ദർശിക്കുവാനുള്ള കണ്ണുകൾ അല്ലാഹു നിങ്ങൾക്ക് തരുവനായി പ്രാർത്ഥിക്കുക. രാത്രിയുടെ അവസാന യാമങ്ങളിൽ എഴുന്നേറ്റു ദൈവസന്നിയിൽ കരഞ്ഞുകൊണ്ട് നേർമാർഗ്ഗത്തിന്നായി പ്രാർത്ഥി ക്കുക. ഈ ആത്മീയ പ്രസ്ഥാനത്തെ നശിപ്പിക്കാനുള്ള ബദ്ദുആ ചെയ്യാതിരിക്കുകയും ഇതിന്നെതിരെ യുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളുടെ ഈ അനാസ്ഥയെ യും അശ്രദ്ധയേയും നിങ്ങളുടെ മനസ്സിലും ഹൃദയത്തിലുമുള്ള വിഡ്ഢിത്വങ്ങളെയും നിങ്ങൾക്ക് പ്രത്യ ക്ഷപ്പെടുത്തി തരുന്നതാണ്. അല്ലഹു തന്റെ ദാസന്മാരെ അവൻ സഹായിക്കുന്നതാണ്. അല്ലാഹു സ്വയം നട്ടു വളർത്തിയ ഈ വൃക്ഷത്തെ അവൻ ഒരിക്കലും സ്വയം വെട്ടിക്കളയുകയില്ല. ഒരു ഫലവൃക്ഷത്തെ നട്ടു വളർത്തി അതിന്റെ ഫലത്തെ പ്രതീക്ഷിച്ചിരിക്കുന്ന ഒരാൾക്ക് അതിനെ വെട്ടിമാറ്റിക്കളയാൻ കഴിയുമോ? എന്നാൽ സർവ്വജ്ഞനും എല്ലാം കാണുന്നവനുമായ അല്ലാഹു ഫലം പ്രതീക്ഷിരിക്കുന്ന ഈ വൃക്ഷത്തെ എങ്ങനെ വെട്ടിമുറിക്കാനാണ്?. ഒരു മനുഷ്യനായി ക്കൊണ്ട് നിങ്ങൾ ചെയ്യാത്ത ഒരു പ്രവൃത്തി അദൃശ്യജ്ഞാ നിയായ (ആലിമുൽ ഗൈബായ) ഹൃദയത്തിന്റെ ഏറ്റവും അടിത്തട്ടുവരെ കാണുന്ന അല്ലാഹു എങ്ങനെ യാണ് ചെയ്യുക?

അതുകൊണ്ട് നിങ്ങളെ ഈ യുദ്ധത്തിൽ നിങ്ങളുടെ തന്നെ അവയവങ്ങളെ വെട്ടിമുറിക്കുകയാണ്. നന്നാ യോർമ്മിച്ചുകൊള്ളുക. നിങ്ങൾ അനാവശ്യമായി അഗ്നിയിൽ കൈയ്യിടരുത്. ഭസ്മമാക്കാനും ഇടയാ കുന്നതാണ്...... ഇത് മനുഷ്യനിർമ്മിതമായ ഒരു കാര്യമായിരുന്നുവെങ്കിൽ ഇതിനെ നശിപ്പിക്കാൻ എന്തു കൊണ്ട് കഴിയുന്നില്ല.? വളരെ പേർ വന്നുവെങ്കിലും അത് ഇന്ന് ഈ നിലയിൽ എത്തിചേർന്നിരിക്കയാ ണ്. ദൈവം തന്നോട് സംസാരിക്കുന്നു വെന്ന് അവന്റെ പേരിൽ കറ്റുകെട്ടി പറഞ്ഞതിനു ശേഷം ഒരു ന ീണ്ട കാലം ഒരു കള്ളവാദി ജീവിച്ചിരിക്കുന്ന ഏതെങ്കിലും ഒരു വ്യാജവാദിയെ നിങ്ങൾക്ക് കാൺമാൻ സാധിച്ചിട്ടുണ്ടോ?. നിങ്ങൾ ഒന്നും തന്നെ ചിന്തിക്കുന്നില്ല. എത്ര പരിതാപകരം?

വിശുദ്ധ ഖുർആൻ റസൂൽ തിരുമേനിയോട് നീ അൽപ്പമെങ്കിലും കറ്റുകെട്ടി പറയുകയാണെങ്കിൽ നിന്റെ ജീവനാഡി അറുത്തു കളയുന്നതാണ് എന്ന് പറഞ്ഞ ആയത്തിനെ പറ്റി നിങ്ങൾ എന്തുകൊണ്ട് ഓർക്കുന്നില്ല. അതായത് അല്ലാഹുവിന്റെ പേരിൽ ഇത്രവലിയ കറ്റുകെട്ട് ചെയ്തിട്ടും രക്ഷപ്പെടാൻ നബിതി രുമേനിയെക്കാളും പ്രിയംങ്കരനായിട്ടാരാണ് ഉള്ളത്?

അതുകൊണ്ട് സഹോദരന്മാരേ അഹങ്കാരത്തിൽ നിന്നും മാനസികേഛകളിൽ നിന്നും സ്വയം മോചി തരാവുക. അല്ലാഹുവിന്ന് മാത്രമുള്ള അറിവിന്റെ കാര്യത്തിൽ നിങ്ങൾ പിടിവാദം നടത്തരുത്. നിങ്ങളുടെ ഇത്തരം സ്വഭാവങ്ങളെ പരിത്യജിച്ചു കൊണ്ട് പുതിയ മനുഷ്യരായി തഖ്‌വയുടെ വഴിയിൽ കാലടിവെ ക്കുക. എന്നാൽ മാത്രമേ അല്ലാഹുവിന്റെ കാരുണ്യം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. നിങ്ങളുടെ പാപങ്ങളെ അവൻ പൊറുത്തു തരികയും ചെയ്യുകയുള്ളൂ. അതുകൊണ്ട് ഭയപ്പെടുക (ഇത്തരം കാര്യങ്ങളിൽ നിന്നും വിരമിക്കുക നിങ്ങളുടെ ഇടയിൽ നല്ലയാളായിട്ട് ഒരുത്തനുമില്ലേ? *(റൂഹാനി ഖസായിൽ വോ 5 പേ 53,54,55)*

# ബനൂമുസ്ത്വലിഖ്മായുള്ള സംഘർഷങ്ങൾ

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
2024 ജൂലൈ 19 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്ന ബനൂമുസ് തലിഖ് യുദ്ധത്തിന്റെ കൂടുതൽ വിശദീകരണങ്ങൾ ഹദീസുകളിൽനിന്നും ചരിത്രത്തിൽനിന്നും ലഭ്യമാണ്. സ്വഹീഹ് ബുഖാരിയിൽ ഇതിന്റെ വിശദീകരണത്തിൽ കാണാം, നബി കരീം(സ) ബനൂമുസ്തലിഖിനെ ആക്രമിച്ചപ്പോളവർ അശ്രദ്ധയിലായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതു സംബന്ധമായി എഴുതുന്നു, ഈ യുദ്ധത്തെപ്പറ്റി ബുഖാരിയിലെ നിവേദനത്തിൽ പറയുന്നു: നബി(സ) ബനൂമുസ്തലിഖിനെ ആക്രമിച്ച സമയത്ത് അവർ അശ്രദ്ധയിൽ തങ്ങളുടെ മൃഗങ്ങൾക്ക് വെള്ളം കുടിപ്പിക്കുകയായിരുന്നു. എന്നാൽ ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയാണെങ്കിൽ ഈ നിവേദനം ചരിത്രകാരന്മാരുടെ നിവേദനങ്ങൾക്ക് എതിരല്ല. വാസ്തവത്തിൽ ഈ രണ്ട് നിവേദനങ്ങളും വ്യത്യസ്ത സമയങ്ങളുമായി ബന്ധപ്പെട്ടതാണ്. അതായത് സംഭവം ഇപ്രകാരമാകുന്നു, ഇസ്‌ലാമിക സൈന്യം ബനൂ മുസ്തലിഖിന്റെ സമീപമെത്തിയപ്പോൾ മുസ്‌ലിംകൾ തൊട്ടടുത്തെത്തി എന്ന് അവർക്ക് അറിയില്ലായിരുന്നു. അതേസമയം ഇസ്‌ലാമിക സൈന്യം എത്താറായെന്ന് അവർക്ക് തീർച്ചയായും അറിയിപ്പ് കിട്ടിയിരുന്നു. അവർ സമാധാനത്തിൽ ഒരു ചിട്ടയോടുകൂടിയ ക്രമത്തിലല്ലായിരുന്നു. ഈ അവസ്ഥയെയാണ് ബുഖാരിയുടെ നിവേദനത്തിൽ സൂചിപ്പിച്ചത്. എന്നാൽ അവർ മുസ്‌ലിംകൾ എത്തിയെന്ന് അറിഞ്ഞപ്പോൾ അവർ തങ്ങളുടെ നേരത്തെയുള്ള സ്ഥിര തയ്യാറെടുപ്പ് പ്രകാരം ഉടൻ തന്നെ അണിയായി നിന്ന് യുദ്ധത്തിന് ഒരുങ്ങുകയുണ്ടായി. ഇതേപ്പറ്റിയാണ് ചരിത്രകാരന്മാർ പറയുന്നത്.

ഈ യുദ്ധത്തിൽ ഒരു സ്വഹാബി ശഹീദാവുകയുണ്ടായി. അതും അബദ്ധവശാൽ ഒരു മുശ്‌രിക് ആണെന്ന് തെറ്റിദ്ധരിച്ച് മുസ്‌ലിമിന്റെ കയ്യാൽ ശഹീദായതാണ്.

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ജുവൈരിയ പറയുന്നു: ഞാൻ എന്റെ പിതാവ് ഇങ്ങനെ പറയുന്നതായി കേട്ടു: ഇത്രയും വലിയ സൈന്യത്തെ നേരിടാൻ ഞങ്ങൾക്ക് കെൽപുണ്ടായിരുന്നില്ല. ജുവൈരിയ പറയുന്നു: അത്രയും ആളുകളെയും ആയുധങ്ങളെയും കുതിരകളെയും ഞാൻ കാണുന്നുണ്ടായിരുന്നു; അത് വിവരണാതീതമാണ്. ഞാൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ) എന്നെ വിവാഹം ചെയ്തു. ഞങ്ങൾ തിരിച്ചെത്തിയപ്പോൾ ഞാൻ മുസ്‌ലിംകളെ ശ്രദ്ധിക്കാൻ തുടങ്ങി. യുദ്ധാവസരത്തിൽ കണ്ട അത്രയധികം അംഗബലമൊന്നും എനിക്ക് കാണാൻ കഴിഞ്ഞില്ല. അത് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് മുശ്‌രികീങ്ങളുടെ ഹൃദയത്തിൽ ഉണ്ടാക്കിയ ഭയമായിരുന്നു എന്ന് എനിക്ക് ബോധ്യമായി.

സമരാർജിത സ്വത്തായി 2000 ഒട്ടകങ്ങൾ കിട്ടുകയുണ്ടായി. ആടുകളുടെ എണ്ണം 5000 ആയിരുന്നു. 200 കുടുംബങ്ങൾ സഹിതം ബന്ദികളെയും കിട്ടിയിരുന്നു. ചില ചരിത്രകാരന്മാർ 700 ൽ അധികം ബന്ദികൾ എന്ന് എഴുതിയിട്ടുണ്ട്. നബി(സ) ഹദ്റത്ത് ബുറൈദ ബിൻ ഹസീബിനെ ബന്ദികളുടെ മേൽനോട്ടത്തിന് നിയോഗിച്ചു.

നബി(സ) മൊത്തം സമരാർജിത സ്വത്തിൽ നിന്നും അഞ്ചിൽ ഒന്ന് മാറ്റുകയുണ്ടായി. ഈ അഞ്ചിലൊന്ന് അല്ലാഹുവിന്റെ കൽപന പ്രകാരം അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)ന്റെയും റസൂലിന്റെ അടുത്ത ബന്ധുക്കളുടേയും ഇസ്‌ലാമിന്റെ പൊതു ആവശ്യത്തിനുംവേണ്ടി മാറ്റിവെക്കുന്നതാണ്.

ബനൂമുസ്തലിഖ് ഗോത്രത്തിൽ നിന്ന് ബന്ദിയാക്കപ്പെട്ടവരിൽ ഗോത്രത്തലവനായ ഹാരിസ് ബിൻ അബീ ജിനാറിന്റെ മകൾ ബർറഃയും ഉണ്ടായിരുന്നു. ഇവരുടെ പേര് നബി(സ) ജുവൈരിയ എന്ന് മാറ്റുകയുണ്ടായി. ബന്ദികളെ നബി(സ) വീതിച്ചുകൊടുത്തപ്പോൾ ബർറഃ സാബിത് ബിൻ ഖൈസിന്റെ ഉടമസ്ഥതയിലായിരുന്നു. സ്വതന്ത്രയാകുന്നതിനുവേണ്ടി സാബിത് ബിൻ ഖൈസുമായി മക്കാത്തിബത്ത് രീതിയനുസരിച്ച് ഉടമ്പടി ചെയ്തു. (അടിമയായ പുരുഷനോ സ്ത്രീയോ തന്റെ ഉടമയ്ക്ക് നിശ്ചിത തുക നൽകി സ്വാതന്ത്ര്യം നേടുക എന്നതിനാണ് മക്കാത്തീബ് എന്ന് പറയുക. അവരുടെ മോചനദ്രവ്യതുക 9 ഔഖിയ സ്വർണ്ണമായിരുന്നു. അത് 360 ദിർഹമാണ്. ഇത് മോചനദ്രവ്യമായി അടച്ചാൽ സ്വതന്ത്രമാക്കപ്പെടുന്നതാണ്.) അവർ ഈ ഉടമ്പടിക്ക് ശേഷം നബി(സ)ന്റെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു. താൻ ബനൂമുസ്തലിഖിന്റെ നേതാവിന്റെ മകളാണെന്ന് അറിയിച്ചുകൊണ്ട് മോചനദ്രവ്യതുകക്കായി നബി(സ)ന്റെ സഹായം തേടി. അവരുടെ കഥയിൽ നബി(സ) വളരെ ആകൃഷ്ടനായി. അവർ ഒരു സുപ്രസിദ്ധ ഗോത്രത്തിന്റെ നേതാവിന്റെ മകളായതുകൊണ്ട് അവരെ സ്വതന്ത്രയാക്കി വിവാഹം കഴിക്കുകയാണെങ്കിൽ ഈ ഗോത്രത്തിൽ തബ്ലീഗ് എളുപ്പത്തിൽ നടക്കുമെന്ന് കരുതി. അവർ സമ്മതം അറിയിച്ചപ്പോൾ നബി(സ) അവരുടെ മോചനദ്രവ്യം നൽകി അവരെ വിവാഹം കഴിക്കുകയുണ്ടായി. സ്വഹാബാക്കൾ നബി(സ)ന്റെ ഭാര്യാകുടുംബത്തെ തങ്ങളുടെ പക്കൽ ബന്ദിയാക്കുന്നത് ഇഷ്ടപ്പെട്ടില്ല; അങ്ങനെ നൂറ് കുടുംബങ്ങൾ അതായത് ആയിരക്കണക്കിന് ബന്ദികളെ മോചനദ്രവ്യം കൂടാതെ ഒന്നിച്ച് സ്വതന്ത്രരാക്കി. ഈ കാരണംകൊണ്ട് തന്നെ ഹദ്റത്ത് ആയിശ(റ) ഇങ്ങനെ പറയുമായിരുന്നു: ജുവൈരിയ തന്റെ ജനതയ്ക്ക് വളരെ അനുഗ്രഹീതയായി മാറി.

തിരുനബി(സ) ഈ യുദ്ധത്തിൽ നിന്ന് വിജയശ്രീലാളിതനായി മദീനയിൽ തിരിച്ചെത്തി. മൊത്തം 28 ദിവസം നബി(സ) മദീനക്ക് പുറത്തായിരുന്നു.

ബനൂമുസ്തലിഖ് ഗസ്വയിൽ നിന്ന് തിരിച്ചുവരുമ്പോൾ മുനാഫികീംങ്ങളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ കാപട്യം പ്രത്യക്ഷത്തിൽ പ്രകടമായിരുന്നു. ഒരിക്കൽ അബ് ദുല്ലാഹ് ബിൻ ഉബയ്യ് തന്റെ ഗോത്രക്കാരെ ഖുറൈശികൾക്കും റസൂലുല്ലാഹ്(സ)നും എതിരിൽ ഇളക്കി വിടാൻ ശ്രമിക്കുകയാണ്. മദീനയിലെത്തിയാൽ അവിടെ ഏറ്റവും ബഹുമാന്യനായ വ്യക്തി ഏറ്റവും നിന്ദ്യനായ വ്യക്തിയെ മദിനയിൽനിന്ന് പുറത്താക്കുന്നതാണെന്നുപോലും അയാൾ പറഞ്ഞത് കേട്ടപ്പോൾ അവിടെയുണ്ടായിരുന്ന ഹദ്റത്ത് സൈദ് ബിൻ അർഖം തന്റെ ആത്മരോഷം പ്രകടിപ്പിച്ചു. അബ്ദുല്ലാഹ് ബിൻ ഉബയ്യിനെ എതിർത്തുകൊണ്ട് പറഞ്ഞു: അല്ലാഹുവാണെ നീ തന്നെയാണ് സമൂഹത്തിൽ ഏറ്റവും നിന്ദ്യൻ. സൈദ് ബിൻ അർഖം ഈ എല്ലാ കാര്യങ്ങളും കേട്ടശേഷം നബി(സ)ന്റെ സവിധത്തിലെത്തി കാര്യങ്ങളെല്ലാം കേൾപ്പിച്ചു. റസൂലുല്ലാഹ്(സ)ന് സൈദ് പറഞ്ഞത് ഇഷ്ടമായില്ല. (നബി(സ) ചോദിച്ചു:) മോനെ നിനക്ക് ഇബ്നു ഉബയ്യിനോട് വല്ല വിരോധവുമുണ്ടോ.

അതിനുശേഷം സ്വന്തമായോ ആരുടെയെങ്കിലും പ്രേരണകൊണ്ടോ അബ്ദുല്ലാഹ് ബിൻ ഉബയ്യ് നബി(സ)ന്റെ അടുക്കൽ വരികയും സൈദ് പറഞ്ഞതെല്ലാം തെറ്റാണെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുകയും ചെയ്തതായി ഹദീസുകളിൽ കാണാം.

അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞതായി തിരുനബി(സ)യും കരുതിയിരുന്നു. അതിനുശേഷം, തിരുനബി(സ) തിരിച്ചുപോകാൻ കൽപ്പന നൽകുകയും അൻസാർ നേതാക്കളിൽ ചിലരുടെ അന്വേഷണത്തിൽ ഇപ്രകാരം പറയുകയും ചെയ്തു. നിങ്ങളുടെ കൂട്ടുകാരൻ എന്താണ് പറഞ്ഞതെന്ന് നിങ്ങൾക്കറിയില്ലേ, അതായത്, മദീനയിലെത്തിയിട്ട് ഏറ്റവും മാന്യനായ വ്യക്തി ഏറ്റവും നിന്ദ്യനായ വ്യക്തിയെ മദിനയിൽനിന്ന് പുറത്താക്കുന്നതാണ്. അതിൽ ആത്മാർത്ഥരായ അൻസാർ സ്വഹാബികൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ,(സ) തീർച്ചയായും അവിടുന്ന് ഏറ്റവും ആദരണീയനാണ്, എല്ലാ ബഹുമതിയും അല്ലാഹുവിനും അവന്റെ ദൂതനുമാണ്. അവിടുന്ന് ആഗ്രഹിക്കുന്നെങ്കിൽ, അബ്ദുല്ലാഹ് ബിൻ ഉബയ്യ്നെ നഗരത്തിൽനിന്ന് പുറത്താക്കുന്നതാണ് അല്ലെങ്കിൽ അയാളോട് സൗമ്യമായി പെരുമാറുന്നതാണ്.

അബ്ദുല്ലാഹ് ബിൻ ഉബയ്യ് പറഞ്ഞതിനെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറഞ്ഞതിന്റെ വിശദാംശങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിശദീകരിക്കുന്നതാണ്.

അടുത്ത വെള്ളിയാഴ്ച ഇൻശാ അല്ലാഹ് ബ്രിട്ടന്റെ വാർഷിക സമ്മേളനം ആരംഭിക്കുന്ന താണ്. അതിനുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹു എല്ലാവിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. ഉന്നത ധാർമികതയോടും ത്യാഗമനോഭാവത്തോടുംകൂടി തങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കാൻ എല്ലാ പ്രവർത്തകന്മാർക്കും തൗഫീഖ് നൽകുമാറാകട്ടെ. വന്ന അതിഥികളെയു യാത്ര ചെയ്യുന്നവരേയും എല്ലാം അല്ലാഹു അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് 3 മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

(ശേഷം പേജ് 38 ൽ)

ലേഖനം

# ദിവ്യഭാഷണം: ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം

ദൈവവുമായി മനുഷ്യനുള്ള സജീവ ബന്ധത്തിന്റെ ഉത്തമ നിദർശനമാണ് വെളിപാടുകൾ. ഇസ്‌ലാം മതത്തിൽ ഈ ബന്ധം സാധ്യമാണ്.

**ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ്** عليه السلام

പ്രാഥമിക വസ്തുതകളെ സംബന്ധിച്ച് ഒരു പരിധിവരെ ഗ്രഹിക്കാനാണ് ദൈവം മനുഷ്യന്റെ പ്രകൃതിയിൽ യുക്തിജ്ഞാനം നിക്ഷേപിച്ചിട്ടുള്ളത്. അതേപ്രകാരം ദൈവം മനുഷ്യരിൽ ദൈവിക വെളിപാടുകൾ സ്വീകരിക്കുന്നതിനുള്ള ഗുപ്തമായ കഴിവും നിക്ഷേപിച്ചിരിക്കുന്നു. യുക്തിജ്ഞാനം അതിന്റെ പരമാവധിയിൽ വന്നു നിൽക്കുമ്പോൾ സർവ്വശക്തനായ ദൈവം തന്റെ സച്ചരിതരായ ദിവ്യാത്മാക്കൾക്ക് ഗ്രഹണശക്തിക്ക് പൂർണ്ണത കൈവരിക്കാനും ദൃഢജ്ഞാനം ആർജ്ജിക്കാനും അവരെ ദിവ്യഭാഷണങ്ങളിലൂടേയും ആത്മീയ ദർശനങ്ങളിലൂടെയും നേർമാർഗത്തിലേക്ക് നയിക്കുന്നു. യുക്തിജ്ഞാനത്തിന് എത്തിച്ചേരാൻ സാധ്യമല്ലാത്ത മേഖലയിൽ ദിവ്യവെളിപാടുകളിലൂടെയും ആത്മീയ ദർശനത്തിലൂടെയും എത്തിച്ചേരാവുന്നതാണ്. ഇതു മുഖേന സത്യാന്വേഷികൾ നിശ്ചയജ്ഞാനം പ്രാപിക്കുന്നു. ഇത് അല്ലാഹുവിന്റെ മാർഗവും സമ്പ്രദായവുമാണ്. ഈ മാർഗ്ഗേണയാണ് സന്മാർഗത്തിലേക്ക് നയിക്കാൻ ഭൂമുഖത്ത് പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടത്. ഈ മാർഗേണ ചരിക്കാതെ ഒരാൾക്കും തന്നെ യഥാർത്ഥ രൂപത്തിലുള്ളതും പരിപൂർണവുമായ ജ്ഞാനഗ്രഹണം സാധ്യമല്ല. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, ഏതൊക്കെ ജ്ഞാനങ്ങളാണ് വെളിപ്പെടുന്നത് ആ ജ്ഞാനങ്ങളെല്ലാം യുക്തിജ്ഞാനത്തിലൂടെ വെളിപ്പെടുത്താനാവുമെന്ന് ശുഷ്ക്കനായ ഒരു തത്ത്വജ്ഞാനി ധൃതിയോടെ ആഗ്രഹിക്കുന്നു. എന്നാൽ യുക്തിജ്ഞാനത്തിന് അതിന്റെ ശക്തിയിൽ കവിഞ്ഞ ഭാരം വഹിക്കാൻ സാധ്യമല്ല എന്ന കാര്യം അയാൾക്കറിയില്ല. അതിന്റെ കഴിവിന്റെ പരിധിയിൽ കവിഞ്ഞൊരു ചുവട് യുക്തിജ്ഞാനത്തിന് വെക്കാനും സാധ്യമല്ല. മനുഷ്യനെ അവന്റെ അഭിലഷിതമായ അതിവിശിഷ്ട യോഗ്യതയിലേക്കെത്തിക്കാൻ ദൈവം അവനിൽ യുക്തിജ്ഞാനത്തിന്റെ കഴിവുകൾ മാത്രമല്ല വെളിപാടുകളും ദിവ്യദർശനങ്ങളും സ്വീകരിക്കാനുള്ള കഴിവും നൽകിയിരിക്കുന്നു എന്ന കാര്യത്തെപ്പറ്റി അയാൾ ചിന്തിക്കുന്നില്ല. ദൈവത്തെ തിരിച്ചറിയാൻ മനുഷ്യന് അവന്റെ സമ്പൂർണ്ണ ജ്ഞാനത്താൽ നൽകപ്പെട്ട വരദാനങ്ങളിൽ നിന്നും പ്രാഥമികോപാധികൾ മാത്രം ഉപയോഗിക്കുകയും ബാക്കിയുള്ള ജ്ഞാനോപാധികളെസ്സംബന്ധിച്ച് അജ്ഞനായിരിക്കുകയും ചെയ്യുക എന്നത് ദൗർഭാഗ്യത്തിന്റെ ആഴത്തെ കാണിക്കുന്നു. അത്തരം കഴിവുകൾ ഉപയോഗിക്കാതെയും അതിൽനിന്ന് ഫലമെടുക്കാതെയും അതിനെ വ്യഥാവിലാക്കുന്നത് വിഡ്ഢിത്തമാണ്. വെളിപാടുകൾ ലഭിക്കുന്ന കഴിവുകൾ ഉപയോഗിക്കാതെ അതിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നുവെങ്കിൽ അയാൾ യഥാർത്ഥത്തിലുള്ള ഒരു തത്വജ്ഞാനിയല്ല. ആയിരക്കണക്കിന് സാത്വികരും സത്യജ്ഞാനം ലഭിച്ച എല്ലാ മനുഷ്യരും പരിപൂർണ ജ്ഞാനത്തിൽ എത്തിച്ചേർന്നത് വെളിപാടുകളുടെ ഉപാധികളിലൂടെയാണെന്നത് ഈ കഴിവിനെ സത്യാപനം ചെയ്യുന്നു. *(സുർമെ ചശ്മെ ആര്യ-പേജ് 39-42)*

### പ്രവാചകന്മാരല്ലാത്തവർക്കും വെളിപാടുകൾ ലഭിക്കുന്നു.

ചില അല്പജ്ഞാനികളായ മത പണ്ഡിതന്മാർ അവരുടെ വാദങ്ങളിൽ അതിരുകടക്കുന്നു. എത്രത്തോളമെന്നാൽ വെളിപാടുകളുടെ വാതിലുകളെല്ലാം അടഞ്ഞു പോയിരിക്കുന്നുവെന്നും വിശ്വാസത്തിൽ പൂർണത പ്രാപിക്കുകയും ആ അനുഗൃഹീത വിശ്വാസത്താൽ സാത്വിക ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിമിന് പോലും ആ വാതിലുകൾ തുറക്കപ്പെടുകയില്ല എന്നും വാദിക്കുന്നു. ഈ ദിവ്യാനുഗ്രഹം കരഗതമാക്കി വിശ്വാസത്തെ പരിപൂർണ്ണമാക്കുകയും പിന്നീട് ആ വിശ്വാസത്തിന്റെ ആകർഷണത്തിൽ സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുക എന്നത് ഈ ഉമ്മത്തിന്റെ വിധിയിൽപ്പെട്ടതല്ല എന്നും അവർ അവകാശപ്പെടുന്നു.

ഇങ്ങനെ ചിന്തിക്കുന്ന ആളുകൾക്കുള്ള മറുപടി ഇതാണ്. അത്തരത്തിൽ മുസ്‌ലിംകൾ നിർഭാഗ്യവാന്മാരും, അന്ധരും നികൃഷ്ടരുമായ ജനതയാണെങ്കിൽ എന്തിനാണ് പിന്നെ ദൈവം അവർക്ക് ഉത്കൃഷ്ട സമുദായം എന്ന പേരുവെച്ചത്. സത്യമിതാണ് അവരെക്കുറിച്ച് അവർ സ്വയം അങ്ങിനെ കരുതുന്നുവെങ്കിൽ അവർ വിഡ്ഢികളും മൂഢന്മാരുമാണ്. സർവ്വശക്തനായ അല്ലാഹു മുസ്‌ലിംകൾക്ക് പഠിപ്പിച്ച സൂറ: ഫാത്തി

ഹായിലെ പ്രാർഥനയിൽ പ്രവാചകന്മാർക്ക് നൽകിയ അനുഗ്രഹങ്ങൾ മുസ്‌ലിംകളുടെ മേലും ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതിൽ പറയപ്പെടുന്നത്, ദിവ്യത്മാക്കൾക്ക് അരുളപ്പെട്ട ദിവ്യഭാഷണങ്ങാകുന്ന അനുഗ്രഹങ്ങൾ മറ്റെല്ലാ അനുഗ്രഹങ്ങളുടെയും സ്രോതസ്സാണ് എന്നാണ്. ദൈവം നമ്മെ ഈ പ്രാർത്ഥന പഠിപ്പിച്ചതു മുഖേന വഞ്ചിക്കുകയായിരുന്നോ. ഇസ്രായേൽ സ്ത്രീകളേക്കാൾ പ്രയോജനരഹിതരും പതിതരുമായ ഒരു ജനതക്ക് എന്ത് നന്മയാണ് പിന്നെ അവശേഷിക്കുന്നത്.

മൂസാ നബി(അ)യുടെ മാതാവും ഈസാ നബി(അ)യുടെ മാതാവും പ്രവാചകന്മാരായിരുന്നില്ല എന്നത് സുവിദിതമാണല്ലോ. എന്നിട്ടും അവർ ദൈവത്തിൽ നിന്നുള്ള ഭാഷണങ്ങളാൽ അനുഗൃഹീതരായിരുന്നു. ഒരു മുസ്‌ലിം അയാൾ ഇബ്രാഹിം നബി(അ)യെപ്പോലെ പരിശുദ്ധാത്മാവായാലും, അല്ലാഹുവിനോടുള്ള അനുസരണത്താൽ തന്റെ അഹംബോധത്തിൽ നിന്ന് സമ്പൂർണ്ണമായി മോചിതനായാലും, ദൈവത്തോടുള്ള അനുരക്തിയിൽ ദൈവത്തിൽ സമ്പൂർണ്ണനായി ലയിച്ചാലും മൂസാനബി(അ) യുടെ മാതാവിനെപ്പോലെ ദിവ്യഭാഷണങ്ങളുടെ സ്വീകർത്താവാകാൻ കഴിയില്ല എന്ന് ഒരു മുസ്‌ലിമിന് സങ്കൽപ്പിക്കാനാവുമോ. ഏതെങ്കിലും യുക്തിബോധമുള്ള മനുഷ്യൻ ഇത്തരത്തിലുള്ള ലുബ്ധ് ദൈവത്തിൽ ആരോപിക്കുമോ. *ലഅ്നത്തുല്ലാഹി അലൽ കാദിബീൻ* എന്നല്ലാതെ ഞങ്ങളെന്തു പറയുവാനാണ്.

സത്യമിതാണ്. ഈ ആളുകൾ ഭൂമിയുടെ കീടങ്ങളായി മാറുമ്പോൾ ഇസ്‌ലാമിന്റെ ചിഹ്നങ്ങളായി അവശേഷിക്കുന്നത് അവരുടെ തലപ്പാവും, താടിയും, ചേലാകർമ്മവും, ചില വാഗ്ധാടിയും, ബാഹ്യമാത്രമായ നമസ്കാരങ്ങളും, വ്രതാനുഷ്ഠാനവും മാത്രമാണ്. ദൈവം അവരുടെ ഹൃദയ ചൈതന്യം കെടുത്തിക്കളഞ്ഞിരിക്കുന്നു. ആയിരക്കണക്കിന് അന്ധകാരത്തിന്റെ തിരസ്കരണികൾ കൊണ്ട് അവരുടെ നയനങ്ങൾ ആവൃതമാണ്. ആത്മീയ ജീവിതത്തിന്റെ വിചാരങ്ങൾ അവർക്ക് വിനഷ്ടമായി. അതുകൊണ്ട് അവർ ദൈവഭാഷണത്തിന്റെ സാധ്യതയെ നിഷേധിക്കുന്നു. സത്യത്തിന്റെ ഈ നിഷേധം വാസ്തവത്തിൽ ഇസ്‌ലാമിന്റെ നിഷേധവുമാണ്. അവരുടെ ഹൃദയം മൃതപ്പെട്ട നിലയിൽ അവർക്ക് അവരുടെ ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ സാക്ഷാൽക്കരിക്കാൻ സാധ്യമല്ല. *(സമീമ ബറാഹീനെ അഹ്മദിയ്യാ, ഭാഗം 5 പേജ് 142-143)*

അല്ലയോ മുസ്‌ലിംകളെ, ജാഗരൂഗരാകുവിൻ, അത്തരം ചിന്തകൾ തികച്ചും അജ്ഞതയും വിഡ്ഢിത്തവുമാണ്. ഇസ്‌ലാം അത്തരത്തിലുള്ള ഒരു മൃതിപ്പെട്ട മതമാണെങ്കിൽ ഏതൊരു സമുദായത്തെയാണ് നിങ്ങൾക്ക് അതിലേക്ക് ക്ഷണിക്കാൻ കഴിയുക. ഈ മതത്തിന്റെ മൃതശരീരം നിങ്ങൾ ജപ്പാനിലേക്ക് കൊണ്ടുവരുമോ. അത് നിങ്ങൾ യൂറോപ്പിൽ സമർപ്പിക്കുമോ. അനുഗ്രഹങ്ങളും ആത്മീയതയും അപഹൃതമായ ഭൂതകാലത്തിലെ മറ്റു മതങ്ങളെപ്പോലെ മൃതിപ്പെട്ട ഒരു മതത്തോട് അനുരക്തി കാട്ടാൻ മാത്രം വിഡ്ഢിത്തം ആർക്കാണുള്ളത്. അത്തരം മതങ്ങളിൽ സ്ത്രീകൾക്കുപോലും ദിവ്യഭാഷണങ്ങൾ ലഭിച്ചിരുന്നു. അതായത് മൂസാനബി(അ)യുടെ മാതാവിനും ഈസാനബി(അ)യുടെ മാതാവിനും വെളിപാടുകൾ ലഭിച്ചിരുന്നു. പക്ഷേ നിങ്ങൾ പുരുഷന്മാരായിരുന്നിട്ടുപോലും ആ സ്ത്രീകൾക്ക് തുല്യരല്ല. അല്ലയോ മൂഢന്മാരും അന്ധന്മാരുമായവരേ, നമ്മുടെ യജമാനനും, പ്രഭുവുമായ പരിശുദ്ധ നബിയുടെ(സ) അദ്ധ്യാത്മിക പ്രഭാവം മറ്റെല്ലാ പ്രവാചകന്മാരേക്കാളും ഉയർന്നുനിൽക്കുന്നു. മറ്റു പ്രവാചകന്മാരുടെ അദ്ധ്യാത്മിക പ്രഭാവം ഒരു പരിധി കഴിഞ്ഞാൽ അസ്തമിക്കുന്നു. ഇപ്പോൾ ആ മതങ്ങളും ആ സമുദായങ്ങളും മൃതപ്രായരാണ്. ആ മതങ്ങളിൽ ജീവചൈതന്യമില്ല. പക്ഷേ, പരിശുദ്ധ നബി(സ)യുടെ ആത്മീയ പ്രഭാവം വിധിനാൾ വരെ നിലനിൽക്കുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ജനതക്ക് പുറമെ നിന്നും മസീഹ് വരേണ്ട ആവശ്യമില്ല. പരിശുദ്ധ നബി(സ)യുടെ ഛായയിൽ വളർത്തപ്പെട്ടാൽ വിനീതനായ ഒരാളെപ്പോലും മസീഹായി പരിവർത്തിപ്പിക്കാൻ സാധിക്കും. ഈ വിനീതന് സംഭവിച്ചത് അതാണ്. *(ചശ്മെ മസീഹി പേജ് 75)*



**ലേഖനം**

# ന്യൂക്ലിയർ ഹോളോകാസ്റ്റ്

ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകളെ എങ്ങനെ വധിക്കാം എന്ന പൈശാചികമായ പരീക്ഷണങ്ങളുടെ അതിഭയാനകമായ ഒരു ഉൽപന്നമാണ് ന്യൂക്ലിയർ ബോംബ്. കാലത്തേയും ദേശത്തേയും അതിവർത്തിച്ച് അത് നാശം വിതക്കുന്നു. തിന്മയുടെയും ഭൗതികമായ അത്യാർത്തിയുടെയും പാതയിൽ പരസ്പരം മത്സരിക്കുന്ന ലോക വൻശക്തികളുടെ സർവ്വനാശത്തിനു ഹേതുവായി മാറാവുന്ന നാരകീയമായ ന്യൂക്ലിയർ ആയുധം അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഹിരോഷിമയിൽ ബോംബ് വർഷിച്ചതിന്റെ സ്മരണ പുതുക്കാൻ ലോകം ആഗസ്ത് 6 ന് ഹിരോഷിമാ ദിനമായി ആചരിക്കുന്നു.


## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ؒ

**ഖലീഫത്തുൽ മസീഹ് നാലാമൻ**


നമ്മുടെ കാലഘട്ടത്തിലെ കണ്ടുപിടിത്തങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട ഖുർആനിക പ്രവചനങ്ങളിൽ ചിലത് അസാധാരണമാം വിധം പ്രാധാന്യമുള്ളതും ആഗോളതലത്തിൽ പ്രസക്തങ്ങളുമാണ്. അത്തരത്തിൽപ്പെട്ട ഒന്നാണ് ആസന്നമായ ആണവകൂട്ടഹത്യ (ന്യൂക്ലിയർ ഹോളോകാസ്റ്റ്).

അണുവിസ്ഫോടനത്തെപറ്റി മനുഷ്യന്റെ ഭാവനയിൽ പോലും ചിന്തിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഈ പ്രവചനം ഉണ്ടായത്. എന്നാൽ, നാമിവിടെ വിവരിക്കാൻ പോവുന്നത് സൂക്ഷ്മകണങ്ങളെ സംബന്ധിച്ച് പറഞ്ഞ ഖുർആൻ ആയത്തിനെ കുറിച്ചാണ്. നരകത്തിലെ തീ, സൂക്ഷ്മകണങ്ങളിൽ ഉള്ളടക്കം ചെയ്തത്പോലെ അപാരമായ ഊർജ്ജത്തിന്റെ സംഭരണശാലയായി സൂക്ഷ്മ കണങ്ങളെ ഈ ഖുർആൻ ആയത്തിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നു. അത് കാണുമ്പോൾ അത്ഭുതപ്പെട്ടുപോകും. താഴെ കാണുന്ന വചനങ്ങളിൽ അക്ഷരാർത്ഥത്തിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്


പരദൂഷകനും അപവാദം പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിച്ചുവെക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവൻ. തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല അവൻ 'ഹുത്വമ'യിൽ എറിയപ്പെടുന്നതാണ്. ആ 'ഹുത്വമ' എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെയുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. അവർക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതായിരിക്കുമത്.

ഈ കൊച്ചു ഖുർആനികാദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന അമ്പരപ്പിക്കുന്ന പ്രസ്താവനകൾ അക്കാലത്തെ ജനങ്ങളുടെ ഗ്രാഹ്യശക്തിക്ക് എത്രയോ അകലെയാണ്. കൗതുകകരമായിട്ടുള്ള കാര്യം, ചില വിവരണങ്ങളിൽ പാപികളായ ആളുകൾ 'ഹുത്വമ'യിൽ എറിയപ്പെടുന്നതായിട്ടാണ് വർണ്ണിച്ചിട്ടുള്ളത്. 'ഹുത്വമ' എന്നാൽ അരണ്ട വെളിച്ചമുള്ള ഒരു മുറിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെ ഒരു കിരണത്തിൽ നാം കാണുന്ന ചെറിയ സൂക്ഷ്മമായ പൊടിയാണ്. അതിൽ എറിയുമെന്നാണ് വിവരണം.

ആധികാരികമായ അറബി ശബ്ദകോശങ്ങൾ 'ഹുത്വമ'ക്ക് രണ്ട് വിധത്തിലുള്ള ധാത്വാർത്ഥങ്ങളുണ്ടെന്ന് പറയുന്നു. അതിൽ 'ഹത്വമഃ' എന്നതിന്റെ അർത്ഥം പൊടിക്കുക (To Pound) അല്ലെങ്കിൽ അതിസൂക്ഷ്മ കണങ്ങളാക്കി ധൂളികരിക്കുക (Pulverize into extreamely small particles). രണ്ടാമത്തേത് 'ഹിത്വമഃ' എന്നാണ്. ഏറ്റവും സൂക്ഷ്മമായ നിസ്സാരമായ ചെറു കണിക എന്നാണ് അർത്ഥം. ഹിത്വമഃ എന്നത് ഏതെങ്കിലും ഒരു വസ്തുവിനെ ഏറ്റവും ചെറിയ ഘടകങ്ങളാക്കി മാറ്റുമ്പോൾ ഉണ്ടാവുന്ന സൂക്ഷ്മകണം എന്നാണർത്ഥം.

വിഭജിക്കാൻ കഴിയാത്ത വിധത്തിലെത്തുന്ന ഏതൊരു വസ്തുവിന്റേയും ഏറ്റവും ചെറിയ ഘടകത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാവുന്ന രണ്ടർത്ഥങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ ആറ്റത്തിന്റെ യാതൊരു സങ്കൽപവും ജന്മം കൊണ്ടിരുന്നില്ല. ആറ്റം എന്ന സങ്കൽപത്തിന് പകരം നിൽക്കാൻ പറ്റിയ ഏറ്റവും അടുത്ത പദമാണ് ഹുത്വമഃ. മനുഷ്യൻ ഹുതമയിൽ വലിച്ചെറിയപ്പെടും എന്ന വാദത്തിലെ ആഘാതത്തിൽ നിന്ന് കഷ്ടിച്ച് മുക്തനായി വരുമ്പോൾ അതിനേക്കാൾ അമ്പരപ്പിക്കുന്ന മറ്റൊരു അവകാശവാദമാണ് കാണുന്നത്.

ഹുത്വമഃയെപറ്റി വിശുദ്ധ ഖുർആൻ വിവരിക്കുമ്പോൾ അതിൽ അടക്കം ചെയ്ത ജ്വലിക്കുന്ന അഗ്നിയെക്കുറിച്ചും നീണ്ട സ്തംഭങ്ങളിൽ അത് ബന്ധിക്കപ്പെട്ടതിനെക്കുറിച്ചുമാണ് സംസാരിക്കുന്നത്. മനുഷ്യൻ ഇതിലേക്ക് എറിയപ്പെടുമ്പോൾ ഈ അഗ്നി അവന്റെ ഹൃദയത്തിൽ നേരിട്ടു പതിക്കുമെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്.



ഹൃദയത്തെ പൊതിഞ്ഞുകൊണ്ടുള്ള ഒരു അസ്ഥിപഞ്ചരം ഇല്ലാത്തത് പോലെയാണ് അത് ഹൃദയത്തെ ബാധിക്കുന്നത്. ഈ അഗ്നി തികച്ചും വ്യത്യസ്ത സ്വഭാവത്തോടുകൂടിയ ഒന്നാണെന്നാണ് ഇത് അർത്ഥമാക്കുന്നത്. അത് ശരീരത്തെ പൊള്ളിക്കുന്നതിന് മുമ്പേ ഹൃദയത്തെ കൊല്ലുമെന്നാണ്. തീർച്ചയായും അത്തരത്തിലുള്ള ഒരഗ്നിയെക്കുറിച്ച് അക്കാലത്തെ ജനങ്ങൾക്ക് അറിവുണ്ടായിരിക്കയില്ല.

ഇത് മാത്രമല്ല ഈ വിവരണത്തിൽ അത്ഭുതപ്പെടാനുള്ളത്. അതിന്ശേഷം പറയുന്നത് അതിനേക്കാൾ അത്ഭുതകരമാണ്. ഈ അഗ്നി നീണ്ട സ്തംഭങ്ങളിൽ അടച്ചുപൂട്ടിയിട്ടിരിക്കുകയാണെന്നും അത് കെട്ടഴിച്ചു വിടപ്പെടുന്ന സമയം ആഗതമായാൽ മനുഷ്യനുമേൽ ചാടി വീഴാൻ അത് കാത്തിരിക്കുകയാണെന്നും ഈ വചനം പറയുന്നു.

ഇത്തരത്തിൽ ലളിതമായ വചനങ്ങളിൽ അത്ഭുതത്തിനുമേൽ അത്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ്. ആദ്യത്തെ പ്രഖ്യാപനമിതാണ്. മനുഷ്യൻ ഏറ്റവും ചെറിയ സൂക്ഷ്മ കണികയിലേക്കെറിയപ്പെടുന്ന ഒരു കാലം വരും. അതിനുശേഷം ആ ചെറുകണികയെക്കുറിച്ചും അതിലടങ്ങിയിരിക്കുന്നതിനെപറ്റിയുമുള്ള വിവരണമാണ്. അതിലടങ്ങിയിരിക്കുന്നത് ഒരു തരത്തിലുള്ള അഗ്നിയാണ്. അത് നീളമുള്ള സ്തംഭങ്ങളെ പോലെ പ്രത്യക്ഷമാവുന്നു. സൂക്ഷ്മമായ പാത്രങ്ങളിലാണ് അത് അടക്കിയിരിക്കുന്നത്.

ഈ സൂക്ഷ്മമായ കണികയിലേക്ക് മനുഷ്യനെ എറിയുമെന്നതിന്റെ അർത്ഥം ഒരു മനുഷ്യനെ അതിൽ എറിയുമെന്നല്ല. മനുഷ്യൻ എന്ന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരു വർഗ്ഗത്തിന്റെ പൊതു നാമം എന്ന നിലക്കാണ്. 'എറിയുക' എന്നതിന്റെ സൂചന മനുഷ്യന് വന്നുഭവിക്കുന്ന നാശത്തെ സംബന്ധിച്ചാണ്. അളവറ്റ ഊർജ്ജം സംഭരിച്ചുവെച്ചിരിക്കുന്ന ആറ്റത്തിന്റെ രഹസ്യം മനുഷ്യൻ കണ്ടെത്തിയ ഈ കാലഘട്ടത്തിലാണ് ഇതിന്റെ അർത്ഥം ഗ്രഹിക്കാൻ സാധിക്കുന്നത്. ഒരു ചെറിയ കണത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന അഗ്നി പുറത്തേക്ക് വമിക്കുകയും ആയിരക്കണക്കിന് മൈൽ വിസ്തീർണ്ണമുള്ള വിശാലമായ ഭൂപ്രദേശങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കാലഘട്ടമിതാണ്. മനുഷ്യനേയും മറ്റെല്ലാ വസ്തുക്കളേയും ഉൾപ്പെടെ അതിന് എത്തിപ്പെടാൻ കഴിയുന്നിടംവരെയുള്ള എല്ലാറ്റിനെയും അത് വിഴുങ്ങുന്നു, പതിനാല് നൂറ്റാണ്ടുകൾക്ക്മുമ്പേ അയഥാർത്ഥമായി കണ്ടിരുന്നതെന്തൊന്നാണോ അത് ചെറിയ കുട്ടികൾക്ക്പോലും സുപരിചിതമായ ഒരു യാഥാർത്ഥ്യമായി കഴിഞ്ഞു.

അത്ഭുതങ്ങളുടെ അത്യധികം അതിശയോക്തി കലർന്ന പ്രയോഗങ്ങൾ ഈ പ്രവചനത്തിന്റെ മഹത്വത്തോട് നീതി ചെയ്യുന്നതല്ല. ആ കാലത്തുള്ള ജനങ്ങൾക്ക് 'അൽ ഹുമസ' എന്ന ഈ സൂറത്തി (അദ്ധ്യായം) ന്റെ പ്രാധാന്യം തിരിച്ചറിയുവാൻ സാധിച്ചില്ല എന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അല്ലെങ്കിൽ അത് അവരുടെ ഹൃദയത്തെ ബാധിക്കുന്നതിനേക്കാൾ അവരുടെ മതത്തേയും വിശ്വാസത്തേയുമാണ് ബാധിച്ചത്

എന്ന് പറയാം. അത്ഭുതകരമായ ഈ പ്രസ്താവന അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതും വെല്ലുവിളിക്കപ്പെടാതിരുന്നതും എങ്ങനെയെന്നത് യുക്തിക്കതീതമാണ്. ഈ ലോകത്തെ സംഭവങ്ങളുമായി ബന്ധമുള്ളതല്ല അതെന്നും പരലോകത്തെ നിഗൂഢാത്മകമായ അജ്ഞാത മേഖലയുമായി ബന്ധപ്പെട്ടതായിരിക്കാമെന്നുമുള്ള വിശ്വാസത്തിൽ അവർ അഭയം തേടിയതായിരിക്കാം. നിരവധി ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനങ്ങളെ വിശദീകരിക്കാൻ ശ്രമിക്കാതെ തീർത്തും ഒഴിവാക്കുകയായിരുന്നു. ചിലർ ഈ വചനത്തെ വ്യാഖ്യാനിക്കുന്നതിലെ വെല്ലുവിളി ഏറ്റെടുത്തു. ഈ വചനത്തിലെ പ്രതിപാദ്യം പുനരുത്ഥാനനാളിൽ സംഭവിക്കേണ്ടതാണെന്ന്പറഞ്ഞ് ബോധപൂർവ്വം ഈ ഭാരം ഇറക്കിവെക്കുകയുണ്ടായി. അത് പൂർണ്ണമായും അജ്ഞാത മേഖലക്ക് വിട്ടുകൊടുത്തുകളഞ്ഞു.

ഖുർആന്റെ പാശ്ചാത്യ വിവർത്തകരിൽ സെയിൽ* 'ഹുത്വമ' എന്ന പദം എങ്ങനെ അക്ഷരാർത്ഥത്തിൽ വിവർത്തനം ചെയ്യണമെന്നറിയാതെ കുഴങ്ങിയിരുന്നു. അദ്ദേഹം 'അൽഹുത്വമ' എന്ന പദം വിവർത്തനം ചെയ്യാതെ കുറേ ആളുകളെ ഹുത്വമയിൽ പിടിച്ചു തള്ളും എന്ന് മാത്രം വിവർത്തനം ചെയ്യുകയുണ്ടായി. ഈ വിവർത്തനം ഇംഗ്ലീഷ് വായനക്കാരിൽ യാതൊരു അപകടവും വരുത്തിയില്ല. ജനങ്ങളെ ഏറ്റവും ചെറിയ കണികയിലേക്ക് പിടിച്ചെറിയപ്പെടും എന്ന വിവർത്തനത്തിലെ അസംഭാവ്യതയെ അതുകൊണ്ട് അവർക്ക് അവിശ്വസിക്കേണ്ടിവന്നില്ല. അവർക്ക് ഹുത്വമ എന്നതിനെ സംബന്ധിച്ച് യാതൊന്നുമറിയാത്തതിനാൽ വലിയ ഒരു മുറി നിറയെ ജ്വലിക്കുന്ന അഗ്നിയായിരിക്കാം ഹുത്വമ (ചെറു കണിക) എന്നതിനർത്ഥം എന്ന് ഭാവന കൊള്ളാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. സെയിലിന്റെ ഈ തന്ത്രം ഇത് വിവർത്തനം ചെയ്യുന്നതിന്റെ ബുദ്ധിമുട്ടിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അതേസമയം ഈ അത്ഭുതകരമായ പ്രവചനത്തോട് നീതി പുലർത്തുന്നതിൽ അദ്ദേഹം പരാജയപ്പെടുകയുണ്ടായി.

ഈ വചനത്തിൽ വിവരിക്കപ്പെട്ട അഗ്നി അത് ഭൂമിയിലെ ജ്വലിക്കുന്ന അഗ്നിയോ അല്ലെങ്കിൽ പരലോകത്തെ ആളിക്കത്തുന്ന അഗ്നിയോ ആയാലും ഒരിക്കലും തന്നെ അതിനെ സൂക്ഷ്മമായ കണികക്കുള്ളിലാക്കാൻ കഴിയില്ല. മറ്റു ഖുർആൻ ഭാഷ്യകാരൻമാരെ പോലെ സെയിൽ അഭിമുഖീകരിച്ച പ്രശ്നം ഇത് മാത്രമായിരുന്നില്ല. നീട്ടിയ സ്തംഭങ്ങളിൽ അടച്ചുപൂട്ടിയ അഗ്നി എന്നാൽ എന്താണ്? ആധുനിക കാലത്ത് ആറ്റംയുഗം ആവിർഭവിച്ചതിന് ശേഷമല്ലാതെ മനസ്സിലാക്കാൻ കഴിയാത്ത ഒരു വചനമാണിത്. ഈ വചനത്തെക്കുറിച്ച് അവർ എന്തായിരുന്നു മനസ്സിലാക്കിയത്? ഇപ്പോഴാണ് ഈ ജിഗ്സോ പസിൾ (Jigsaw puzzle- –ചിത്രത്തിന്റെ കഷണങ്ങൾ യോജിപ്പിച്ച് ചിത്രം പൂർണ്ണമാക്കുന്ന കളി) ശരിയായ സ്ഥലത്ത് ശരിയായ കഷണങ്ങൾ ചേർത്തുവെച്ച് കൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെട്ടത്.

ഒരു ആറ്റം വിസ്ഫോടനം എങ്ങനെയാണ് സംഭവിക്കുക എന്നും അതിലെ ന്യൂക്ലിയർ മാസി (Nuclear Mass)ൽ എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുക എന്നതിനെ സംബന്ധിച്ചുമുള്ള ശാസ്ത്രീയ വിവരണങ്ങളെ സംബന്ധിച്ച് പരിചയമില്ലാത്ത ഒരാൾക്ക് 'നീട്ടപ്പെട്ട സ്തംഭങ്ങൾ' എന്ന ഖുർആനിക പ്രയോഗത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയാതെ വരും. ന്യൂക്ലിയർ വിദഗ്ദ്ധൻമാർ ആറ്റം വിസ്ഫോടനം സംഭവിക്കാനാവശ്യമായ ക്രിറ്റിക്കൽ മാസി (Critical Mass – ക്രാന്തിക ദ്രവ്യമാനം) നെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്. ന്യൂക്ലിയർ ദ്രവ്യത്തിന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങൾ (വിഘടനം) വൈകിപ്പിച്ചും കമ്പനങ്ങൾ (Pulse) ഉണ്ടാക്കിയും അതിനുള്ളിൽ അളവറ്റ മർദ്ദം സൃഷ്ടിക്കപ്പെടുന്നു. ഇത് സാധിക്കുന്നത് ന്യൂക്ലിയർ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നത് മൂലമാണ്. ഇങ്ങനെ മർദ്ദം കൂട്ടി സ്ഫോടനം നടക്കുന്നതിന്മുമ്പേ മൂലകങ്ങളുടെ പ്രവർത്തനത്തിൽ ഉന്നത അറ്റോമിക ഭാരമുള്ള മൂലകങ്ങൾ വിഘടിച്ച് കുറഞ്ഞ അറ്റോമിക ഭാരമുള്ള മൂലകങ്ങളായി മാറുന്നു. ഇപ്രകാരം പുതുതായി രൂപം കൊള്ളുന്ന മൂലകങ്ങളുടെ അറ്റോമികഭാരം അതിനുമുമ്പേയുണ്ടായിരുന്ന മാതൃമൂലകങ്ങളുടെ ഭാരത്തേക്കാൾ അൽപം കുറവായിരിക്കുമല്ലോ. ഇതിനെയാണ് ഘനമൂലകങ്ങൾ എന്ന് പറയുന്നത്. ഈ ആണവ പ്രക്രിയയിൽ നഷ്ടപ്പെടുന്ന അറ്റോമികഭാരം ഊർജ്ജമായി മാറ്റപ്പെടുന്നു. ഈ മാതൃകയിലൂടെ മാത്രമല്ല ഒരു ന്യൂക്ലിയർ ബോംബ് പ്രവർത്തിക്കുന്നത്. പക്ഷേ നാട്ടപ്പെട്ട സ്തംഭങ്ങളുടെ പ്രവർത്തനത്തെപറ്റി വിവരിക്കാൻ മാത്രമാണ് നാം ഈ ലളിതമായ മാതൃക ഇവിടെ തിരഞ്ഞെടുത്തത്. അങ്ങനെയാണ് ഈ അഗ്നി നേരിട്ട് ഹൃദയത്തെ ബാധിക്കുക എന്ന വിഷയത്തിലേക്ക് നമുക്ക് തിരിയാം. അതിന്റെ ശാസ്ത്രീയ വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

സ്ഫോടനം നടന്ന ഉടനെതന്നെ വളരെയധികം ഗാമാരശ്മികളും ന്യൂട്രോണുകളും, എക്സ്റേകളും ഉൽസർജിക്കപ്പെടുന്നു. എക്സ്റേ വമ്പിച്ച തോതിൽ താപം ഉയർത്തുന്നു. അങ്ങനെ അണുവിസ്ഫോടനത്തിൽ മോചിപ്പിക്കപ്പെടുന്നു. അത്യധികം താപം ഭീമാകാരമായ ഒരു അഗ്നിഗോളത്തെ സൃഷ്ടിക്കുകയും അത് ഉടൻ മുകളിലോട്ടുയരുകയും ചെയ്യുന്നു. ഈ അഗ്നിഗോളം ദൂരെനിന്ന് വലുതായി കാണാവുന്നവിധം ബൃഹ

ദാകാരമുള്ള ഒരു കൂൺ പോലെ അഗ്നിയുടെ ഒരു മേലാപ്പായിത്തീരുന്നു.

എക്സ്റേ-രശ്മികൾ നാനാവശങ്ങളിലേക്കും ന്യൂട്രോണുകൾ സഹിതം സഞ്ചരിക്കുന്നു. ഇത് ഉണ്ടാക്കുന്ന വമ്പിച്ച താപം, സഞ്ചരിക്കുന്ന വഴിക്കുള്ളതിനെയെല്ലാം കരിച്ചു കളയുന്നു. ശബ്ദതരംഗങ്ങളേക്കാൾ അനേക ഇരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന ഈ കൊടും ചൂടിന്റെ അലകൾ ആഘാത തരംഗങ്ങൾ (Shock waves) കൂടി സൃഷ്ടിക്കുന്നു. എന്നാൽ ഇതിനേക്കാൾ വേഗത്തിലും തുളച്ചു കയറിയും സഞ്ചരിക്കുന്നത് ഗാമാരശ്മികളാണ്. കൊടുംതാപത്തിന്റെ അലകളെ കവച്ചുവെച്ചു കൊണ്ട് പ്രകാശ വേഗത്തിലാണ് ഗാമാരശ്മികളുടെ സഞ്ചാരം. ഗാമാരശ്മികൾ അത്യഗാധമായ പ്രകമ്പനമുണ്ടാക്കും. അതിന്റെ കിടിലം കൊള്ളിക്കുന്ന പ്രകമ്പന ശക്തിയാൽ അത് മനുഷ്യ ഹൃദയത്തിൽ ആഘാതമായി പതിച്ച് മരണമുണ്ടാക്കുന്നു. അതായത് ആറ്റം ബോംബിട്ടാൽ എക്സ്റേ ഉണ്ടാക്കുന്ന കൊടുംചൂടു കൊണ്ടല്ല ആളുകൾ മരിക്കുന്നത്. ഗാമാ രശ്മികളുടെ വമ്പിച്ച ഊർജ്ജത്തിന്റെ ആഘാതം കൊണ്ടാണ് പെട്ടന്നുള്ള മരണം സംഭവിക്കുന്നത്. ഇതാണ് കൃത്യമായും ഖുർആൻ വിവരിക്കുന്നത്.

സൂറഃ അൽദുഖാനിൽ (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നു.

അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടുവരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക്മീതെ ഒരു നിഴൽ വിരിക്കും ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.

ഈ ധൂമത്തിന്റെ സ്വഭാവം വീണ്ടും താഴെ കാണുന്ന വചനങ്ങളിൽ വിവരിക്കുന്നു.

നിങ്ങൾ നിഷേധിച്ചു കൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോവുക. മൂന്ന് ശാഖകളുള്ള ആ നിഴലിലേക്ക് നിങ്ങൾ പോവുക. അതൊരിക്കലും നിങ്ങൾക്ക് തണൽ തരുന്നതല്ല. തീജ്വാലയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നതുമല്ല. അത് സൗധസമാനമായ തീജ്വാലകൾ പരത്തും. അത് മഞ്ഞ നിറത്തിലുള്ള ഒട്ടകങ്ങളെ പോലെയിരിക്കും.

'നിങ്ങൾ പോവുക' എന്ന ഖുർആനിക വചനം സൂചിപ്പിക്കുന്നത് യാതനാനിർഭരമായ ഒരു മേഘത്തിന്റെ കാലഘട്ടത്തിലേക്ക് മനുഷ്യരാശി ക്രമേണ കൊണ്ടുവരപ്പെടുമെന്നാണ്. ആ മേഘം അവർക്ക് നിഴലോ രക്ഷയോ വാഗ്ദാനം ചെയ്യുന്നതല്ല. സാധാരണയായി നിഴൽ നമുക്ക് ആശ്വാസവും അഭയവും നൽകുന്നതാണ്. ജ്വലിക്കുന്ന സൂര്യന്റെ ചൂടിനും നമുക്കുമിടയിലാണ് മേഘം നിൽക്കുക. മേൽ വചനത്തിൽ സൂര്യനെക്കുറിച്ച് പരാമർശമില്ല. വെറും ഒരു അഗ്നിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. അതിന്റെ ജ്വലനത്തിൽ നിന്ന് പ്രസ്തുത നിഴൽ യാതൊരു സംരക്ഷണവും നൽകുന്നില്ല.രക്ഷ നൽകുന്നതിന്പകരം ഈ മേഘം അഗ്നിയുടെ ദാരുണമായ യാതനകളാണ് പ്രസരിപ്പിക്കുക. ആ നിഴലിനുകീഴിലുള്ള യാതൊന്നും സുരക്ഷിതമല്ല. ഇത് തികച്ചും റേഡിയോ പ്രസരണമുള്ള ന്യൂക്ലിയർ മേഘങ്ങളെക്കുറിച്ചുള്ള വിവരണമാണ്. ഇവിടെ വിവരിക്കപ്പെട്ട സംഭവത്തിൽ മഞ്ഞ നിറത്തിൽ കാണപ്പെടുന്ന വൻ അഗ്നിനാളങ്ങളെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അത് ഉയർന്ന കെട്ടിടത്തെ പോലെയും ഒട്ടകത്തെ പോലെയും കാണപ്പെടുന്നു. ഒരു പക്ഷേ ഒട്ടകത്തിന്റെ നിറം മാത്രമല്ല അതിന്റെ പൂഞ്ഞയുടെ ആകൃതിയുടെ സാമ്യത പോലും ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ഏഴാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് അത്തരത്തിൽ മാരകമായ മേഘങ്ങളെക്കുറിച്ചോ ധൂമങ്ങളെക്കുറിച്ചോ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അത് അവരുടെ ഗ്രാഹ്യശക്തിക്കതീതമായിരുന്നു. ഇക്കാലത്ത് നമുക്ക് ആണവ വിസ്ഫോടനത്തെക്കുറിച്ചും അത് ഉൽപാദിപ്പിക്കുന്ന റേഡിയോ പ്രസരണമുള്ള മേഘങ്ങളെക്കുറിച്ചു മറിയാം.

വിധി നിർണ്ണായകമായ വിവരണം മറ്റൊരു ഖുർആൻ വചനത്തിൽ നമുക്ക് വായിക്കാം.

***ആ ദിവസം നിഷേധികൾക്ക് മഹാനാശം***

ആ ദിവസം എന്നത് വിധിനാൾ എന്ന് പറയാ വുന്നതാണ്. പക്ഷേ, അത് ഭൂമിയിലെ ഒരു ദിവസത്തേയും സൂചിപ്പിക്കുന്നു. ദൃഷ്ടാന്തങ്ങളിലുള്ള വിശ്വാസത്തെ നിഷേധിക്കുന്നവർ (മുകദ്ദിബീൻ) മാരകമായ ധൂമത്താൽ ശിക്ഷിക്കപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനടിയിലുള്ള യാതൊന്നിനേയും അത് വിട്ടു കളയില്ല. ആ നിഴൽ ഒരു സ്ഥലത്ത്നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതായിരിക്കും. അത് യാതൊരുവിധ ആശ്വാസവും നൽകില്ല എന്നു മാത്രമല്ല നാശം മാത്രം നൽകുന്ന ഒരു നിഴലായിരിക്കുമത്. അതിഭയാനകമായ തോതിലുള്ള ശിക്ഷക്ക്സാക്ഷ്യംവഹിക്കുന്നഒരുകാലഘട്ടമായിരിക്കുമത്. മനുഷ്യൻ അവസാനം ഈ അസഹനീയമായ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ ദൈവത്തോട് യാചിച്ചുകൊണ്ട് അവനിലേക്ക് തിരിയുന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ കോപം ജനങ്ങൾക്ക് മേൽ പതിക്കുമ്പോൾ മാപ്പിന്റേയും മോചനത്തിന്റേയും സമയം കഴിഞ്ഞു പോയിട്ടുണ്ടാവും. അതാണ് ഖുർആൻ വിവരിക്കുന്നത്.

അവർക്ക് എങ്ങനെ ഉപദേശം പ്രയോജനപ്പെടും. സകല കാര്യങ്ങളും സ്പഷ്ടമായി വിവരിച്ചു കൊടുക്കുന്ന പ്രവാചകൻ അവർക്ക് വന്നു കഴിഞ്ഞിട്ടുണ്ടല്ലോ? എന്നിട്ട് അവൻ പഠിപ്പിക്കപ്പെട്ടവനാണ്, ബാധയേറ്റവനാണ് എന്ന് പറ

ഞ്ഞ് അദ്ദേഹത്തിൽ നിന്ന് അവർ പിന്തിരിഞ്ഞു കളഞ്ഞു.

പ്രവാചകൻമാരുടെ താക്കീത് മനുഷ്യനെ വരാനിരിക്കുന്ന വമ്പിച്ച വിപത്തിനെപറ്റി ഒന്നുണർത്താൻ വേണ്ടി മാത്രമുള്ളതാണ്. പക്ഷേ, അതിന്റെ അനന്തരഫലങ്ങളുടെ ഉത്തരവാദി മനുഷ്യൻ മാത്രമാണ്. മേൽ പറഞ്ഞ പ്രവചനം വ്യക്തമായും നമ്മുടെ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ആ പ്രവചനങ്ങളിൽ പറയപ്പെട്ട കാര്യങ്ങളെപറ്റി പണ്ട് കാലത്തെ ജനങ്ങൾക്ക് യാതൊ ന്നുമറിയില്ലായിരുന്നു. ഇത്തരം പ്രവചനങ്ങളുടെ എല്ലാ കാര്യങ്ങളുടേയും വിശദാംശങ്ങൾ റസൂൽ തിരുമേനി(സ)ക്ക് ദൈവം വെളിപ്പെടുത്തിയിരുന്നുവോ എന്ന് ആരും അത്ഭുതപ്പെട്ടുപോകും. എന്നാൽ, വിധിയുടെ വിശാലമായ പാവക്കൂത്ത് ശാലയിൽ പ്രവചനാത്മകമായ പാവക്കൂത്ത് കാണുന്ന ഒരാളെ പോലെ ഭാവി സംഭവങ്ങളെപറ്റിയുള്ള അദ്ദേഹത്തിന്റെ വിവരണം അവയെപറ്റി ശക്തമായ ഒരു പ്രതീതി ബോധം മാത്രമേ നൽകൂ. എങ്കിലും ഈ പ്രവചനങ്ങളുടെ സാക്ഷാത്ക്കാരത്തിന് ആയിരം വർഷങ്ങൾക്ക്മുമ്പേ മനുഷ്യ വംശം കാത്തിരിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ, അദൃശ്യലോകത്തുനിന്ന് ദൃശ്യലോകത്തേക്കുള്ള ഈ സംഭവങ്ങളുടെ യഥാർത്ഥ മാറ്റം സാധ്യമായത് നമ്മുടെ കാലഘട്ടത്തിലെ ന്യൂക്ലിയർ യുഗത്തിലാണ്.

ആണവ വിപത്തിന്റെ ആധിക്യം അത്യന്തം സ്തോഭജനകമാണ്. എന്നിട്ടും ഈ തിന്മയുടെ അടിവേരിനെ പറ്റി തിരിച്ചറിയാനും അതിനെപറ്റി ഗവേഷണം നടത്തുവാനും മനുഷ്യൻ കുറഞ്ഞ ശ്രദ്ധ മാത്രമേ കാണിക്കുന്നുള്ളൂ. സംഗതികളുടെ ഉപരിതലത്തിൽ നിന്ന് മനുഷ്യന്റെ കാഴ്ച വസ്തുതകളുടെ അഗാധതലങ്ങളിലേക്ക് ചിലപ്പോൾ മാത്രമേ തുളച്ചു കയറാറുള്ളൂ. ചില ആളുകൾക്ക് മാത്രമേ സ്വയം ആത്മപരിശോധന നടത്തി അവരുടെ മറഞ്ഞിരിക്കുന്ന തിന്മയുടെ പ്രേരണകളെ കണ്ടെത്താനാവൂ. മനുഷ്യന്റെ വക്രതയുമായി പ്രത്യേക രീതിയിൽ ബന്ധപ്പെട്ട ഒരു തരത്തിലുള്ള അന്ധതയാണിത്. യാതനകളും നാശവും മനുഷ്യനു ചുറ്റും പരക്കാൻ അവൻ തന്നെയാണ് കാരണക്കാരൻ എന്നു വരുമ്പോഴെല്ലാം അതിനു പിന്നിൽ തന്റെ സ്വന്തം കൈകൾ സൃഷ്ടിച്ച വിനകൾ മനുഷ്യൻ തിരിച്ചറിയുന്നില്ല.

ആഗോള തലത്തിൽ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഇത്തരത്തിലുള്ള വിപത്തുകളുടെ കണ്ണികളെപ്പറ്റിയാണ് നാമിപ്പോൾ ചർച്ചചെയ്തു കൊണ്ടിരിക്കുന്നത്. ഒരു ശാസ്ത്രജ്ഞൻ ന്യൂക്ലിയർ വിസ്ഫോടനം എന്ന പ്രതിഭാസത്തിന്റെ പിന്നിലുള്ള കാര്യങ്ങളുടെ ഭൗതികവും ശാസ്ത്രീയവുമായ കാരണങ്ങളെക്കുറിച്ചായിരിക്കും സംസാരിക്കുക. എന്നാൽ ഇത്തരം അതീവ നാശം വരുത്തുന്ന ഉപാധികൾ മനുഷ്യന്റെ സമാധാനത്തിന് ഭംഗമുണ്ടാക്കുമ്പോൾ അത് നിർമ്മിക്കുന്ന ശാസ്ത്രജ്ഞൻമാരെയല്ല കുറ്റപ്പെടുത്തേണ്ടത്. ഇതിന്റെ മൂലകാരണം മറ്റെവിടെയോയാണ്. അത്തരത്തിൽ ആഗോള മാനങ്ങളുള്ള ക്രൂരവും വിവേകശൂന്യവുമായ തീരുമാനങ്ങളുടെ ഉത്തരവാദിത്വം ആഗോള ശക്തികൾക്കാണുള്ളത്. ശാസ്ത്രജ്ഞൻമാർ എത്രതന്നെ വലിയവരായാലും ശരി അവർ തികച്ചും സ്വാർത്ഥമതികളായ പൊതുജന ശക്തിയുടെ ഇരയല്ലാതെ മറ്റൊന്നുമല്ല.

വിശുദ്ധ ഖുർആൻ അങ്ങേയറ്റത്തെ സൂക്ഷ്മതയോടെ ചില ശാസ്ത്രീയ പ്രതിഭാസങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും അത് ഒരിക്കലും കേവലം ഒരു ശാസ്ത്രാദ്ധ്യാപകന്റെ പങ്കല്ല നിർവ്വഹിക്കുന്നത്. അതിനെക്കാളുപരി വികലമായ മനുഷ്യ സ്വഭാവത്തിന്റെ അധാർമ്മികതയിലേക്കാണ് ഖുർആൻ നമ്മുടെ ശ്രദ്ധക്ഷണിക്കുന്നത്. അത് തീർച്ചയായും കാഞ്ചിയുടെ പ്രവർത്തനങ്ങളെപറ്റി വിവരിക്കുന്നുണ്ട്. പക്ഷേ, നമ്മുടെ ശ്രദ്ധയെ കാഞ്ചി വലിക്കുന്ന വിരലുകളിലേക്കാണ് ഖുർആൻ നയിക്കുന്നത്. ഇതാണ് ഖുർആനിക താക്കീതുകളുടെ ഉദ്ദേശ്യം. അതുപോലെ ഖുർആൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്ന സംഗതി, മനുഷ്യനുമേൽ ചെയ്യപ്പെടുന്ന എല്ലാ അത്യാചാരങ്ങൾക്കും ഉത്തരവാദി മനുഷ്യൻ തന്നെയാണ് എന്നാണ്. അതിനാൽ ഖുർആനിക വീക്ഷണമനുസരിച്ച് പ്രതിരോധ നടപടികൾ മനുഷ്യന്റെ സ്വഭാവത്തിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. ജനങ്ങൾ ദൈവികമായ മാർഗ്ഗ നിർദ്ദേശമനുസരിച്ച് അവരുടെ സ്വഭാവം മാറ്റുകയും അവർ സ്വയം തന്നെ പരിഷ്ക്കരിക്കുകയും ചെയ്താൽ ഇത് നീതിയും ന്യായവും പുലരാൻ ആവശ്യമായ ആരോഗ്യകരമായ ഒരു കാലാവസ്ഥ സൃഷ്ടിക്കുമെന്ന് ഖുർആൻ പ്രസ്താവിക്കുന്നു. ഖുർആനിക പ്രവചനങ്ങളുടെ പ്രകാശ ഗോപുരം, ഏത് പാറയെയാണ് ഒഴിവാക്കേണ്ടതെന്നും ഏത് വഴിയിലൂടെയാണ് സഞ്ചരിക്കേണ്ടതെന്നും വ്യക്തമായും കാണിച്ചുതരുന്നു. എന്നിട്ടും മനുഷ്യ പ്രവർത്തനങ്ങളുടെ കപ്പൽ നിയന്ത്രിക്കുന്നവർ ഈ താക്കീതുകളോർത്ത് അപകടങ്ങളെ തരണം ചെയ്ത് ശാന്തിയുടെ തീരമണയുന്നത് എത്രമാത്രം അസംഭാവ്യമാണ്. ഇവിടെ തന്നെയാണ് ദുരന്തങ്ങളുടെ മൂലകാരണം സ്ഥിതിചെയ്യുന്നത്. മനുഷ്യൻ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികമായ ഒരു പരിഹാരം കാണണമെങ്കിൽ അവന്റെ പ്രവർത്തനങ്ങളുടെ ഓരോ തലത്തിലും വിമർശനാത്മകവും യാഥാർത്ഥ്യ ബോധത്തോടു കൂടിയതുമായ വിശകലനങ്ങൾ നടത്തേണ്ടതുണ്ട്. ലളിതമായി പറഞ്ഞാൽ സത്യസന്ധത, ആർജ്ജ



വം, നീതി, ന്യായം, പരജനകാംക്ഷ, കഷ്ടപ്പെടുന്നവരോടുള്ള അനുതാപം പൊതുവെ നന്മയോടുള്ള പ്രതിബദ്ധത മുതലായ മനുഷ്യന്റെ അടിസ്ഥാന മൂല്യങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. മനുഷ്യ ബന്ധങ്ങളിൽ നിന്ന് ഈ മൂല്യങ്ങളെല്ലാം പുറന്തള്ളപ്പെടുകയാണെങ്കിൽ നിങ്ങളെ ഗ്രസിക്കുന്ന വിപത്തിനെ നിങ്ങൾ കാത്തിരിക്കുക. അതൊന്നു മാത്രമാണ് ഇക്കാര്യത്തിലുള്ള യുക്തിപരമായ പരിസമാപ്തി.

സൂറഃ അൽഖമറിൽ (അദ്ധ്യായം 54) പൗരാണിക ജനതയുടെ ചരിത്രം വിവരിക്കുന്നുണ്ട്. അവരുടെ കാലത്ത് അയക്കപ്പെട്ട ദൈവദൂതന്റെ താക്കീതുകൾ അവർ ചെവിക്കൊണ്ടില്ല. അതിന്റെ ഫലമായി അവർക്ക് വാഗ്ദാനം ചെയ്ത ദാരുണമായ അന്ത്യത്തിന് ചരിത്രം സാക്ഷ്യം വഹിക്കുകയുണ്ടായി. സമയം കഴിഞ്ഞ അവരുടെ പശ്ചാത്താപം കൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. താക്കീതുകളുടെ ഉദ്ദേശ്യം ഭാവി തലമുറ അതിനെക്കുറിച്ച് ചിന്തിക്കാനാണ്. അവരെ പിന്തുടർന്നു വരുന്ന തലമുറ തങ്ങൾക്ക്മുമ്പേ മരിച്ചൊടുങ്ങിയ ജനതകളിൽ നിന്ന് പാഠം പഠിച്ചേക്കാമെന്നത് കൊണ്ടാണ് ഖുർആൻ അവരുടെ ചരിത്രങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്.

ശക്തമായ താക്കീത് ഉൾക്കൊള്ളുന്ന ചില വൃത്താന്തങ്ങൾ അവർക്ക് വന്നെത്തിയിട്ടുണ്ട്. സമ്പൂർണ്ണമായ തത്വജ്ഞാനമാണത്. എന്നിട്ട് ആ താക്കീതുകൾ അവർക്ക് പ്രയോജനമൊന്നും ചെയ്തില്ല

ജനങ്ങൾ അവരുടെ പാഠം പഠിച്ചില്ലെങ്കിൽ അതിന്റെ ഫലമായി അവരെ കാത്തിരിക്കുന്ന വിപത്ത് അവരുടെ മേൽ പതിക്കുന്നു. അവർ തന്നെയാണ് അതിന്റെ കുറ്റക്കാർ.

നാം ചർച്ച ചെയ്യുന്ന ആണവ കൂട്ടക്കൊല (Nuclear Holocaust)യെ സംബന്ധിച്ച അതിന്റെ ആത്യന്തികമായ പരിണിതിയുമായി ബന്ധപ്പെടുത്തി സൂറഃ ത്വാഹ (അദ്ധ്യായം 20) യിലും ചർച്ച ചെയ്യുന്നുണ്ട്. ഈ വചനത്തിന്റെ വിവക്ഷിതം ഒരു കാര്യം വ്യക്തമാകുന്നു. ആ കാലത്തെ ലോകശക്തികളുടെ അഹങ്കാരവും ദുരഭിമാനവുമാണ് തകർക്കപ്പെടുക. അതുപോലെ മനുഷ്യവംശം ഒന്നാകെ തുടച്ചുനീക്കപ്പെടുന്നതല്ല.

ഈ പ്രസക്തമായ വചനം വ്യക്തമായും പ്രവചിക്കുന്നത് ഇത് മനുഷ്യവംശത്തിന്റെ അന്ത്യത്തെ കുറിക്കുന്ന ഒരു ബിന്ദുവല്ല എന്നാണ്. അഹങ്കാരികളായ രാഷ്ട്രീയ ശക്തികളുടെ പ്രതാപം തകർന്നു തരിപ്പണമാവുകയും നിലം പതിക്കുകയും ചെയ്യും. അവരുടെ കുഴിമാടത്തിൽ നിന്നുമാണ് പുതിയ ലോകക്രമം സംജാതമാവുക. പർവ്വതംപോലെയുള്ള വൻശക്തികൾ ധൂളിക്കപ്പെടുകയും വിശാലമായ മണൽപരപ്പിൽ അത് തട്ടിനിരപ്പാക്കപ്പെടുകയും ചെയ്യും. പർവ്വത സമാനമായിരുന്ന ആ വൻശക്തികളുടെ ഉയർച്ചതാഴ്ചയോ, മുന്നണിയോ പിന്നണിയോ നിങ്ങൾക്ക് കണ്ടെത്താൻ സാധ്യമല്ല.

മലകളെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. അപ്പോൾ നീ പറയുക. എന്റെ നാഥൻ അവയെ തകർത്തു തരിപ്പണമാക്കി കളയും. എന്നിട്ട് അതിനെ നിരന്ന മൈതാനമാക്കി വിട്ടുകളയും. അതിൽ വളവോ തിരിവോ ഉയർച്ചയോ നീ കാണുകയില്ല. അന്ന് അവർ വിളിയാളനെ പിൻപറ്റും. അവിടെ നിന്ന് അവർക്ക് ഒരു വ്യതിയാനവും ഉണ്ടായിരിക്കുന്നതല്ല. എല്ലാ ശബ്ദങ്ങളും പരമകാരുണികനെതിരെ അടങ്ങിപ്പോകും. അപ്പോൾ നേരിയ കാൽപെരുമാറ്റമല്ലാതെ നീ കേൾക്കുകയില്ല.

ദൈവമാണ് ഏറ്റവും നല്ല സമനിരപ്പാക്കുന്നവൻ. അവന്റെ കരങ്ങളാണ് അത്ഭുതരമായ ഈ പരിവർത്തനങ്ങൾ ഉണ്ടാക്കുന്നത്. പർവ്വതം എന്നത് സംഭാഷണ

ശൈലി മാത്രമാണ്. അത് ശക്ത മായ രാഷ്ട്രങ്ങളേയും, ദേശീയത കളേയും, ജനങ്ങളേയും സൂചി പ്പിക്കുന്നു. ഒരിക്കൽ അവരുടെ അഹങ്കാരം തകർക്കപ്പെട്ടാൽ അ വർ അവസാനം എളിമയിലും നേർ വഴിയിലുമായി വരുമെന്ന് ഖുർ ആൻ പ്രവചിക്കുന്നു. ആ അവ സ്ഥയിൽ മാത്രമേ അവർ ദൈവ ത്തിന്റെ എളിയവനായ വിളിയാ ളിന്റെ വിളിയോട് പ്രതികരിക്കുക യുള്ളൂ. അവർക്കപ്പോൾ യാതൊ രുവിധ വക്രതയും ഉണ്ടായിരിക്കു കയില്ല. ഇവിടെ വിവരിക്കപ്പെട്ട രീതിയിലുള്ള ഒരു നൂറുക്കണക്കി ന് ന്യൂക്ലിയർ വിസ്ഫോടനങ്ങളി ലൂടെ സംഭവിക്കുന്ന ന്യൂക്ലിയർ ഹോളോകാസ്റ്റിൽ നിന്ന് മാത്ര മേ സംഭവിക്കുകയുള്ളൂ. അതില ടങ്ങിയിരിക്കുന്ന തത്ത്വമെന്തെ ന്നാൽ മനുഷ്യൻ അവനുള്ള ഒരു പാഠവും പഠിക്കുന്നില്ല എന്നാ ണ്. അതിനാൽ ഇത്തരം കൊടും വിപത്തിന്റെ ഭാരത്താൽ അവന്റെ ഔദ്ധത്യത്തിൽ ഉയർന്നു നിൽ ക്കുന്ന ശിരസ്സ് താഴേണ്ടതുണ്ട്. താക്കീതിന്റെ ഈ വിഷാദാത്മ കമായ സന്ദേശത്തോടു കൂടി ത ന്നെ മനുഷ്യരാശി അന്തിമമായി അതിജീവിക്കുമെന്നും പ്രകാശ ത്തിന്റെ പുതുയുഗ നാന്ദി കുറി ക്കപ്പെടുമെന്നുമുള്ള ശോഭനമായ പ്രതീക്ഷയുടെ സന്ദേശവും നൽ കുന്നു. അതിനുമുമ്പേ മനുഷ്യൻ അവന്റെ വഴികൾ നന്നാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ, അവന്റെ വ്യ തിചലനത്തിനും അത്യാചാരത്തി നും ദൈവത്തിൽ നിന്നുമുള്ള ഫലങ്ങൾ ചുരുങ്ങിയ പക്ഷം അ വൻ അനുഭവിച്ചതിന് ശേഷമെ ങ്കിലും അവൻ പാഠം പഠിക്കുന്ന താണ്.

മറ്റൊരു അദ്ധ്യായത്തിൽ ഘോര മായ രീതിയിലുള്ള ഭൂമിശാസ്ത്ര പരവും കാലാവസ്ഥാപരവുമായ പ്രധാന മാറ്റങ്ങളെ സംബന്ധിച്ച് ഖുർആൻ സംസാരിക്കുന്നു. നിര വധി ഭൂമേഖലകളും, രാജ്യങ്ങളും ഭൂഖണ്ഡങ്ങളും ജനശൂന്യമായി പോവും. ഇത് ഒരുപക്ഷേ സംഭ വിക്കുക നാം ചർച്ച ചെയ്ത ന്യൂ ക്ലിയർ ഹോളോകാസ്റ്റിന് ശേഷ മായിരിക്കും. ന്യൂക്ലിയർ ഹോളോ കാസ്റ്റ് സംഭവിക്കുന്നതിന്മുമ്പേ അതേ ഭൂമി അതിന്റെ കണ്ണഞ്ചി പ്പിക്കുന്ന സൗന്ദര്യ ധാരാളിത്വ ത്തിൽ ലോകത്തിലെ ഏറ്റവും രമ ണീയവും മനോഹരവുമായ സ്ഥ ലമായി വർണ്ണിക്കപ്പെട്ടവയായിരി ക്കും. എല്ലാ ഖുർആനിക പ്രവച നങ്ങളിലും വെച്ച് ഈയൊരു പ്ര വചനം മാത്രം സംഭവിക്കരുതേ എന്ന് നാം ആഗ്രഹിച്ചു പോകു ന്നു. ഈയൊരാഗ്രഹം ഒരിക്കലും ഖുർആനിക പ്രവചനങ്ങളിലെ താ ക്കീതുകളോടുള്ള ബഹുമാനക്കു റവിന്റെ അടയാളമല്ല. അത് എ ല്ലാറ്റിനേയും വലയം ചെയ്തു നിൽക്കുന്ന ദൈവത്തിന്റെ അ ത്യുന്നതമായ ഔദാര്യത്തിലുള്ള നമ്മുടെ വിശ്വാസത്തിൽ നിന്ന് ഉത്ഭവം കൊള്ളുന്നതാണ്. അവൻ പരമകാരുണികനും കരുണാവാരി ധിയുമാണ്. എല്ലാ താക്കീതുക ളും അതെത്രതന്നെ വ്യക്തമായി രുന്നതായാലും ശരി മനുഷ്യന്റെ പ്രതികരണത്തിനനുസരിച്ച് സോ പാധികമായിരിക്കും. യോനാ(അ) പ്രവാചകന്റെ ജനതയുടെ അടയാ ളം നമ്മുടെ മുമ്പിലുണ്ട്. അവർ ദൈവത്തിന്റെ ക്രോധത്തിന് പാ ത്രമായതിന്ശേഷം അഗാധമായ പശ്ചാത്താപബോധത്താൽ ദൈവ ത്തെകൊള്ളേ തിരിഞ്ഞു. അത് നമ്മിൽ ആശ്വാസത്തിന്റെ തിരി തെളിയിക്കുന്നു. മനുഷ്യന്റെ ധാർ മ്മിക മൂല്യങ്ങളുടെ നിരന്തരമായ ശോഷണത്തിന്റെ ഇന്നത്തെ പ ശ്ചാത്തലത്തിൽ ഒരു ശുഭാപ്തി വിശ്വാസം വെച്ചുപുലർത്താൻ യ ഥാർത്ഥത്തിലുള്ള യാതൊരു ന്യാ യീകരണവുമില്ല. ഇത്തരത്തിലു ള്ള പശ്ചാത്താപം മാത്രമാണ് പ്രതീക്ഷകൾ നൽകുന്നത്. ചുറ്റു പാടുമുള്ളതെല്ലാം നിരാശയുടെ ഭീതിപൂണ്ട കാളരാത്രികളാണ്. അ ഗാധമായ വേരുകളുള്ള ഈ രോ ഗത്തിന്റെ ശമനത്തിന് ദൈവവി ശ്വാസമില്ലാത്ത രക്ഷകൻമാരുടെ കൈയ്യിൽ മരുന്നുകളില്ല. അതി ന്റെ ശമനം ദൈവത്തിന്റെ കര ങ്ങളിൽ മാത്രമാണ് നിലകൊള്ളു ന്നത്. പക്ഷേ, പ്രാർത്ഥനക്കായി അവന് നേരെ നമ്മുടെ കൈകൾ നീട്ടിയാലെ അത് നമുക്ക് ലഭ്യ മാകൂ. ഒരു പക്ഷേ, ആധുനിക മനുഷ്യന് മനസ്സിലാക്കാൻ പ്ര യാസമുള്ള ഒരു ഭാഷയിലായിരി ക്കും നാം സംസാരിക്കുന്നത്. അ തിനെതിരെയാണ് മനുഷ്യൻ ചെ വി തിരിച്ചു പിടിച്ചിരിക്കുന്നത്. യാ ഥാർത്ഥ്യം അല്ലാഹുവിനാണ് ന ന്നായറിയുക!


*REFERENCES*

1. *Translation of The Holy Quran, verse 104:2–10*
2. *Translation of The Holy Quran, verse 44:11–12*
3 *Translation of The Holy Quran, verse 77:30–34*
4. *Translation of The Holy Quran, verse 77:16*
5. *Translation of The Holy Quran, verse 44:14–15*
6. *Translation of The Holy Quran, verse 54:5–6*
7. *Translation of The Holy Quran, verse 20:106–109*


**കുടുംബബന്ധം**

**അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: തീർച്ചയായും കുടുംബബന്ധം പരമകാരുണികന്റെ വേരുകളാണ്. അല്ലാഹു പറയും. നിന്നോട് ബന്ധം പുലർത്തിയവനോട് ഞാനും ബന്ധം പുലർത്തും. നീയുമായി ബന്ധം മുറിച്ചവനോട് ഞാനും ബന്ധം മുറിക്കും. (ബുഖാരി).**

ലേഖനം

# ജൽസാ സാലാനാ: ഭൗതിക മരുഭൂമിയിലെ ആത്മീയ മരുപച്ച.

ലണ്ടനിലെ ജാമിഅ അഹ്മദിയ്യയിൽ പഠിക്കുന്ന വിദ്യാർത്ഥി ജൽസാ സാലാനായെ കുറിച്ച് എഴുതുന്നു.

**മുതഹർ ഇഫ്ഫത്ത്, യുകെ**

ഭൗതികോന്മുഖമായ മനോഭാവവും വേഗതയേറിയ ജീവിതശൈലിയും ഉള്ള ഒരു രാജ്യമാണ് യുണൈറ്റഡ് കിംങ്ഡം. ഭൗതിക സാഹചര്യങ്ങളുടെ ചുഴലിക്കാറ്റിൽ ഈ രാജ്യത്തിന്റെ സാഹചര്യങ്ങൾക്ക് നമ്മെ എളുപ്പത്തിൽ കീഴ്പ്പെടുത്താൻ കഴിയും, ഇത് വാസ്തവത്തിൽ ജീവിതവഴിയിൽ നമ്മുടെ യഥാർത്ഥ വീഥിയെ മായ്ച്ചു കളയും. ഈ കാരണത്താലാണ് നഗര ഉന്മാദത്തിൽ നിന്ന് അകന്ന്, വളഞ്ഞുപുളഞ്ഞു കിടക്കുന്ന ഗ്രാമീണ റോഡുകൾക്കും പച്ചപ്പുള്ള നാട്ടിൻപുറങ്ങൾക്കുമിടയിൽ, ജീവിതത്തിന്റെ വേഗത കുറയ്ക്കുന്നതും നമ്മുടെ ആത്മീയ സ്പന്ദനങ്ങളെ ശ്രദ്ധാപൂർവ്വം തിരിച്ചറിയുന്നതും ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം ഓർമ്മിപ്പിക്കുന്നതുമായ ഒരു അന്തരീക്ഷത്തിലാണ് യു കെ യിലെ ജൽസ സലാന.

ആത്മീയ വളർച്ചയ്ക്കും വിചിന്തനത്തിനുമുള്ള നിരവധി അവസരങ്ങൾ നിറഞ്ഞതാണ് ജൽസയിലെ മൂന്ന് സുദിനങ്ങൾ. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ നടത്തിയ വെള്ളിയാഴ്ച പ്രഭാഷണത്തിൽ നിന്ന് ആരംഭിച്ച് തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങളുടെ ഒരു പരമ്പരയുണ്ടാവും. ഹുസൂർ തിരുമനസ്സിന്റെ നേതൃത്വത്തിലുള്ള ജൽസയിൽ ദിവസേന അഞ്ച് നേരവും ജമാഅത്തായി നമസ്ക്കരിക്കാനുള്ള അവസരം ലഭിക്കുന്നു. മാർഗനിർദേശത്തിന്റെയും പ്രാർത്ഥനയുടെയും ഈ സംയോജിതാവസ്ഥ ആത്മീയ വികാസത്തിന് ശക്തമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു.

സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പറയുന്നു:

**'നീ ഉപദേശിച്ചു കൊണ്ടിരിക്കുക. തീർച്ചയായും ഉപദേശം വിശ്വാസികൾക്ക് ഗുണകരമാകുന്നു.'** (വിശുദ്ധ ഖുർആൻ 51: 56)

ഇന്നത്തെ ലോകത്തിൽ, മതപരമായ വിഷയങ്ങളുമായി ഇടപെഴകാൻ പലപ്പോഴും പലർക്കും പരിമിതമായ അവസരങ്ങളാണ് നമുക്ക് ലഭിക്കുക. നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ ചിലപ്പോൾ ആഴത്തിലുള്ള ആത്മീയ വിചിന്തനങ്ങൾക്ക് ഇടം നൽകുന്നില്ല. അതുകൊണ്ടാണ് ജോലിയുടെയും പഠനത്തിന്റെയും മുഴുകലിന് അവധികൊടുത്ത് മൂന്ന് ദിവസത്തേക്ക് അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയിരിക്കുന്ന ജൽസ സലാന എന്ന പരിപാടിയിൽ നാം പങ്കെടുക്കുന്നത്.

ഈ ദിവസങ്ങളിലാണ് നമ്മുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും അഹ്മദികൾ എന്ന നിലയിലുള്ള നമ്മുടെ കടമകളെക്കുറിച്ച് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നതിനുമായി നാം ബൈഅത്ത് പുതുക്കുന്നത്. വാഗ്ദത്ത മസീഹ് ഇപ്രകാരം പറയുന്നു:

'ഈ താഴ്മയുള്ളവന്റെ ജമാഅത്തിൽ പ്രവേശിച്ച എല്ലാ ആത്മാർത്ഥതയുള്ള ആത്മാക്കളും അറിഞ്ഞിരിക്കണം, ബൈയ്യത്ത് ചെയ്തതിന്റെ ഉദ്ദേശ്യം ലൗകികമായ ആവേശത്തെ ഇല്ലാതാക്കുക എന്നതും, അങ്ങനെ ഹൃദയം കൃപയുള്ള ദൈവത്തിന്റെയും വിശുദ്ധ പ്രവാചകന്റെയും സ്നേഹത്തിൽ നിമഗ്നമാകുകയും, അന്തിമയാത്ര ഒരു അനിഷ്ടകരമായ കാര്യമായി തോന്നാത്ത വിധം ഈ ലോകവുമായുള്ള വിച്ഛേദനം വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ്.' (ആസ്മാനീ ഫൈസല പേ 73)

യാഥാർത്ഥ്യമെന്തെന്നാൽ, മുസ്ലിംകൾ എന്ന നിലയിൽ, നമ്മുടെ മതപരമായ പ്രവർത്തനങ്ങൾക്കൊപ്പം ലൗകിക പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ നമുക്ക് അനുമതി നൽകിയിട്ടുണ്ട്. എങ്കിലും ഇവ രണ്ടും തമ്മിലുള്ള സന്തുലിതാവസ്ഥ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. വാഗ്ദത്ത മസീഹ് പറയുന്നു:

'ഇസ്‌ലാം ആരെയും അലസന്മാരാക്കുന്നില്ല. നിങ്ങൾ ബിസിനസ്സിലും ജോലിയിലും ഏർപ്പെടണം, പക്ഷേ നിങ്ങൾക്ക് ദൈവത്തിനായി ചിലവഴിക്കാൻ ഒട്ടും സമയമില്ലെന്ന് പറയുന്നത് ഞാൻ അംഗീകരിക്കുന്നില്ല'. (മൽഫൂസാത്ത് വാ 3. പേ. 50)

ജൽസാ സാലാനയുടെ ആത്മീയ ശേഷിയും മതപരമായ പൂരിതാവസ്ഥയിലേക്കുള്ള പരിവർത്തനത്തെയും കണക്കിലെടുക്കുമ്പോൾ, ശരിയായ ഉദ്ദേശ്യത്തോടെ പങ്കെടുക്കുകയാണെങ്കിൽ മാത്രമേ അതിന്റെ യഥാർത്ഥ നേട്ടങ്ങൾ കൊയ്യാൻ കഴിയൂ എന്ന് ചരിത്രവും ജ്ഞാനവും നമ്മെ പഠിപ്പിക്കുന്നു. ഈ സമ്മേളനം നമ്മുടെ ആത്മീയ വളർച്ചയിൽ ചെലുത്തുന്ന സ്വാധീനം നിർണ്ണയിക്കുന്നതിൽ നമ്മുടെ സമീപനവും




മാനസികാവസ്ഥയും നിർണായകമാണ്. നമ്മുടെ ഉദ്ദേശ്യം എന്തായിരിക്കണം? വാഗ്ദത്ത മസീഹ്(അ) ജൽസ സലാന എന്ന സംഗമം സ്ഥാപിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തായിരുന്നു? അദ്ദേഹം എഴുതുന്നു:

'ജൽസയുടെ ആഗ്രഹവും യഥാർത്ഥ ഉദ്ദേശ്യവും, നമ്മുടെ കമ്മ്യൂണിറ്റിയിലെ അംഗങ്ങൾ, ആവർത്തിച്ചുള്ള സംഗമങ്ങളിലൂടെ (എന്നോടൊപ്പം), അവരുടെ ഹൃദയങ്ങൾ പരലോകത്തേക്ക് പൂർണ്ണമായും ചായുകയും ദൈവഭയം അവരുടെ ഉള്ളിൽ വളരുകയും ചെയ്യുന്ന തരത്തിലുള്ള ഒരു മാറ്റം എങ്ങനെയെങ്കിലും സംജാതമാക്കുക എന്നതാണ്. മറ്റുള്ളവർക്ക് അവർ ഭക്തി, നീതി, സദ്ഗുണം, സഹിഷ്ണുത, ഹൃദയത്തിന്റെ ആർദ്രത, പരസ്പര സ്നേഹം, സാഹോദര്യം എന്നിവയുടെ മാതൃകയായി മാറുകയും വേണം; അവർ സ്വയം താഴ്മ, ആതിഥേയത്വം, സത്യസന്ധത എന്നിവ വികസിപ്പിക്കുകയും മതപരമായ പ്രചാരണങ്ങൾ നടത്തുന്നതിൽ തീക്ഷ്ണതയോടെ സമർപ്പിതമായ പ്രവർത്തനം ഉണ്ടാവുകയും വേണം. എന്നാൽ ആദ്യത്തെ ജൽസയ്ക്ക് ശേഷം അത്തരമൊരു പ്രഭാവം നിരീക്ഷിക്കപ്പെട്ടില്ല. തീർച്ചയായും മറ്റ് ലൗകിക മേളകളെപ്പോലെയല്ല ഈ ജൽസ നടത്തുന്നത് ശരിയായ സദുദ്ദേശവും പ്രയോജനകരമായ ഫലങ്ങളും ഉണ്ടാവണമെന്ന ഉപാധിയിലാണ്.' *(ശഹാദത്തുൽ ഖുർആൻ പേ. 149-151)*

അതിനാൽ, ജൽസ സാലാനയിൽ നിന്ന് യഥാർത്ഥ പ്രയോജനം നേടുന്നതിന്, ആത്മീയ വളർച്ചയ്ക്കായി ആത്മാർത്ഥമായ ഉദ്ദേശ്യത്തോടെ നാം അതിനെ സമീപിക്കണം, ഇൻഷാ-അല്ലാഹ്, നമുക്ക് ഉള്ളിൽ നല്ല മാറ്റങ്ങൾ കാണാം. ജൽസ സലാന യുകെ നമുക്ക് അതിനുള്ള മികച്ച അവസരം നൽകുന്നു. ഭൗതിക താൽപര്യങ്ങൾ ആധിപത്യം പുലർത്തുന്ന ഒരു ലോകത്തിൽ, അത് നമ്മുടെ ദൈവിക ഉദ്ദേശ്യവുമായി വീണ്ടും ബന്ധിപ്പിക്കാനുള്ള ഒരു പിൻവാങ്ങലായി വർത്തിക്കുന്നു. ഈ മൂന്ന് ദിവസങ്ങളിലായി, കൂട്ട പ്രാർത്ഥനകൾ, ഹുസൂർ തിരുമനസ്സിന്റെ വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പ്രസംഗങ്ങൾ, ആത്മീയ അന്തരീക്ഷം എന്നിവ അല്ലാഹുവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ ആഴത്തിലാക്കാൻ നമ്മെ സഹായിക്കുന്നു. ലൗകിക പ്രവർത്തനങ്ങളെയും ആത്മീയ കടമകളെയും സന്തുലിതമാക്കുന്നതിനെക്കുറിച്ച് വാഗ്ദത്ത മസീഹ്(അ) പങ്കുവെച്ച ജ്ഞാനം ഇന്ന് പ്രത്യേകിച്ചും പ്രസക്തമാണ്. ഈ മൂന്ന് ദിവസങ്ങളുടെ അവസാനത്തിൽ, ഈ ആത്മീയ മരുപ്പച്ച വിടുമ്പോൾ, നാം പഠിച്ച പാഠങ്ങൾ മുന്നോട്ട് കൊണ്ടു പോകുകയും അവയെ നമ്മുടെ ദൈനംദിന ജീവിതത്തിൽ സംയോജിപ്പിക്കുകയും ചെയ്യാം.

ഈ അനുഗൃഹീത സമ്മേളനം പരമാവധി പ്രയോജനപ്പെടുത്താൻ അല്ലാഹു നമ്മെ പ്രാപ്തരാക്കട്ടെ, നമ്മുടെ ദിനചര്യകളിലേക്ക് നാം മടങ്ങിയെത്തിയതിനുശേഷവും അതിന്റെ ആത്മീയ നേട്ടങ്ങൾ പ്രതിധ്വനിക്കട്ടെ. ആമീൻ.

# മലക്കുകളുടെ സവിശേഷതകൾ

മുസ്‌ലിഹ് മഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് രചിച്ച ഭമലാഇക്കത്തുല്ലാഭ
എന്ന പുസ്തകത്തെ ആസ്പദമാക്കി മലക്കുകളെ കുറിച്ചുള്ള വിശദീകരണം

ഫ്രാസത്ത് അഹ്മദ്

ആരെങ്കിലും നിങ്ങളുടെ അടുത്ത് വന്ന് 'എന്താണ് മലക്കുകൾ' എന്ന് ചോദിച്ചാൽ നിങ്ങൾ എങ്ങനെ ഉത്തരം നൽകും? നിങ്ങൾക്ക് ഹ്രസ്വമായ ഒരു മറുപടി നൽകാൻ കഴിയുമോ? അതോ അവ്യക്തവും അർദ്ധമനസ്സുള്ളതുമായ ഒരു ഉത്തരം നൽകി നിങ്ങൾ ഇടറി വീഴുമോ?

ഭാഗ്യവശാൽ നമുക്ക്, വാഗ്ദത്ത മസീഹ്[അ] ഈ കഠിനമായ ചോദ്യത്തിന് ലളിതവും എന്നാൽ സമഗ്രവുമായ ഉത്തരം നൽകുന്നുണ്ട്. അദ്ദേഹം എഴുതുന്നു: 'മാലാഖമാർ പൂർണ്ണമായും ദൈവത്തിന്റെ അവയവങ്ങൾ പോലെയാണ്. സർവ്വശക്തനായ ദൈവത്തിന്റെ എല്ലാ രൂപകൽപ്പനകളും ആദ്യം അവയുടെ സുതാര്യമായ ദർപ്പണത്തിൽ പ്രതിഫലിക്കുന്നു. അവരുടെ മധ്യസ്ഥതയിലൂടെ, സർവ്വശക്തനായ ദൈവത്തിന്റെ പദ്ധതികൾ നടപ്പിലാക്കുകയും സൃഷ്ടി സാകല്യത്തിലുടനീളം വ്യാപിക്കുകയും ചെയ്യുന്നു' *(ആയിനെ കമാലാത്തെ ഇസ്‌ലാം, റൂഹാനി ഖസായിൻ. വ്യാ 5 പേ 169170, ഫുട്നോട്ട്)*

അദ്ദേഹം തുടരുന്നു: 'മനുഷ്യന്റെ ശാരീരിക വികസനത്തിനുള്ള ഉപാധികൾ തിരഞ്ഞെടുക്കുകയും മനുഷ്യ ശരീരത്തെ വൈവിധ്യമാർന്ന രീതിയിൽ സ്വാധീനിക്കാൻ നിരവധി ഭൗതിക ഉപാധികൾ സൃഷ്ടിക്കുകയും ചെയ്തവൻ സർവ്വജ്ഞനാണ്. ഒരു പങ്കാളിയില്ലാത്തവനും ഏകതാനതയും സമമിതിയും ഉള്ള അവന്റെ പ്രവൃത്തികൾ, മനുഷ്യന്റെ ആത്മീയ വികസനത്തോടൊപ്പം അവന്റെ ഭൗതിക വികസനത്തിനായി സ്വീകരിച്ച സംവിധാനവും പിന്തുടേണ്ടതുണ്ട്. അങ്ങനെ ബാഹ്യവും ആന്തരികവും ശാരീരികവും ആത്മീയവുമായ രണ്ട് സംവിധാനങ്ങൾ അവയുടെ സന്തുലിതാവസ്ഥയിലൂടെയും ഐക്യത്തിലൂടെയും എല്ലാം നിയന്ത്രിക്കുന്ന ഏക സ്രഷ്ടാവിലേക്ക് വിരൽ ചൂണ്ടുന്നു' *(ആയിനെ കമാലാത്തെ ഇസ്‌ലാംറൂഹാനി ഖസായിൻ, വാ 5, പേ. 8687, ഫൂട്ട് നോട്ട്)*

വാഗ്ദത്ത മസീഹ്[അ] മാലാഖമാരുടെ അസ്തിത്വം സൈദ്ധാന്തികമായി വിശദീകരിച്ചതുപോലെ, ഖുർആൻ മാലാഖമാരെ എങ്ങനെ നിർവചിക്കുന്നുവെന്ന് ഹദ്റത്ത് മുസ്‌ലിഹ് മഊദ്[റ] പ്രായോഗികമായി കൃത്യമായി വ്യക്തമാക്കിത്തരുന്നു.

അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ, മാലാഖമാരുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഹദ്റത്ത് മുസ്‌ലിഹ് മഊദിന്റെ[റ] 14 ഖുർആൻ പോയിന്റുകൾ ഇതാണ്. *(അദ്ദേഹം ചെയ്ത മലായിക്കത്തുല്ലാഹ് എന്ന പ്രഭാഷണത്തിൽ നിന്ന്)*

1. മലക്കുകൾ ദൈവത്തിന്റെ സൃഷ്ടികളാണ്.

'മലക്കുകൾ ദൈവത്തിന്റെ സൃഷ്ടിയല്ലെന്ന് അവർക്ക് നൽകപ്പെട്ട പദവികൊണ്ട് ഒരാൾ ചിന്തിച്ചേക്കാം. ക്രിസ്ത്യാനികൾ ഈ തെറ്റിദ്ധാരണയ്ക്ക് ഇരയാകുകയും പരിശുദ്ധാത്മാവ് ദൈവത്തിന്റെ സൃഷ്ടിയല്ല, മറിച്ച് ദൈവത്തിന്റെ തന്നെ ഒരു ഭാഗമാണെന്ന് കരുതുകയും ചെയ്തു. ഇപ്രകാരം അവർ അതിന് ദൈവത്വം കൽപ്പിക്കുകയും ചെയ്യുന്നു. എന്നാൽ മാലാഖമാർ സൃഷ്ടിക്കപ്പെടാത്തവരാണെന്ന ആശയം തെറ്റാണെന്നാണ് ഇസ്‌ലാം പറയുന്നത്. സർവ്വശക്തനായ അല്ലാഹു പറയുന്നു: **'അവർ സാക്ഷികളായിരിക്കെ നാം മലക്കുകളെ സ്ത്രീകളായി സൃഷ്ടിച്ചിട്ടുണ്ടോ?'** *(സൂറ: സഫ്ഫ് 37:151)*

സർവശക്തനായ അല്ലാഹു മലക്കുകളെ സൃഷ്ടിച്ചുവെന്ന് ഈ വാക്യം തെളിയിക്കുന്നു. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ 5, പേ 489)*

2. അവരെ നഗ്നനേത്രങ്ങളാൽ കാണാൻ സാദ്ധ്യമല്ല.

**'മനുഷ്യന് മാലാഖമരെ അവരുടെ യഥാർത്ഥ രൂപങ്ങളിൽ തന്റെ ജഡികമായ കണ്ണുകൾ കൊണ്ട് കാണാൻ കഴിയില്ല. അവയെ മനുഷ്യൻ തന്റെ കണ്ണുകൾ കൊണ്ട് കാണുകയാണെങ്കിൽ, അവ ഒരു പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത് അവൻ കാണും, അതായത് ഭൗതിക നേത്രങ്ങൾ അവയെ (അവയുടെ യഥാർത്ഥ രൂപത്തിൽ) കാണാൻ പര്യാപ്തമല്ല, മറിച്ച് ഒരാൾക്ക് ആത്മീയ കണ്ണുകൾ ആവശ്യമാണ്. അതിനാൽ, സർവ്വശക്തനായ അല്ലാഹു പറയുന്നു: (നബിയേ,) നാം മലക്കിനെ (സന്ദേശവാഹകനായി) നിയോഗിച്ചിരുന്നുവെങ്കിൽ നാം അദ്ദേഹത്തെ ഒരു പുരുഷനാക്കുമായിരുന്നു. (അങ്ങനെ ഇന്ന്) അവർ ആശയക്കുഴപ്പത്തിലാക്കുന്ന കാര്യങ്ങൾ നാം അവരെ (അന്നും) ആശയക്കുഴപ്പത്തിലാക്കുമായിരുന്നു.** *(ഖുർആൻ 6:10) (മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ 5, പേ 490)*

3. അവർക്ക് ലിംഗഭേദമില്ല.

'അവർ (മാലാഖമാർ) പുരുഷ

നോ സ്ത്രീയോ അല്ലെന്ന് ഓർക്കണം. മേൽപ്പറഞ്ഞ വാക്യം ഇതിനെ സൂചിപ്പിക്കുന്നു:

മലക്കുകൾ സാക്ഷികളായിരിക്കെ അവരെ നാം സ്ത്രീകളാക്കിയിട്ടുണ്ടോ? *(സൂറ അൽ സഫാത്ത്, ഇവ.37:151)*

'ഇവിടെ, മാലാഖമാർ യഥാർത്ഥത്തിൽ പുരുഷന്മാരാണെന്ന് ദൈവം പ്രഖ്യാപിച്ചിട്ടില്ല; മറിച്ച്, ഈ ആളുകൾ മാലാഖമാർ സ്ത്രീകളാണെന്ന് അവകാശപ്പെടുന്നുവെന്ന് അവൻ പ്രസ്താവിക്കുകയാണ് ചെയ്യുന്നത്. അവർ (മലക്കുകൾ) എന്താണെന്ന് അവർക്ക് എന്തറിയാം? ദൈവം മലക്കുകളെ സൃഷ്ടിച്ചപ്പോൾ അവർ സന്നിഹിതരായിരുന്നോ? ... മാലാഖമാർ പുരുഷനോ സ്ത്രീയോ ആണെന്ന് പറയുന്നത് തെറ്റാണ്. ലിംഗഭേദം ശാരീരിക ജീവികളുമായി ബന്ധപ്പെട്ടിരിക്കുന്നു, ആത്മീയ സത്തകളുമായിട്ടല്ല'. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ 5, പേ 490)*

4. അവർ മൂന്ന് പദവികളിലുള്ളവരാണ്.

'മാലാഖമാർ മൂന്ന് പദവികളിലുള്ളവരാണ്. അവരെല്ലാം ഒരേ പദവിയിൽ പെടുന്നവരല്ല. അല്ലാഹു പറയുന്നു: 'സിംഹാസനത്തെ വഹിക്കുകയും അതിന് ചുറ്റുമുള്ളവരും തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും അവനിൽ വിശ്വസിക്കുകയും വിശ്വസിച്ചവർക്ക് വേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. (അവർ) പറയുന്നു. **'ഞങ്ങളുടെ നാഥാ, കാരുണ്യവും അറിവും കൊണ്ട് നീ സകല വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. അതിനാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുതരികയും നരകശിക്ഷയിൽ നിന്ന് അവരെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ.'** *(സൂറ അൽ മുഅ്മിൻ, 40:8)*

'ഈ വാക്യം മൂന്ന് വിഭാഗത്തിലുള്ള മാലാഖമാരെ വെളിപ്പെടുത്തുന്നു, അവരിൽ രണ്ടു വിഭാഗം ദലാലതു നസ്സ് (പ്രമാണങ്ങളിലൂടെ തെളിയിക്കപ്പെട്ടവർ) നിന്നുള്ളവരും മൂന്നാമത്തേത് ഇഷാരതു-നസ്സിൽ നിന്നുള്ളവരുമാണ്. ആദ്യത്തേത് അല്ലാഹുവിന്റെ സിംഹാസനം വഹിക്കുന്ന മലക്കുകളുടേതാണെന്നും (പ്രമാണങ്ങളിൽ സൂചിപ്പിക്കപ്പെട്ടവർ) രണ്ടാമത്തേത് അവന്റെ സിംഹാസനം ചുറ്റുന്ന മലക്കുകളുടേതാണെന്നും പറയപ്പെടുന്നു.

'മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആദ്യ വിഭാഗം ദൈവിക കൽപ്പനകൾ നടപ്പിലാക്കുന്ന ദൂതന്മാരാണ്. രണ്ടാമത്തെ വിഭാഗം താഴ്ന്ന പദവികളിലുള്ള മലക്കുകൾക്ക് ആദ്യപദവിയിലുള്ളവരുടെ നിർദ്ദേശങ്ങൾ കൈമാറുന്നു. പ്രവർത്തിക്കുന്നു. അവന്റെ സിംഹാസനത്തെ രണ്ടാം പദവിയിലുള്ളവർ വലയം ചെയ്യുന്നു. ഒരു മൂന്നം പദവിയിലുള്ള മലക്കുകളുടെ സാന്നിദ്ധ്യവും ഈ പ്രസ്താവന തെളിയിക്കുന്നു. ഇത് ഹദീസുകളും ശരിയാണെന്ന് തെളിയിക്കുന്നു...

'അങ്ങനെ അല്ലാഹുവിന്റെ സിംഹാസനം വഹിക്കുന്ന മലക്കുകൾ ഉണ്ട്. എന്നിട്ട് അവർക്ക് കീഴ്പെട്ടവരും അവരുടെ സഹായികളായി വർത്തിക്കുന്നവരുമായ മലക്കുകളും ഉണ്ട്. 'ഈ രണ്ടാം പദവിയിലുള്ളവർക്ക് നേരിട്ട് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലെങ്കിലും അവർ ഒന്നാം വിഭാഗത്തിന്റെ സഹായികളായി പ്രവർത്തിക്കുന്നു. പിന്നെ ഈ രണ്ടാം വിഭാഗത്തിന് സേവകന്മാരായ വർത്തിക്കുന്ന മാലാഖമാരുമുണ്ട്. അതിനാൽ, മൂന്ന് റാങ്കുകളുള്ള മാലാഖമാരുണ്ട്.

- അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ പ്രകടമാക്കുന്നവർ
- ഒന്നാം പദവിയിലുള്ളവരെ സഹായിക്കുകയും അല്ലാഹുവിന്റെ മുകർറബ് (അടുത്തവർ) ആയി തുടരുകയും ചെയ്യുന്നു
- ചെറിയ ജോലികൾക്കായി നിയോഗിക്കപ്പെട്ടവർ. സർവ്വശക്തനായ അല്ലാഹു പറയുന്നതുപോലെ അവരുടെ എണ്ണം നിർണ്ണയിക്കാൻ കഴിയില്ല.

**'നിന്റെ രക്ഷിതാവിന്റെ സൈന്യത്തെ അവനല്ലാതെ മറ്റാർക്കും അറിയുകയില്ല.** *(സൂറ അൽ-മുദ്ദസ്സീർ, 74:.32) (മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം. വാ 5, പേ 490491)*

5. അവർക്ക് പാപം ചെയ്യാൻ കഴിയില്ല.

'തിന്മ ചെയ്യാനുള്ള കഴിവ് നൽകപ്പെടാത്ത ഒരു സൃഷ്ടിയാണ് മാലാഖമാർ... മനുഷ്യരിൽ നിന്ന് വ്യത്യസ്തമായി, മാലാഖമാരുടെ പ്രവർത്തനത്തിന്റെ വ്യാപ്തി പരിമിതമാണ്. മനുഷ്യന് തന്റെ പരിധികൾ ലംഘിക്കാൻ കഴിയും, എന്നാൽ മാലാഖമാർക്ക് അവർക്ക് നൽകിയിട്ടുള്ള പരിധികൾ മറികടക്കാൻ കഴിയില്ല. സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പ്രഖ്യാപിക്കുന്നു:

**'അല്ലാഹു അവരോട് കൽപിക്കുന്ന ഒരു കൽപ്പനയും അവർ ലംഘിക്കുകയില്ല.; അവർ ആജ്ഞാപിക്കുന്നത് പോലെ അവർ പ്രവർത്തിക്കുകയും ചെയ്യുന്നു.** *(ഖുർആൻ, .66:7) (മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വോ. 5, പേ. 492)*

6. അവർ അല്ലാഹുവിന്റെ കൽപന അതിന്റെ പരമാവധി നിറവേറ്റുന്നു.

'മലക്കുകൾക്ക് അല്ലാഹുവിന്റെ കൽപ്പന അനുസരിക്കാതിരിക്കാൻ കഴിയില്ലെന്ന് മാത്രമല്ല, ദൈവത്തിന്റെ കൽപ്പന പൂർണ്ണമായും നിറവേറ്റാൻ കഴിയുന്ന അന്തർലീനമായ കഴിവുകൾ അവർക്കുണ്ട്. അവർക്ക് നൽകപ്പെട്ട ഏത് ജോലിയും പൂർണ്ണമായും നിറവേറ്റാനുള്ള കഴിവ് അവർക്ക് നൽ

കിയിട്ടുണ്ട്. അതിനർത്ഥം അവർക്കെല്ലാവർക്കും അത് ചെയ്യാൻ കഴിയും എന്നാണ്. മാലാഖമാർ മനുഷ്യരിൽ നിന്ന് വ്യത്യസ്തരാണ്, ചില മനുഷ്യർക്ക് ഒരു കൽപ്പന നിറവേറ്റാനുള്ള ശക്തിയുണ്ട്., ചിലർക്ക് ഇല്ല. 'അല്ലാഹു പറയുന്നു: 'അവർ കൽപിക്കപ്പെട്ടതുപോലെ ചെയ്യുന്നു'. *(ഖുർആൻ .66:7) (മലായിക്കത്തുല്ലാഹ് അൻവാറുൽ ഉല്യം 5, പേ 492)*

7. ഒരു ബാഹ്യശക്തിക്കും അവരെ കൈകാര്യം ചെയ്യാൻ കഴിയില്ല.

'മാലാഖമാർ എല്ലാ തരത്തിലും (ബാഹ്യ സ്വാധീനത്തിൽ നിന്ന്) സംരക്ഷിക്കപ്പെടുന്നു. സർവശക്തനായ അല്ലാഹു പറയുന്നു:

**'അവരുടെ മേൽ കർക്കശക്കാരനും കഠിനമനസ്കരുമായ മലക്കുകളെ നിയോഗിച്ചിരിക്കുന്നു.'** (സൂറാ: തഹ്‌രീം. 66:.7)

'മാലാഖമാർ കർക്കശക്കാരും കഠിനരുമാണ്. മറ്റൊരു ശക്തിക്കും അവരെ സ്വാധീനിക്കാനോ ബാധിക്കാനോ കഴിയില്ല; പകരം, അവർ സ്വാധീനിക്കാൻ കൽപ്പിക്കപ്പെടുന്ന ഏത് പദാർത്ഥത്തെയും സ്വാധീനിക്കുകയും പൂർണ്ണമായും ബാധിക്കുകയും ചെയ്യുന്നു. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉല്യം. വോ 5, പേ. 493)*

8. അവ എണ്ണത്തിൽ എണ്ണമറ്റതാണ്

'അവരുടെ എണ്ണം മനുഷ്യർക്ക് അളക്കാൻ കഴിയാത്തതാണ്. സർവശക്തനായ അല്ലാഹു ഇപ്രകാരം പ്രഖ്യാപിക്കുന്നു: **'നിന്റെ രക്ഷിതാവിന്റെ സൈന്യത്തെ അവനല്ലാതെ ആരും അറിയുകയില്ല.'** (സൂറ അൽ-മുദ്ദസ്സിർ, 74:32)

**'മലക്കുകളുടെ എണ്ണം അല്ലാഹുവിന് മാത്രമേ അറിയൂ. മറ്റാരുമില്ല'.** *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉല്യം വാ. 5, പേ. 493)*

9. അവർ ഭരണപരമായ ഒരു സംവിധാനമാണ് പിന്തുടരുന്നത്.

'അവർ (മാലാഖമാർ) അവരുടെ ഭരണപരമായ സേവനത്തിൽ അവരുടെ സ്ഥാനം നിർണ്ണയിക്കപ്പെട്ടതാണ്. അവർ വിവിധ ഡിവിഷനുകളുടെ പല റാങ്കുകളിൽ അധികാരമുള്ള ഓഫീസുകളുടെ ചുമതല വഹിക്കുന്നു. അതിനാൽ, സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പ്രഖ്യാപിക്കുന്നു: 'പറയുക: **നിങ്ങളുടെ കാര്യം ഭരമേൽക്കപ്പെട്ടിരിക്കുന്ന മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവനെ പിടിക്കും. അപ്പോൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങളെ മടക്കിക്കൊണ്ടുവരും.** (അസ്സജദ: 32:12)

'അല്ലാഹു ഇപ്രകാരം പ്രഖ്യാപിക്കുന്നു: **'അക്രമികൾ മരണത്തിന്റെ വേദനയിൽ അകപ്പെട്ടിരിക്കുകയും മലക്കുകൾ കൈകൾ നീട്ടി ഇങ്ങനെ പറയുകയും ചെയ്യുന്ന സന്ദർഭം നിങ്ങൾക്ക് കാണാൻ കഴിഞ്ഞിരുന്നവെങ്കിൽ: 'നിങ്ങൾ നിങ്ങളുടെ ജീവനെ പുറത്ത് കൊണ്ടു വരൂ. എന്നും നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അസത്യം ആരോപിക്കുകയും അഹംഭാവം നടിച്ചുകൊണ്ട് അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് വിമുഖരാവുകയും ചെയ്ത കാരണത്താൽ ഇന്ന് അപമാനത്തിന്റെ ശിക്ഷ നിങ്ങൾക്ക് നൽകപ്പെടുകയും ചെയ്യുന്നതാതാണ്.** *(അൻആം .6:94)*

മറ്റൊരു സ്ഥലത്ത് അവൻ പറയുന്നു:

**'തീർച്ചയായും സ്വന്തം ആത്മാക്കളോട് ദ്രോഹം ചെയ്തവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവൻ പിടിച്ചെടുക്കുന്നുവോ ആ മലക്കുകൾ അവരോട് പറയും നിങ്ങൾ ഏതു സ്ഥിതിയിലായിരുന്നു?'** *(അന്നിസാഅ് 4:98)*

'ഈ മൂന്ന് വാക്യങ്ങളെക്കുറിച്ച് ചിന്തിക്കുക. ആളുകളുടെ ആത്മാക്കളെ എടുക്കാൻ ഒരു മലക്കിനെ മാത്രമേ ചുമതലപ്പെടുത്തിയിട്ടുള്ളൂ എന്ന് ആദ്യവാക്യം പരാമർശിക്കുന്നു. പല മലക്കുകളും ആത്മാക്കളെ എടുക്കുന്നുവെന്ന് മറ്റ് രണ്ട് വാക്യങ്ങൾ പരാമർശിക്കുന്നു.

'ഒരു മലക്കിനെ ഈ ദൗത്യത്തിന്റെ ചുമതല ഏൽപ്പിച്ചിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു, എന്നാൽ മറ്റ് പല മലക്കുകൾ പ്രസ്തുത മലക്കിന്റെ കീഴിൽ പ്രതിനിധികളായി അനുസരണയോടെ പ്രവർത്തിക്കുന്നു, അവർ അദ്ദേഹത്തിന്റെ ജോലി നിർവഹിക്കുന്നു. മരണപ്രക്രിയക്കായി ഒരു ഭരണസംവിധാനം ഉപയോഗിക്കുന്നുണ്ടെങ്കിൽ, മലക്കുകളിലൂടെ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും അത്തരം ഭരണസംവിധാനം ഉപയോഗിക്കുന്നുണ്ടെന്ന് അനുമാനിക്കാം. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉല്യം വാ. 5 പേ 493-494)*

10. അവർ അവരുടെ അവസ്ഥയിലും ശക്തിയിലും പരിമിതരാണ്.

'മനുഷ്യരിൽ നിന്ന് വ്യത്യസ്തമായി, മാലാഖമാർ അവരുടെ ശക്തികളിലും കഴിവുകളിലും പരിമിതരാണ്. അവർ ഒരു അവസ്ഥയിൽ മാത്രമേ നിലനിൽക്കൂ, അതേസമയം മനുഷ്യർക്ക് വളരെയധികം പുരോഗമിക്കാനും പരിണമിക്കാനും കഴിയും. സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പറയുന്നു:

**'അവൻ (അല്ലാഹു) ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചു. എന്നിട്ട് മലക്കുകൾക്ക് മുമ്പിൽ ഈ പേരുകൾ വെച്ചുകൊണ്ട് അനന്തരം അവൻ അവ (ആ നമങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെടുന്നവ)യെ മലക്കുകൾക്ക് മുമ്പിൽ വച്ചു കാട്ടിഎന്നിട്ട് അവൻ പറഞ്ഞു നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോട് പറയുക. അവർ പറഞ്ഞു: നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോട് പറയുക. അവർ പറഞ്ഞു: നീ പരിശുദ്ധ**

**നാണ്. നീ ഞങ്ങൾക്ക് പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്ക് യാതൊരു അറിവുമില്ല. തീർച്ചയായും നീ സർവ്വജ്ഞനും യുക്തിമാനുമാകുന്നു.'** *(സൂറ അൽ ബഖറ, .2:3233) (മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ. 5 പേ 494-495.)*

11. അവർക്ക് ഇച്ഛാ സ്വാതന്ത്ര്യമുണ്ട്. പക്ഷേ വളരെ പരിമിതമായ അളവിൽ.

'അവരുടെ (മാലാഖമാരുടെ) മാതൃക ഒരു കുതിരയ്ക്ക് സമാനമാണ്, അതിന്റെ കഴുത്ത് ഒരു കുറ്റിയിൽ ബന്ധിച്ച നീളമുള്ള കയറിൽ കെട്ടിയിരിക്കുന്നു. കുതിരയ്ക്ക് നീങ്ങാൻ കഴിയും, പക്ഷേ കുതിരക്ക് അതിന്റെ കഴുത്തിൽ ബന്ധിച്ച കയറിന്നപ്പുറത്തേക്ക് നീങ്ങാൻ കഴിയില്ല. മാലാഖമാർ ഒരു നിശ്ചിത സ്റ്റേഷനെ പരിക്രമണം ചെയ്യുകയും അതിന്റെ അതിർത്തികൾ വിട്ടുപോകാൻ കഴിയാതിരിക്കുകയും ചെയ്യുന്നു. ഈ അതിർത്തി ഇതാണ്ഃ

**അല്ലാഹു അവരോട് കൽപിക്കുന്നതിനെ അവർ ധിക്കരിക്കുകയില്ല; അവർ കൽപിക്കപ്പെടുന്നതുപോലെ അവർ പ്രവർത്തിക്കുകയും ചെയ്യും.** *(സൂറ അൽ തഹ്‌രീം 66:7)*

'ഹദ്റത്ത് ആദം[അ] നെക്കുറിച്ച് അവർ ഉന്നയിക്കുന്ന ചോദ്യത്തിലൂടെ മാലാഖമാർക്ക് സ്വാതന്ത്ര്യമുണ്ടെന്ന് ഒരാൾക്ക് മനസ്സിലാക്കാൻ കഴിയും. **'അതിൽ കുഴപ്പമുണ്ടാക്കുകയും രക്തം ചൊരിയുകയും ചെയ്യുന്നവരെ നീ അവിടെസ്ഥാപിക്കുകയാണോ?'** (സൂറ അൽ ബഖറ, 2:31)

'മനുഷ്യർ കുഴപ്പമുണ്ടാക്കുകയും രക്തം ചൊരിയുകയും ചെയ്താൽ (ഖലീഫയെ ഭൂമിയിൽ നിർത്തുന്നതിൽ) എന്ത് ജ്ഞാനമാണുള്ളതെന്ന് മലക്കുകൾ സർവ്വശക്തനായ അല്ലാഹുവിനോട് ചോദിച്ചു. ഈ ചോദ്യം ചോദിക്കുന്നത് മാലാഖമാർക്ക് ഒരു പരിധിവരെ ഇച്ഛാശക്തിയുണ്ടെ് വ്യക്തമാക്കുന്നു. എന്നിരുന്നാലും, ഈ സ്വതന്ത്ര ഇച്ഛാശക്തി അവരെ തിന്മയിലേക്ക് ആകർഷിക്കുകയോ (നിറവേറ്റാൻ നിയോഗിക്കപ്പെട്ട) സദ്ഗുണത്തെ കവിയുകയോ ചെയ്യുന്നില്ല. 'മാലാഖമാർക്ക് ചില സ്വാതന്ത്ര്യമുണ്ടെന്നും ഹദീസിൽ നിന്ന് നാം മനസ്സിലാക്കുന്നു. ഒരു മനുഷ്യൻ ഒരു പണ്ഡിതന്റെ അടുത്ത് പോയി ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 'ഞാൻ എണ്ണമറ്റ പാപങ്ങൾ ചെയ്തിട്ടുണ്ട്. എനിക്ക് പാപപൊറുതി ലഭിക്കുമോ?' പണ്ഡിതൻ പറഞ്ഞു: 'നിങ്ങളുടെ അനുതാപം സ്വീകരിക്കപ്പെടുകയില്ല'. ആ മനുഷ്യൻ പണ്ഡിതനെ കൊന്നുകളഞ്ഞു. മറ്റൊരു പണ്ഡിതന്റെ അടുത്തേക്ക് അയാളുടെ കൈകളിൽ നിന്ന് പശ്ചാത്തപിക്കാൻ. പോയി, എന്നാൽ ആ മനുഷ്യൻ വഴിമധ്യേ മരിച്ചു. അപ്പോൾ സ്വർഗത്തിലെ മലക്കുകൾ പറഞ്ഞു: 'ഞങ്ങൾ അവനെ സ്വർഗത്തിലേക്ക് കൊണ്ടു പോകും, കാരണം അവൻ അനുതപിക്കാനുള്ള ഉദ്ദേശ്യത്തോടെയാണ് പോയത്'. എന്നാൽ നരകത്തിലെ മലക്കുകൾ പറഞ്ഞു: 'അവൻ പശ്ചാത്തപിക്കുന്നതിനു മുമ്പ് മരിച്ചതിനാൽ ഞങ്ങൾ അവനെ നരകത്തിലേക്ക് കൊണ്ടു പോകും.' *(സഹീഹ് മുസ്‌ലിം കിതബു തൗബ,).*

മലക്കുകൾക്ക് (ഒരു പരിധിവരെ) ഇച്ഛാശക്തിയുണ്ടെന്ന് ഇത് (സംവാദവും അഭിപ്രായവ്യത്യാസവും) വ്യക്തമാക്കുന്നു. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ. 5, പേ. 495496)*

12. അവർക്ക് അദൃശ്യകാര്യങ്ങൾ അറിയുകയില്ല.

അല്ലാഹു പറയുന്നു.

**'അവരെയെല്ലാവരെയും അവനൊരുമിച്ചു കൂട്ടുന്ന നാളിനെ (ഓർക്കുക) പിന്നെ അവൻ മലക്കുകളോട് പറയും 'ഇവരാണോ നിങ്ങളെ ആരാധിച്ചിരുന്നത്? അവർ (മലക്കുകൾ) പറയും, ഞങ്ങൾ നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. നീയാണ് അവർക്കെതിരെ ഞങ്ങളുടെ രക്ഷാധികാരി. പക്ഷേ അവർ ജിന്നുകളെയാണ് ആരാധിച്ചുകൊണ്ടിരുന്നത് അവർ അധികമാളുകളും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരാണ്.** (സബഅ്.34:41 42)

'അദൃശ്യകാര്യങ്ങളെ കുറിച്ച് മലക്കുകൾക്ക് യാതൊരു അറിവുമില്ലെന്ന് ഈ വാക്യം തെളിയിക്കുന്നു. മലക്കുകൾക്ക് അദൃശ്യകാര്യങ്ങൾ അറിയാമായിരുന്നുവെങ്കിൽ അവർ തങ്ങളുടെ ആരാധനയെക്കുറിച്ച് അറിവില്ലായ്മ പ്രകടിപ്പിക്കുമായിരുന്നില്ല... ചില മലക്കുകൾ, അറിവില്ലായ്മ കാരണം, ചില മനുഷ്യർ അവരെ (ലോകത്തിൽ) ആരാധിച്ചിരുന്നുവെന്ന് നിഷേധിക്കുന്നു'. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ.. 5, പേ. 496)*

13. വ്യത്യസ്ത ജോലികൾക്കായി വ്യത്യസ്ത മലക്കകളെ നിയോഗിച്ചിട്ടുണ്ട്.

'ഉഹുദ് യുദ്ധത്തേക്കാൾ കഠിനമായ ഒരു ദിവസം നിങ്ങൾ നേരിട്ടിട്ടുണ്ടോ' എന്ന് ഹദ്റത്ത് ആയിശ[റ] നബി[സ]യോട് ചോദിച്ചതായി ഹദീസ് രേഖപ്പെടുത്തുന്നു. പ്രവാചകൻ[സ] മറുപടി നൽകി: 'അഖബയുടെ നാളിൽ മക്കക്കാരുടെ തിരസ്കരണത്തെ തുടർന്ന് ഞാൻ അബ്ദ്-യലാലൈലിലെ ജനതയുടെ അടുത്തേക്ക് പോയപ്പോൾ അവർ എന്റെ സന്ദേശം ശ്രദ്ധിച്ചില്ല. എന്നെ നിരസിക്കുകയും ചെയ്തു. അതിനാൽ, അമിതമായ ദുഃഖം കൊണ്ട് ഞാൻ പോയി തുടർന്നു. ഒരു മേഘം കാണാൻ ഞാൻ ആകാശത്തേക്ക് തല ഉയർത്തി, അതിൽ ജിബ്രീലിന്റെ[അ] കണ്ടു. അദ്ദേഹം എന്നെ വിളിച്ച് പറഞ്ഞു: നിങ്ങളുടെ ജനങ്ങൾ നിങ്ങളോട് പറഞ്ഞതെല്ലാം അല്ലാഹു കേട്ടി

ശേഷം പേജ് 33 ൽ

# ബൈബിളിലില്ലാത്ത ത്രിത്വ വാദം

ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസമായ ത്രിത്വം യേശു പ്രബോധിച്ചതായി ബൈബിളിൽ യാതൊരു തെളിവുമില്ല എന്നത് ക്രിസ്തു മതം മറുപടി പറയേണ്ട ഒരു വെല്ലുവിളി തന്നെയാണ്.

**അതാവുൽ മുജീബ് റാശിദ്**

ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണം ത്രിത്വമാണ്. അത് കൊണ്ട് ത്രിത്വ സിദ്ധാന്തത്തെ പറ്റി ബൈബിൾ പ്രാമാണികമായി തന്നെ വ്യാപകമായും ആവർത്തിച്ചും വിശദീകരിക്കേണ്ടതുണ്ടെന്ന് നമ്മുടെ യുക്തി ആവശ്യപ്പെടുന്നു. ത്രിത്വത്തിന്റെ അസ്തിത്വം ചരിത്രപരമായും തെളിയിക്കേണ്ടതുണ്ട്. അതായത് പൗരാണിക കാലം മുതൽ തന്നെ ഈ സിദ്ധാന്തത്തിന്റെ സാന്നിദ്ധ്യം തെളിയിക്കണം അത്ഭുതകരമെന്ന് പറയട്ടെ ക്രിസ്ത്യാനികൾ അഭിമാനപൂർവ്വം വിശ്വസിക്കുന്ന ത്രിത്വ സിദ്ധാന്തം രണ്ട് വീക്ഷണ കോണിലും തെറ്റാണെന്ന് തെളിയുന്നു. യേശു ഒരിക്കലും ത്രിത്വം പ്രബോധിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്ത്യാനികൾ ത്രിത്വത്തെ പറ്റി ബൈബിളിൽ സൂചനയുണ്ടെന്ന് പറഞ്ഞ് ഈ വാദത്തെ എതിർക്കാറുണ്ട്. ഉദാഹരണത്തിന്ന് മത്തായി 28: 19* ലെ പരാമർശം. ഈ വചനത്തിൽ മൂന്ന് അസ്തിത്വങ്ങളെക്കുറിച്ച് കേവലം പരാമർശിച്ചത് കൊണ്ട് മാത്രം ത്രിത്വത്തെ സ്ഥാപിക്കലാവുന്നില്ല. ഈ പരാമർശം ശരിയാവണമെന്നില്ല. അതിനെപറ്റി യേശു പരാമർശിക്കേണ്ടത്. അത്യാവശ്യമാണ്. എന്നാൽ ത്രിത്വത്തെ പറ്റി പരാർശിക്കേണ്ടതിന്ന് പകരം യേശു എപ്പോഴും ദൈവത്തിന്റെ ഏകത്വത്തെപറ്റിയും അവനെ ആരാധിക്കേണ്ടതിനെപ്പറ്റിയുമാണ് പറഞ്ഞത്. ഈ വസ്തുത തെളിയിക്കുന്നതിന്റെ ചില ഉദാഹരണങ്ങൾ.

'ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ' (യോഹ:17:3)

'നീ എന്തിന്ന് എന്നെ നല്ലവൻ എന്നു വിളിക്കുന്നു. ദൈവം അല്ലാതെ മറ്റൊരു നല്ലവൻ ഇല്ല.'(ലൂക്ക: 18:19)

യേശു പറഞ്ഞു : 'പരമപ്രധാനമായത് ഇതാണ്, അല്ലയോ ഈസ്റായേൽ കേൾക്കൂ, നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ് '(മാർക്ക് 12:29)

യേശുവിന്റെ ജീവചരിത്രം ആകമാനം നാം പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം എപ്പോഴും ഏക ദൈവത്തിന്റെ ഏകത്വം മാത്രമാണ് പ്രേഷണം ചെയ്തതായി മനസ്സിലാക്കാൻ സാധിക്കുക ത്രിത്വത്തെ പറ്റി അദ്ദേഹം പ്രബോധനം ചെയ്ത ഏതെങ്കിലുമൊരു സംഭവം ചൂണ്ടിക്കാട്ടുവാൻ സാദ്ധ്യമല്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക മാത്രമല്ല അത് മറ്റുള്ളവരിൽ പ്രചരിപ്പിച്ചതായി നിരവധി സംഭവങ്ങൾ ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ കുരിശ് സംഭവത്തിന്ന് മുമ്പായി നടന്ന ബൈബിൾ വിവരണങ്ങൾ ഈ വസ്തുത വ്യക്തമായി തെളിയിക്കുന്നു.

യേശുവിനെ ക്രൂശിക്കാൻ വേണ്ടി കുറ്റമാരോപിച്ച് യഹൂദികൾ പിടിച്ചപ്പോൾ എന്തായിരുന്നു വാസ്തവത്തിൽ അദ്ദേഹത്തിൽ ചാർത്തപ്പെട്ട കുറ്റം? അദ്ദേഹം ദൈവത്തിൽ പങ്കുകാരനാണെന്ന് സ്വയം വാദം ഉന്നയിച്ചു എന്നതായിരിക്കണമല്ലോ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുറ്റം. അതായത് ദൈവത്തിന്റെ അസ്തിത്വ സങ്കൽപ്പത്തിലെ ഒരംശം താനാണെന്ന് യേശു വാദിച്ചു എന്ന യോഹാന്നന്റെ സുവിശേഷ പ്രകാരം യേശുവിചാരണ വേളയിൽ ചോദ്യം ചെയ്തപ്പോൾ യേശു പറഞ്ഞ കാര്യം ബൈബിൾ വിവരിക്കുന്നു:

'മഹാപുരോഹിതന്മാർ യേശുവിനോട് അവന്റെ ശിഷ്യന്മാരേയും അവന്റെ പ്രബോധനത്തെയും കുറിച്ച് ചോദിച്ചു. യേശു പറഞ്ഞു: ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു. എല്ലാ യഹൂദരും ഒന്നിച്ചു കൂടുന്ന സിനഗോഗുകളിലും ദേവാലയത്തിലും വച്ചാണ് ഞാൻ എപ്പോഴും സംസാരിച്ചത്. ഞാൻ ഒന്നും രഹസ്യമായി പറഞ്ഞിട്ടില്ല. പിന്നെയെന്തിന്ന് എന്നോട് ചോദിക്കണം? ഞാൻ എന്താണ് പറഞ്ഞതെന്ന് കേട്ടവരോട് ചോദിക്കുക. ഞാൻ പറഞ്ഞത് അവർക്കറിയാം' (യോഹ: 18:10)

യേശു തന്റെ പ്രബോധനം പരസ്യമായിട്ടണ് നടത്തിയതെന്ന് ഈ വചനം തെളിയിക്കുന്നു. അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്ന് കൊണ്ട് സത്യം യാതൊന്നും മറച്ചുവെക്കാതെ എല്ലാം പരസ്യമായി പറയുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ അദ്ദേഹം യഹൂദന്മാർക്ക് അഹിതകരമായ ദൈവദൂഷണം (ത്രിത്വവാദം) പറയുകയാണെങ്കിൽ പരസ്യമായി പറഞ്ഞ അക്കാര്യം കേട്ട ആയിരക്കണക്കിന്ന് ശ്രോതാക്കളുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന്ന് വിരുദ്ധമായി യേശു വിശ്വാസമില്ലായ്മ തെളിയിക്കാൻ നിരവധി സാക്ഷികളു

ണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടില്ല. അതിന്ന് വിരുദ്ധമായി യേശുവിന്റെ വിശ്വാസമില്ലായ്മ തെളിയിക്കാൻ ഒരു സാക്ഷിയെ പോലും ഹാജരാക്കാൻ അവർക്ക് സാധിച്ചിട്ടില്ല. യഹൂദ പുരോഹിതമുഖ്യൻ കള്ള സാക്ഷികളെ പോലും ഹാജരാക്കി നോക്കി. പക്ഷേ അവർക്ക് കെട്ടി ചമച്ച ആരോപണം തെളിയിക്കാൻ സാധിച്ചില്ല. അത് ഇപ്രകാരം ബൈബിളിൽ രേഖപ്പെട്ടുകിടക്കുന്നു:

'കാര്യം എങ്ങനെ കലാശിക്കാം എന്നു കാണാൻ അയാൾ അകത്തുകടന്നു പരിചാരകരുടെ കൂടെ ഇരുന്നു മുഖ്യ പുരോഹിതരും സംഘം മുഴുവനും യേശുവിന്ന് മരണശിക്ഷ വിധിക്കാൻ അവന്ന് എതിരെ കള്ളതെളിവുകൾ കിട്ടുമോ എന്ന് നോക്കി. പല കള്ളസാക്ഷികളും മുന്നോട്ടുവന്നെങ്കിലും തെളിവൊന്നും അവർക്ക് കിട്ടിയില്ല. ' (മത്തായി. 26:59-60)

'മുഖ്യപുരോഹിതരും സംഘം മുഴുവനും യേശുവിന്ന് മരണശിക്ഷവിധിക്കാൻ അവന്ന് എതിരെ തെളിവുകൾ കിട്ടുമോ എന്നു നോക്കി. എന്നാൽ തെളിവൊന്നും അവർക്ക് കിട്ടിയില്ല. പലരും യേശുവിന്നെതിരെ കള്ളസാക്ഷ്യങ്ങൾ പറഞ്ഞെങ്കിലും അവരുടെ മൊഴികൾക്ക് പൊരുത്തം ഇല്ലായിരുന്നു. ചിലർ എഴുന്നേറ്റു അവനെതിരെ കള്ളസാക്ഷ്യം പറഞ്ഞു. 'മനുഷ്യ കരങ്ങൾക്കൊണ്ട് നിർമ്മിച്ച് ദേവാലയം ഞാൻ നശിപ്പിക്കും മനുഷ്യ കരങ്ങൾക്കൊണ്ട് നിർമ്മിക്കാത്ത മറ്റൊന്ന് മൂന്ന് ദിവസം കൊണ്ട് ഞാൻ പണിയുകയും ചെയ്യും' എന്ന് ഇവൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നിട്ടും അവരുടെ മൊഴികൾ പൊരുത്തപ്പെട്ടിട്ടില്ല.' (മാർക്ക് 14:55-59)

യേശുവിനെതിരെയഹൂദികൾനടത്തിയ ദുരാരോപണങ്ങൾ തെളിയിക്കാൻ സത്യ സാക്ഷികളെ ഹാജരാക്കുവാൻ അവർക്ക് സാധിച്ചിരുന്നില്ല. അത് ഈ ബൈബിൾ പരാമർശങ്ങളിൽ നിന്നും വളരെ വ്യക്തമാണ്. അവരുടെ ആരോപണങ്ങളിൽ നീതിമാനായ ന്യായാധിപൻ അതൃപ്തി രേഖപ്പെടുത്തിയതായി.

'പീലാത്തോസ് മുഖ്യ പുരോഹിതനോടും ജനത്തോടും പറഞ്ഞു: ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.'(ലൂക്ക് 23:4)

'അപ്പോൾ പീലാത്തോസ് മുഖ്യപുരോഹിതരേയും പ്രമാണികളെയും ജനങ്ങളെയും വിളിച്ചു കൂട്ടിപ്പറഞ്ഞു: ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്ന കുറ്റം ആരോപിച്ച് ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടു വന്നു. ഇതാ നിങ്ങളുടെ മുമ്പേ വെച്ച് പരിശോധിച്ചിട്ടും നിങ്ങൾ ആരോപിക്കുന്ന കുറ്റമൊന്നും ഈ മനുഷ്യനിൽ ഞാൻ കണ്ടില്ല. ഹെറോദോസും കണ്ടില്ല. കാരണം അയാൾ ഇവനെ മടക്കി അയച്ചിരിക്കുന്നു. ഇതാ മരണ ശിക്ഷ അർഹിക്കുന്നതൊന്നും ഇവൻ ചെയ്തിട്ടില്ല.' (25:15-15)

'പിലാത്തോസ് ചോദിച്ചു: എന്താണ് സത്യം? ഇത് ചോദിച്ച ശേഷം അയാൾ വീണ്ടും യഹൂദരുടെ അടുക്കൽ ചെന്ന് പറഞ്ഞു: ഞാൻ ഇവനിൽ കുറ്റമൊന്നും കാണുന്നില്ല.'(യോഹ: 18:, 38) 'താൻ വിചാരിച്ചാൽ നടക്കാൻ പോകില്ലെന്നും മറിച്ച് ഒരു ലഹള ഉണ്ടായേക്കാമെന്നും തോന്നിയിട്ട് പീലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിന്ന് മുമ്പാകെ കൈ കഴുകി പറഞ്ഞു: ഈ മനുഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക' (മത്തായി 27:24)

ത്രിത്വത്തിനെതിരെ ഞങ്ങളുടെ വാദമിതാണ്. കോടതിയിൽ ഏക ദൈവത്തിൽ വിശ്വസിക്കുന്ന യഹൂദരുണ്ടായിരുന്നുവല്ലോ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ഇന്ന് വിശ്വസിക്കുന്നത് പോലെ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിരുന്നുവെങ്കിൽ യഹൂദന്മാർ അക്കാര്യം കോടതിയിൽ സ്ഥാപിക്കുമായിരുന്നു. തീർച്ചയായും യഹൂദികളുടെ മതവിശ്വാസത്തിന്നെതിരെ ദൈവദൂഷണം പറഞ്ഞതായും അതു വഴി യേശു കുറ്റവാളിയാണെന്ന് എളുപ്പത്തിൽ സ്ഥാപിക്കാനും സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മേലുള്ള ദൈവദൂഷണ കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിനെതിരെ കോടതിയിൽ ഹാജരാക്കിയ സാക്ഷികളെല്ലാം കള്ളസാക്ഷികളാണെന്ന് തെളിയുകയുമാണുണ്ടായത്.

യേഹന്നാൻ രേഖപ്പെടുത്തുന്നു: 'ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു' (യോഹ: 18:20)

വാസ്തവത്തിൽ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആയിരക്കണക്കിനാളുകൾ സാക്ഷികളായി എളുപ്പത്തിൽ ലഭിക്കുമായിരുന്നു. അദ്ദേഹമാകട്ടെ പരസ്യമായിട്ടാണ് തന്റെ വിശ്വാസപ്രഖ്യാപനം നടത്തിയത് ഒന്നും രഹസ്യമായിരുന്നില്ല. യേശു ത്രിത്വം പറഞ്ഞിരുന്നു വെങ്കിൽ അവർക്ക് കള്ള സാക്ഷികളെ ഹാജരാക്കേണ്ടിവരുമായിരുന്നില്ല. യേശു പറഞ്ഞ കാര്യങ്ങൾ യഹൂദ മതത്തിന്റെ അംഗീകൃത വിശ്വാസമായ ഏകദൈവ വിശ്വത്തിന്നെതിരായ, ദൈവദൂഷണമാണെന്ന് തെളിയിക്കാൻ ഒരു യഥാർത്ഥ സാക്ഷിയേയും അവർക്ക് ഹാജ്രാക്കാൻ സാധിച്ചില്ല. ഇതിൽ നിന്നും ഒരാൾക്ക് ന്യായമായും എത്തിചോരാവുന്ന നിഗമനം, യേശു ഒരിക്കലും ത്രിത്വ സിദ്ധാന്തം പറഞ്ഞിട്ടില്ല എന്നാണ്. പകരം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്നു കൊണ്ട് ദൈവത്തിന്റെ ഏകത്വത്തെ പ്രബോധിക്കുകയാണ് അദ്ദേഹം ചെയ്തത്. അതിലുപരിയായി യേശുവിന്റെ കാലത്ത് ത്രിത്വം എന്ന വിശ്വാസം നിലവിലില്ലായിരുന്നു എന്നും തെളിയുന്നു അതിന്ന് ശേ

ശേഷം പേജ് 38 ൽ

**ലേഖനം**



# മുനീർ കമ്മീഷൻ റിപ്പോർട്ട്: ജമാഅത്തെ ഇസ്‌ലാമി ഭയപ്പെടുന്നതെന്ത് കൊണ്ട്?

മുനീർ കമ്മീഷൻ റിപ്പോർട്ട് പോലെ ആധുനിക ഇസ്‌ലാമിക പണ്ഡിതന്മാരുടെ ഇസ്‌ലാമിക ചിന്തകളെ ഇത്രയും സൂക്ഷ്മവും സമഗ്രവുമായി വിശലകലനം ചെയ്ത് പരിശോധിക്കുകയും അവരുടെ പിന്തിരിപ്പൻ ആശയങ്ങളും പ്രതിലോമ ചിന്തകളും ഇത്രയധികം സമർത്ഥമായി അനാവരണം ചെയ്യുകയും ചെയ്ത മറ്റൊരു രേഖയും ഇസ്‌ലാമിക ചരിത്രത്തിലുണ്ടായിട്ടില്ല. മതം മാത്രമല്ല മറ്റു മാനവീയ – വൈജ്ഞാനിക വിഷയങ്ങളും റിപ്പോർട്ടിൽ സ്പർശിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.

**എ. എം മുഹമ്മദ് സലീം**

1953 ൽ പാകിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദി അടക്കമുള്ള തീവ്ര മുസ്‌ലിം പണ്ഡിതന്മാരും അവരുടെ സംഘടനകളും ചേർന്ന് അഹ്മദികൾക്കെതിരെ രക്ത രൂഷിതമായ ഒരു കലാപം സംഘടിപ്പിക്കുകയുണ്ടായി. 1953 മാർച്ച് ആദ്യം മുതൽ 1953 ഏപ്രിൽ മദ്ധ്യം വരെ കലാപം നിണ്ടുനിന്നു. പട്ടാളഭരണം ഏർപ്പെടുത്തിയാണ് കലാപം അടിച്ചമർത്തിയത്. കലാപത്തിൽ നിരവധി അഹ്മദികൾ കൊല്ലപ്പെടുകയുണ്ടായി. കലാപത്തെ തുടർന്ന് വ്യാപകമായ കൊള്ളയും തീവെപ്പും ക്രൂരമായ അക്രമണങ്ങളും നടന്നു. ഈ അക്രമണ പരമ്പരകളെ കുറിച്ച് അന്വേഷിക്കാൻ 1954 ൽ പഞ്ചാബ് സർക്കാർ പാസ്സാക്കിയ പഞ്ചാബ് ഡിസ്റ്റർബൻസ് ആക്റ്റ് ഓഫ് 1954, പ്രകാരം നിലവിൽ വന്ന ഒരു സർക്കാർ അന്വേഷണ കമ്മീഷനാണ് മുനീർ കമ്മിഷൻ. അന്വേഷണ കമ്മീഷന്റെ പ്രസിഡണ്ടായിരുന്നു ജസ്റ്റീസ് മുഹമ്മദ് മുനീർ. നിയമജ്ഞനായ മാലിക് റുസ്തം (എം. ആർ) ഖയാനി അന്വേഷണ കമ്മീഷന്റെ ഏക മെംബറുമായിരുന്നു. പഞ്ചാബിലെ ലാഹോർ സർക്കാർ പ്രിന്റിംങ് പ്രസ്സ് പ്രസിദ്ധീകരിച്ച 387 പേജ് വരുന്ന കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖത്തിൽ അഹ്മദിയ്യാ വിരുദ്ധ കലാപത്തെ സംബന്ധിച്ചും കമ്മീഷൻ രൂപവത്ക്കരിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

1953 ജൂലായ് 1 ാം തിയ്യതി ആരംഭിച്ച അന്വേഷണ കോടതി 117 സിറ്റിങ്ങുകളിൽ നടത്തുകയുണ്ടായി. അതിൽ 92 എണ്ണവും തെളിവുകൾ കേൾക്കാനും രേഖപ്പെടുത്താനും വേണ്ടിയായിരുന്നു. 1953 ജനുവരി 23 നാണ് തെളിവെടുപ്പ് അവസാനിച്ചത്. കമ്മീഷൻ വിചാരണ ചെയ്യാൻ പഞ്ചാബ് ഗവർമെന്റ്, പ്രൊവിൻഷ്യൽ മുസ്‌ലിം ലീഗ്, മജ്‌ലിസെ അഹ്‌റാർ, പഞ്ചാബ് മജ്‌ലിസെ തഹഫ്ഫു സെ ഖതമുന്നു ബൂവ്വത്ത് നിയമിച്ച മജ്‌ലിസെ അമൽ, ജമാഅത്തെ ഇസ്‌ലാമി, സദർ അഞ്ചുമൻ അഹ്മദിയ്യ, റബ്‌വ, അഹ്മദിയ്യാ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം, ലാഹോർ എന്നീ ഏഴു കക്ഷികൾക്കാണ് കമ്മിഷൻ ജുഡിഷ്യൽ നോട്ടീസ് അയച്ചത്. ഈ കക്ഷികളെ കമ്മീഷന്റെ പ്രൊസീഡിംങ്സുമായി സഹകരിക്കുവാനും വീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖാമൂലം അറിയിക്കാനും കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ആയിരുന്ന ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് അടക്കം പാകിസ്ഥാനിലെ തലയെടുപ്പുള്ള എല്ലാ പണ്ഡിതന്മാരും കമ്മിഷനു മുമ്പാകെ തെളിവ് നൽകുന്നതിനു ഹാജരായി. ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ അബുൽ അഅ്‌ലാ മൗദൂദി അദ്ദേഹത്തിന്റെ പ്രസ്താവനകളെല്ലാം കമ്മീഷനു മുമ്പിൽ എഴുതി സമർപ്പിക്കുകയാണുണ്ടായത് എന്ന് റിപ്പോർട്ടിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്.

വാസ്തവത്തിൽ മുനീർ കമ്മീഷൻ റിപ്പോർട്ട് പോലെ ആധുനിക ഇസ്‌ലാമിക പണ്ഡിതന്മാരുടെ ഇസ്‌ലാമിക ചിന്തകളെ ഇത്രയും സൂക്ഷ്മവും സമഗ്രവുമായി കീറിമുറിച്ച് പരിശോധിക്കുകയും അവരുടെ പിന്തിരിപ്പൻ ആശയങ്ങളും പ്രതിലോമ ചിന്തകളും ഇത്രയധികം സമർത്ഥമായി അനാവരണം ചെയ്യുകയും ചെയ്ത മറ്റൊരു രേഖയും ഇസ്‌ലാമിക ചരിത്രത്തിലുണ്ടായിട്ടില്ല. മതം മാത്രമല്ല മറ്റു മാനവീയ – വൈജ്ഞാനിക വിഷയങ്ങളും റിപ്പോർട്ടിൽ സ്പർശിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.

മതതീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും പിടിയിലകപ്പെട്ട ലോകത്തിലെ ഏറ്റവും അപകടം പിടിച്ച സ്ഥലങ്ങളിലൊന്നാണ് ഇന്ന് പാകിസ്ഥാൻ. ആ രാജ്യത്തിന്റെ രൂപീകരണം കഴിഞ്ഞ് 6 വർഷത്തിന്നുള്ളിൽ തന്നെ മതരാഷ്ട്രവാദികളായ ജമാഅത്തെ ഇസ്‌ലാമിയും മുല്ലായിസവും ചേർന്ന് സംഘടിപ്പിച്ച അഹ്മദിയ്യാ വിരുദ്ധ കലാപമാണ് പാകിസ്താനെ നാശത്തിലേക്ക് നയിച്ച ആ ഗതിവിപര്യയത്തിന് നാന്ദി കുറിച്ചത്. ഒരു രാജ്യത്തെ മതപണ്ഡിതന്മാർ ചേർന്ന് ആ നാടിനെ എങ്ങിനെ അധ:പതിപ്പിച്ചു എന്നതിന്റെ നേർചിത്രമാണ് വിശ്വപ്രസിദ്ധമായ മുനീർ കമ്മീഷൻ റിപ്പോർട്ട് നൽകുന്നത്. മുനീർ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ ഇന്റർനെറ്റിൽ ഇപ്പോൾ ലഭ്യമാണ് ആർക്കും അത് പ്രാപ്യമാണ്. ആധുനിക മുസ്‌ലിം സമൂഹത്തെ കുറിച്ച് പഠിക്കാനാഗ്രഹിക്കുന്ന ചരിത്ര വിദ്യാർത്ഥികൾ ഈ ചരിത്ര രേഖ പഠിക്കേണ്ടതാണ്.



**ജസ്റ്റീസ് മുഹമ്മദ് മുനീർ**

പാകിസ്താനിലെ സമാദരണീയനായ സുപ്രിം കോടതി ജഡ്ജിയുമായിരുന്നു ജസ്റ്റീസ് മുഹമ്മദ് മുനീർ. അവിഭക്ത ഇന്ത്യയിലെ പഞ്ചാബിൽ അമൃത്സറിൽ 1895 ഒരു സമ്പന്ന കുടുംബത്തിലാണ് (1895–1979) അദ്ദേഹം ജനിച്ചത്. 1954 മുതൽ 1960 വരെ പാകിസ്താനിലെ രണ്ടാമത്തെ ചീഫ് ജസ്റ്റീസായി മുനീർ സ്ഥാനമേൽക്കുകയുണ്ടായി. നീതിമാനായ ഈ നിയമജ്ഞന് അഹ്മദിയ്യാ ജമാഅത്തുമായി യാതൊരു ബന്ധവുമില്ല. നിയമകാര്യങ്ങളിൽ അഗാത പാണ്ഡിത്യവും പരന്ന വായനയുമുള്ള പ്രതിഭാശാലിയും പുരോഗമന വാദിയുമായിരുന്നു ജസ്റ്റീസ് മുനീർ. ഇസ്ലാംമത രാഷ്ട്ര വാദവാദത്തെ നഖശിഖാന്തം എതിർത്ത ഒരു സെക്കുലരിസ്റ്റായിരുന്നു അദ്ദേഹം. ജസ്റ്റീസ് മുഹമ്മദ് മുനീർ കല്ലെറിഞ്ഞു കൊല്ലൽ അംഗവിച്ഛേദന ശിക്ഷ മുതലായ കഠിനമായ ഇസ്ലാമിക ശിക്ഷകൾ നടപ്പാക്കുന്ന ഭരണം എന്നതിൽ കവിഞ്ഞ് കാർക്കശ്യമുള്ള ഇസ്ലാം മത രാഷ്ട്രം ഇസ്ലാമിന്റെ പുരോഗമന മൂല്യങ്ങൾക്കും സഹിഷ്ണുതക്കും അപഖ്യാതിയാണ് വരുത്തുക എന്ന് അദ്ദേഹം രചിച്ച `*From Jinnah to Zia*` എന്ന പുസ്തകത്തിൽ നിരീക്ഷിക്കുന്നുണ്ട്.

അതുപോലെ മുനീർ കമ്മീഷനിൽ ഉണ്ടായിരുന്ന ഏക അംഗമാണ് ജസ്റ്റീസ് എം ആർ ഖയാനി (മാലിക് റുസ്തം ഖയാനി) പാകിസ്താനിലെ കോഹട്ട് ജില്ലയിൽ ജനിച്ച ഖയാനി പടിഞ്ഞാറൻ പാകിസ്താനിലെ ചീഫ് ജസ്റ്റീസായിരുന്നു സ്കോളർഷിപ്പോടെ കാംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്നും നിയമ ബിരുദം നേടിയ ഖയാനി അതീവ ഭക്തനും ബഹുഭാഷാ പണ്ഡിതനുമായ ഒരു നിയമജ്ഞനാ യിരുന്നു. മതവും രാഷ്ട്രീയവും കൂട്ടികുഴക്കുന്നതിന് അദ്ദേഹം കഠിനമായി എതിരായിരുന്നു.

**പാകിസ്താന്റെ വ്യതിയാനങ്ങൾ**


ജസ്റ്റീസ് മുനീർ ജിന്നയുടെ സങ്കൽപ്പത്തിലുള്ള പാകിസ്താൻ എങ്ങനെ മതതീവ്രവാദത്തിലേക്ക് വഴി മാറിപ്പോയി എന്ന് *From Jinnah to Zia* എന്ന പുസ്തകത്തിൽ വരച്ചു കാട്ടുന്നുണ്ട്. ദൗർഭാഗ്യകരമായ ദ്വിരാഷ്ട്രവാദത്തിന്റെ പേരിൽ ഖായിദെ അഅ്സം മുഹമ്മദലി ജിന്ന പാകിസ്ഥാൻ വാദിച്ചു വാങ്ങിയെങ്കിലും അദ്ദേഹം പാകിസ്താനെ ഒരു സെക്കുലർ ജനാധിപത്യ രാജ്യമാക്കി മാറ്റാനായിരുന്നു ആഗ്രഹിച്ചത്. ബ്രിട്ടീഷ് പാർലമെന്റേറിയനും കോൺഗ്രസ്സ് പ്രസിഡണ്ടുമായിരുന്ന ദാദാഭായ് നവ്റോജി, ഫിറോസ് ഷാ മേത്ത, ഗോപാല കൃഷ്ണ ഗോഖലെ എന്നീ മിതവാദികളായ സമുന്ന ദേശീയ നേതാക്കളോടൊപ്പം കോൺഗ്രസ്സുകാരനായി പ്രവർത്തിച്ച ജിന്നക്ക് ഒരിക്കലും മതരാഷ്ട്ര വാദി ആവാൻ സാധിക്കില്ലായിരുന്നു. 1946 ന്യൂഡൽഹിയിൽ റോയിട്ടർ പത്രത്തിന്റെ കറസ്പോണ്ടന്റ് ഡൂം കാംബെല്ലിന് അനുവദിച്ച ഒരു അഭിമുഖത്തിൽ ജിന്ന പറഞ്ഞത് 'ജനങ്ങളിൽ പരമാധികാരം നിക്ഷിപ്തമായതും മതപരമോ ജാതീയമോ വിശ്വാസ പ്രമാണപരമായോ ആയ യാതൊരു പരിഗണനയുമില്ലാതെ പൗരന്മാർക്ക് തുല്യാവകാശമുള്ള ആധുനിക ജനാധിപത്യ രാജ്യമായിരിക്കും ഞങ്ങളുടെ പാകിസ്താൻ' (ഉദ്ധരണി *From Jinnah to Zia* പേ: 29) പാകിസ്താനിലെ ഭരണഘടനാ നിർമ്മാണ സമിതിയിൽ 1947 ആഗസ്റ്റ് 11 ന് ജിന്ന ചെയ്ത സുപ്രസിദ്ധമായ കന്നി പ്രസംഗം അതിന് തെളിവാണ്. ജസ്റ്റീസ് മുനീർ അതേ പുസ്തകത്തിൽ ആ പ്രസംഗം രേഖപ്പെടുത്തിയിട്ടുണ്ട്.

'....നിങ്ങൾ തികച്ചും സ്വതന്ത്രരാണ്. ഈ പാകിസ്താൻ രാജ്യത്ത് നിങ്ങൾക്ക് അമ്പലത്തിൽ പോകാം നിങ്ങൾക്ക് നിങ്ങളുടെ ആരാധനാലയത്തിലും പോകാം നിങ്ങൾക്ക് നിങ്ങളുടെ പള്ളികളിൽ പോകാം നിങ്ങൾക്ക് നിങ്ങളുടെ ഏത് ആരാധനാലയത്തിലും പോകാം. ഏത് മതവും, ജാതിയും വിശ്വാസ പ്രമാണങ്ങളും കൈകൊള്ളാം. അതൊന്നും തന്നെ രാഷ്ട്രത്തിന്റെ വിഷയമല്ല. (സദസ്സിൽ നിന്നും സന്തോഷാരവം)

'.......യാതൊരു പക്ഷപാതിത്വങ്ങളുമില്ലാത്ത ഈ സുദിനത്തിൽ നാം സമാരംഭിക്കുകയാണ് ഒരു മതസമുദായത്തിൽ നിന്നും ഭിന്നമായി മറ്റൊരു സമുദായത്തോടോ ജാതികൾ തമ്മിലോ ഇവിടെ യാതൊരു പക്ഷപാതിത്വങ്ങളുമില്ല. ഒരു രാജ്യത്തിലെ തുല്യവകാശങ്ങളുള്ള പൗരന്മാർ എന്ന തത്വത്തെ അടിസ്ഥാനമാക്കി നമുക്ക് പ്രവർത്തിക്കാം. ( കൈയ്യടി)

'.....നമ്മുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട ഈ ആദർശങ്ങൾ നാം മാതൃകയാക്കണം. അങ്ങനെയാണെങ്കിൽ ഹിന്ദു ഹിന്ദുവല്ലാതെയാകുന്നതും മുസ്ലിം മുസ്ലിം അല്ലാതെയാവുന്നതും നിങ്ങൾക്ക് കാണാം. മതപരമായ അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. കാരണം മതം മനുഷ്യന്റെ വ്യക്തിപരമായ കാര്യമാണ്. രാഷ്ട്രീയാർത്ഥത്തിൽ നാമെല്ലാം ഒരു രാജ്യത്തിലെ പൗരന്മാരാണ് എന്ന അർത്ഥത്തിലാണ് ഞാനിത് പറയുന്നത്. *(ഉദ്ധരണി From Jinnaha to Zia പേ. 30)*

പാകിസ്താൻ രൂപീകരണം കഴിഞ്ഞ് ഒരു വർഷം മാത്രമേ ജിന്നക്ക്



**മുഹമ്മദലി ജിന്ന**

പാകിസ്താനിൽ ജീവിച്ചിരിക്കാൻ യോഗമുണ്ടായിട്ടുള്ളൂ. ജിന്നയുടെ അഭാവത്തിൽ പാകിസ്താൻ ഘട്ടം ഘട്ടമായി മതതീവ്രവാദികളുടെ കരാള ഹസ്തങ്ങളിലേക്ക് പതിക്കുകയായിരുന്നു. ജിന്നയുടെ അടുത്ത അനുയായി ആയിരുന്നെങ്കിലും പ്രധാന മന്ത്രി ലിയാഖത്ത് അലിഖാന് പോലും മതപൗരോഹിത്യത്തിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ സാദ്ധ്യമായിരുന്നില്ല. പിന്നീട് ലിയാക്കത്ത് അലി ഖാൻ 1949 മാർച്ച് 11 ന് ഒബ്ജക്റ്റീവ്സ് റെസലൂഷൻ എന്ന ഒരു പ്രമേയം പാകിസ്താൻ ഭരണഘടനാ നിർമ്മാണ സമിതിയിൽ അവതരിപ്പിക്കുകയുണ്ടായി.

ആ പ്രമേയം ഇങ്ങനെയായിരുന്നു. പരമാധികാരം അല്ലാഹുവിന്നായിരിക്കും എന്ന് തുടങ്ങുന്നതായിരുന്നു പ്രമേയം. ജനാധിപത്യം സ്വാതന്ത്ര്യം, സമത്വം, സഹിഷ്ണുത, സാമൂഹിക നീതി എന്നീ തത്വങ്ങൾ ഇസ്‌ലാം അനുശാസിക്കും വിധം പാലി ക്കുന്നതായിക്കും. മുസ്‌ലിംകൾക്ക് അവരുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതവും ഖുർആനും സുന്നത്തുമനുസരിച്ച് ക്രമീക്കാൻ സാദ്ധ്യമാക്കിത്തീർക്കണം. ന്യൂനപക്ഷങ്ങൾക്ക് അവരുടെ മതവും സംസ്ക്കാരവും വികസിപ്പിക്കാൻ ആവശ്യമായ വ്യവസ്ഥയുണ്ടായിരിക്കും. തുടങ്ങി 11 ഇന മാർഗ ദർശനങ്ങളാണ് പാകിസ്താൻ ഭരണ ഘടനയുടെ ലക്ഷ്യപ്രമേയത്തിലുള്ളത്.

പാകിസ്താന്റെ ആദ്യത്തെ വ്യതിയാനമായിരുന്നു ഒബ്ജക്റ്റീവ്സ് റസലൂഷൻ. ഭരണഘടനാ നിർമ്മാണ സഭയിൽ പാസ്സാക്കിയ ഒബ്ജക്റ്റീവ്സ് റെസലൂഷനെ ജസ്റ്റീസ് മുനീർ നടത്തിയ നിരീക്ഷണം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

1. ഖായിദെ അഅ്സം പറഞ്ഞത് പുതിയ രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിലായിരിക്കും നിക്ഷിപ്തമായിരിക്കുക എന്നാണ്. എന്നാൽ ഒബ്ജക്റ്റീവ്സിൽ പറയുന്നത് പരമാധികാരം അല്ലാഹുവിലായിരിക്കും നിക്ഷിപ്തമായിരിക്കുക എന്ന് തുടങ്ങിക്കൊണ്ടാണ്.

2. ഇതിൽ ന്യൂനപക്ഷങ്ങളുടെ ആരാധനക്കുള്ള അവകാശങ്ങളും മതാചരണത്തിനുള്ള അവകാശങ്ങളും സംരക്ഷിക്കുമെന്ന് പരാമർശിച്ചിരിക്കുന്നു. എന്നാൽ ഖായിദെ അഅ്സമിന്റെ പ്രസ്താവയിൽ മതപരമായ ന്യൂനപക്ഷം എന്നൊന്നില്ലായിരുന്നു.

3. മതപരമായ ഭൂരിപക്ഷം ന്യൂനപക്ഷം എന്ന വകതിരിവ് ന്യൂനപക്ഷങ്ങളിൽ നിന്നും സമത്വത്തിനുള്ള അവകാശം കവർന്നെടുക്കുന്ന ഒന്നാണ്. ഇത് ആധുനിക ജനാധിപത്യത്തിന് നിരക്കുന്നതല്ല.

4. ഇസ്‌ലാം മതത്തിന് അനുഗുണമായിക്കൊണ്ട് ജീവിതം നയിക്കാനുള്ള വകുപ്പുകൾ ഭരണ ഘടനയിൽ എഴുതി ചേർക്കുന്നത് സെക്കുലർ സ്റ്റേറ്റിന്ന് എതിരായിരിക്കും.

5 രണ്ട് പരമാധികാര രാഷ്ട്രങ്ങൾ ആവശ്യപ്പെട്ട ലാഹോർ റിസലൂഷന് എതിരായിരിക്കും.

പാകിസ്താനെ ഒരു മതരാഷ്ട്രമാക്കി മാറ്റിയെടുക്കാനുള്ള പ്രക്ഷോഭണങ്ങൾക്കും ഗൂഢശ്രമങ്ങൾക്കും പിന്നിൽ എക്കാലവും പ്രവർത്തിച്ചിരുന്നത് ജമാഅത്തെ ഇസ്‌ലാമിയാണ്. പാകിസ്താനിൽ ഈ വിധം മതതീവ്രവാദ ഭീകര സംഘങ്ങളുടെ പറുദീസയാക്കി മാറ്റിയതിനു പിന്നിൽ മൗദൂദി സാഹിബിന്റെ തീവ്രരാഷ്ട്രീയ സിദ്ധാന്തങ്ങൾക്കും ജിഹാദീ ആശയങ്ങൾക്കും വലിയ പങ്കുണ്ട്. 1971 ൽ ബംഗ്ലാദേശ് വിഭജന കാലത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ പോഷക സംഘടനകളായ അൽ ബദർ അശ്ശംസ് എന്നീ ജിഹാദീ സംഘടനകളും പാകിസ്താൻ പട്ടാളവും കൂടി 15 ലക്ഷം മുതൽ 30 ലക്ഷം വരെ ബംഗ്ലാദേശികളെയാണ് കൊന്നൊടുക്കിയത്. ജമാഅത്തെ ഇസ്‌ലാമി ബംഗ്ലാദേശ് ദേശീയ വിമോചനത്തിന് എതിരായിരുന്നു. ഹിറ്റ്ലറുടെ യഹൂദവേട്ടക്ക് ശേഷം ലോകം കണ്ട ഏറ്റവും വലിയ കൂട്ടക്കൊല ഇതാണെന്ന് ഐക്യരാഷ്ട്ര സഭ 1981 ൽ പ്രസിദ്ധീകരിച്ച മനുഷ്യാവകാശ കമ്മീഷന്റെ 33 ാം റിപ്പോർട്ടിൽ പറയുന്നുണ്ട്. പിന്നീട് ബംഗ്ലാദേശ് ഭരണ കൂടം ഇതിന് കണക്ക് ചോദിക്കുകയുണ്ടായി. ബംഗ്ലാ അമീർ ആയിരുന്ന മോതി ഉർറഹ്മാൻ നിസാമി അടക്കം 6 സമുന്നത ജമാഅത്തെ ഇസ്‌ലാമി നേതാക്കന്മാരെ ഈ വൻ കൂട്ടക്കൊലയുടെ പേരിൽ യുദ്ധകുറ്റവാളികളായി കണ്ട് ബംഗ്ലാദേശിൽ തൂക്കിക്കൊല്ലുകയുണ്ടായി.

### മൗദൂദിയുടെ മതരാഷ്ട്രവാദത്തിന്റെ അപകടങ്ങൾ.

പരമാധികാരം അല്ലാഹുവിന് എന്നത് വിശ്വാസികളെ പറ്റിക്കാനുള്ള മതരാഷ്ട്ര വാദികളുടെ ഒരു കപട മുദ്രവാക്യം മാത്രമാണ്. ജമാഅത്തുകാർ തങ്ങളുടെ അധികാര വാഴ്ചയെ 'ഹുഖൂമത്തെ ഇലാഹി' (ദൈവത്തിന്റെ ഭരണം) എന്നാണ് വിശേഷിപ്പിക്കുന്നത്. അവരുടെ ഭരണകാലത്ത് അല്ലാഹു വന്ന് നേരിട്ട് ഭരിക്കുന്നില്ല എന്ന് എല്ലാവർക്കുമറിയാം. അല്ലാഹുവിന് വേണ്ടി ഭരണകാര്യമടക്കം സർവ്വ അധികാരങ്ങളും ജമാഅത്തുകാർ നിർവ്വഹിക്കുമെന്നാണ് അതിന്റെ വിവക്ഷ. ബാക്കി പ്രജകളെല്ലാം ഈ ദൈവ ഭരണം ചോദ്യം ചെയ്യാതെ അനുസരിക്കണം. ഇതൊരു ഫാസിസ്റ്റ്

ആശയമാണ് എന്ന് പറയുന്നത് അതുകൊണ്ടാണ്. ഈ അവസരത്തിൽ, വ്യക്തി ഒന്നുമല്ല ആര്യൻ രാഷ്ട്രത്തെ അനുസരിക്കുന്നതിൽ കവിഞ്ഞ് ഒരു ആനന്ദം ജർമ്മൻ പൗരന് ഉണ്ടാവാൻ പാടില്ല എന്ന് നാസി പാർട്ടിയുടെ ആചാര്യൻ അഡോൾഫ് ഹിറ്റ്ലർ പറഞ്ഞത് ഓർക്കുക. ഫാസിസം, സർവ്വാധിപത്യം മതരാഷ്ട്ര വാദം മുതലായ രാഷ്ടീയ സിദ്ധാന്തങ്ങളുടെ കേന്ദ്ര തത്വം അധികാര പൂജയാണ്. സ്റ്റേറ്റിനെ ദൈവസമാനമായി കരുതുന്നത് ഒരു വ്യക്തമായ ഫാസിസ്റ്റ് രീതിയാണ്. അധികാര സാന്ദ്രമായ രാഷ്ട്രത്തെ ദിവ്യവും കേവലവുമായ ഒരു സംപൂജ്യ സ്ഥാപനമാണെന്ന് അവർ കരുതുന്നു. `State is the march of God on earth` "രാഷ്ട്രം ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാന'മാണെന്നാണ് ഫാസിസത്തിന്റെ താത്വികാചാര്യനായി കരുതുന്ന ഫ്രെഡ്രിക് ഹെഗേൽ പറഞ്ഞത്.


മൗലാനാ മൗദൂദി ചിന്തിച്ചു തുടങ്ങിയ കാലത്ത് ലോകത്ത് കുതിച്ചുർന്ന പ്രസ്ഥാനങ്ങളായിരുന്നു ഫാസിസവും നാസിസവും. തീർച്ചയായും തീവ്ര ദേശീയതിലധിഷ്ഠിതമായ ഈ പ്രത്യയ ശാസ്ത്രങ്ങളുടെ സ്വാധീനം അദ്ദേഹത്തിന്റെ മതരാഷ്ട്രവാദ സിദ്ധാന്തങ്ങളിൽ പ്രകടമാണ്. അതുപോലെ കമ്മ്യൂണിസവും. സമരോത്സുകതയും അധികാരമൂർത്തമായ രാഷ്ട്രത്തിന് കൽപ്പിക്കുന്ന ദൈവികതയും അപ്രമാദിത്വവും അലകും പിടിയും മാറ്റി ഇസ്ലാമികവത്ക്കരിച്ചതാണ് ജമാഅത്തെ ഇസ്ലാമിയുടെ മതരാഷ്ട്ര സിദ്ധാന്തം. ഈ ഫാസിസ്റ്റ് സമാനത മറച്ചു വെക്കാതെ അഭിമാനത്തോടെ സമ്മതിച്ചുകൊണ്ട് മൗലാനാ മൗദൂദി അന്ന് തന്നെ എഴുതിയിരുന്നത് ഇപ്രകാരമാണ്. 'അത് (ഇസ്ലാമിക രാഷ്ട്രം) അതിന്റേതായ സദാചാര സിദ്ധാന്തത്തിനും പരിഷക്ക്രണ പരിപാടിക്കുമൊത്തു നാഗരികതയുടെ ഓരോ വശത്തെയും വാർത്തെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനു മുമ്പിൽ ആർക്കും തന്നെ ഇത് തന്റെ സ്വകാര്യ ഇടപാടാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. ഈ നിലക്ക് അതിനു ഫാസിസ്റ്റ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളോടുള്ള സാദൃശ്യമുണ്ടെന്നു പറയാം' (ഇസ്ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം , അബുൽ അഅ്ലാ മൗദൂദി. പേ. 44, 45 ഐ പി എച്ച് 1992) അതിന്നായി മൗലാനാ മൗദൂദി ആവിഷ്ക്കരിച്ച പല നൂതന മതരാഷ്ട്രീയ സിദ്ധാന്തങ്ങളും അദ്ദേഹത്തിന്റെ കൃതികളിലുടനീളം കാണാം. ദീൻ എന്നാൽ രാഷ്ട്രമാണ്, **ഹുക്കൂമത്തെ ഇലാഹി**, അല്ലാഹുവിന്റെ ദീൻ (രാഷ്ട്രം) സ്ഥാപിക്കാൻ ജിഹാദിന്റെ അനിവാര്യത, അതിൽ ജീവൻ ബലിയർപ്പിച്ച് രക്തസാക്ഷിത്വം നേടാനുള്ള ആഹ്വാനം, തെരഞ്ഞെടുപ്പു ബഹിഷ്ക്കരണം, അമുസ്ലിം ഭരണാധികാരിയെ അനുസരിക്കാതിരിക്കൽ, മതം വിട്ടുപോകുന്നവനെ വധിച്ചുകളയൽ (**'മുർതദ് കി സസാ ഇസ്ലാമീ ഖാനൂൻ മെ'** എന്ന പുസ്തകം ഈ ഭീകര സിദ്ധാന്തത്തെ ന്യായീകരിക്കാൻ വേണ്ടി എഴുതപ്പെട്ടതാണ്) തുടങ്ങി പാരമ്പര്യ മുസ്ലിം സമൂഹത്തിന് തീരെ പരിചിതമല്ലാത്ത തീവ്രവും ഭീകരവും രാഷ്ട്രീയ പ്രതിലോമ സിദ്ധാന്തങ്ങൾ അദ്ദേഹം ആവിഷ്ക്കരിക്കുകയുണ്ടായ ഇതെല്ലാം തന്നെ ഫാസിസ്റ്റ് കമ്മ്യൂണിസ്റ്റ് വിപ്ലവ സിദ്ധാന്തങ്ങളുടെ പ്രച്ഛന്നവും പ്രത്യക്ഷവുമായ അനുകരണമാണെന്ന് കാണാം. ജനാധിപത്യം സെക്കുലരിസം എന്നീ ആധുനിക രാഷ്ട്രീയ സങ്കൽപ്പങ്ങളോട് അങ്ങേയറ്റം അസഹിഷ്ണുതയാണ് മൗലാനാ മൗദൂദി കാണിക്കുന്നത്. അദ്ദേഹം എഴുതുന്നു.

'മുകളിൽ സംക്ഷിപ്തമായി വിവരിച്ച മൂന്ന് തത്വങ്ങളാണ് (മതേതരത്വം ദേശീയത്വം ജനാധിപത്യം) അഭിനവ യുഗത്തിലെ ജീവിത വ്യവസ്ഥക്കടിസ്ഥാനം. അതേ തത്വങ്ങളിന്മേലാകുന്നു ഇന്നത്തെ സാമൂഹിക ഘടനയുടെ ഏറ്റവും പരിഷ്കൃത മാതൃകയായി കരുതപ്പെടുന്ന ഭൗതിക ജനായത്ത ദേശീയത കെട്ടിപ്പടുത്തിരിക്കുന്നതും.

നമ്മുടെ പക്ഷത്തിൽ, പ്രസ്തുത മൂന്നു തത്വങ്ങളും അബദ്ധ ജടിലങ്ങളാണെന്ന് മാത്രമല്ല മനുഷ്യനിന്നു അടിമപ്പെട്ടുപോയിട്ടുള്ള സകല ദുരിതങ്ങളുടെയും വിനാശങ്ങളുടേയും നാരായ വേര് ആ തത്വങ്ങളാണെന്ന് കൂടി നാം ദൃഢമായി വിശ്വസിക്കുന്നുണ്ട്. നമ്മുടെ വിരോധം അതേ തത്വങ്ങളോടത്രെ. നാം നമ്മുടെ മുഴുവൻ ശക്തിയും ഉപയോഗിച്ച് അവക്കെതിരെ സമരം നടത്തിയേ തീരൂ'. *(മതേതരത്വം, ദേശീയത്വം, ജനാധിപത്യം ഒരു താത്വിക വിശകലനം, പേ:15)*

സമാധാന പ്രിയരായ പരമ്പരാഗത മുസ്ലിം സമൂഹം ബഹുഭൂരിപക്ഷവും അദ്ദേഹത്തിന്റെ തീവ്രവും ഹിംസാത്മകവുമായ മതരാഷ്ട്ര വാദങ്ങൾ നിരാകരിക്കുകയുണ്ടായി. അത്കൊണ്ടാണ് പരസ്പരം ഭിന്നിച്ചു നിൽക്കുന്ന മുസ്ലിം കക്ഷികളെ ഒന്നിക്കാൻ സാദ്ധ്യതയുള്ള ഒരു വിഷയം എന്ന നിലക്ക് അഹ്മദിയ്യാ പ്രശ്നം ജമാഅത്തെ ഇസ്ലാമിക്കാർ ഇടക്കിടെ ഉയർത്തിക്കൊണ്ടു വരുകയും അതിന്റെ നേതൃത്വം ഏറ്റെടുത്ത് രാഷ്ട്രീയ ശക്തി സംഭരിക്കാനും അവർ ശ്രമിക്കുന്നത്. പാകിസ്താനിൽ അവർ പരീക്ഷിച്ചുകൊണ്ടിരിക്കുന്നത് അതാണ്. 1953, 1974, 1984 വർഷത്തെ പാകിസ്താനിലെ അഹ്മദിയ്യാ വിരുദ്ധ കലാപങ്ങൾക്ക് പിന്നിൽ മുഖ്യപങ്ക് ജമാഅത്തെ ഈസ്ലാമിക്കായിരുന്നു.

ഇന്ത്യയിലെ ന്യൂന പക്ഷീയരായ മുസ്ലിംകൾക്കും ജമാഅത്തെ ഇസ്ലാമിയുടെ ഈ മതരാഷ്ട്രവാദത്തിൽ നിന്നും പാഠങ്ങൾ പഠിക്കാനുണ്ട്. ഭരണകൂടം ഒരു പ്രത്യേക മതത്തിന്റെ പേരിൽ മതവത്ക്കരിക്കപ്പെടുന്നത് അപകടകരമാണ്. കേവല നീതി ബോധം എന്നത് സാർവ്വത്രികമായി എല്ലാ മനുഷ്യരിലും സാർവ്വജനീനമായി ദൈവം സന്നിവേശിപ്പിച്ച ഒരു സദ്വികാരമാണ്. ഒരു പ്ര



സർ സഫറുല്ലാഹ് ഖാൻ

ത്യേക മതം വിശ്വസിക്കുന്നത് കൊണ്ട് ലബ്ധമാകുന്നതല്ല. മതത്തിൽ വിശ്വസിക്കുന്നവരിലും വിശ്വസിക്കാത്തവരിലും കുടികൊള്ളുന്ന ഈ നീതിബോധം കൊണ്ട് മനുഷ്യ സമൂഹത്തിന് സാമൂഹികമായ ഒരു ക്രമം പാലിക്കാനും ഭരണകൂടങ്ങളുടെ കാര്യനിർവ്വഹണവും നീതി ന്യായവും കാര്യക്ഷമമായി നടത്താനും സാധ്യമാവും. രാഷ്ട്രം എന്നത് സമൂഹത്തെ സാർവ്വത്രികമായി വലയം ചെയ്തു നിൽക്കുന്നതും അധികാര ബലം കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥാപനമാണ്. എന്നിരിക്കെ അധികാരം കൈയ്യാളുന്ന ഭരണകൂടം ഒരു പ്രത്യേക മത വാക്താക്കളാൽ മതവത്ക്കപ്പെട്ടാൽ അതൊരു മഹാദുരന്തമായിട്ടായിക്കും കലാശിക്കുക. ജമാഅത്തെ ഇസ്ലാമി ആവശ്യപ്പെടുന്നത് അത്തരം മതവത്ക്കരണമാണ്. ഇസ്ലാമിന്റെ ഉന്നതമായ നീതി സങ്കൽപ്പങ്ങൾക്കും വിശ്വമാനവിക സങ്കൽപ്പങ്ങൾക്കും ആധുനിക സമൂഹത്തിനും യോജിക്കാത്ത ഈ അപകടം മുസ്ലിംകൾ നേരത്തെ തിരിച്ചറിയേണ്ടതുണ്ട്.

മുഹമ്മദലി ജിന്നയുടെ സെക്കുലർ ജനാധിപത്യത്തിനു വിരുദ്ധമായി പാകിസ്താനെ ഒരു ഫാസിസ്റ്റ് രാഷ്ട്രം പോലെ രണോത്സുകമായ ഒരു ജിഹാദീ മത രാഷ്ട്രമാക്കി മാറ്റാൻ വേണ്ടിയായിരുന്നു മൗലനാ മൗദൂദി നിലകൊണ്ടിരുന്നത്. അത്തരം ഒരു മതരാഷ്ട്ര വാദത്തിന്റെ ഉപജ്ഞാതാവും അത് നടപ്പിലാക്കാനുള്ള ഒരു പാർട്ടിയുടെ സ്ഥാപകനുമായിരുന്നു അദ്ദേഹം. അവിഭക്ത ഇന്ത്യയിൽ നിന്നു തന്നെ അദ്ദേഹം മതരാഷ്ട്ര നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. അതിന്നായി അദ്ദേഹം രൂപീകരിച്ച പാർട്ടിയാണ് ജമാഅത്തെ ഇസ്ലാമി. ഇന്ത്യയിലെയും പാകിസ്താനിലേയും കശ്മീരിലെയും ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനാണ് മൗലാനാ മൗദൂദി.

### മുനീർ കമ്മീഷൻ രൂപീകരണ പശ്ചാത്തലം.

പാകിസ്താൻ വിദേശകാര്യ മന്ത്രിയും അഹ്മദിയുമായിരുന്ന സർ മുഹമ്മദ് സഫറുല്ലാഹ് ഖാനെ ആ സ്ഥാനത്ത് നിന്നും പുറത്താക്കണമെ ന്നും ഉന്നത ഉദ്യോഗങ്ങളിലിരിക്കുന്ന അഹ്മദികളെ ആ സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യണമെന്നും അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു ജമാഅത്തെ ഇസ്ലാമി, മജ്ലിസെ അഹ്‌റാർ മുതലായ കക്ഷികളുടെ ആഭിമുഖ്യത്തിൽ പ്രക്ഷോഭണം ആരംഭിച്ചത്. അതുവഴി പാകിസ്താനിലെ, മുസ്ലിം ലീഗിന്റെ ഖാജാ നാസിമുദ്ദീൻ മന്ത്രി സഭ അട്ടിമറിക്കാനായിരുന്നു ഇവരുടെ രാഷ്ട്രീയ ലക്ഷ്യം. പഞ്ചാബ് മുഖ്യമന്ത്രി 1953 ജനുവരി 15 മുതൽ 18 വരെ കറാച്ചിയിൽ ചേർന്ന ആൾ പാകിസ്താൻ പാർട്ടി കൺവെൻഷൻ പ്രസ്തുത ആവശ്യങ്ങൾ 1953 ജനുവരി 21 ന് പാകിസ്താനിലെ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ഖാജാ നാസിമുദ്ദീന് സമർപ്പിച്ചു. അദ്ദേഹം ആ ആവശ്യം നിരസിച്ചതോടെയാണ് പ്രക്ഷോഭം പൊട്ടിപുറപ്പെട്ടത്. പ്രക്ഷോഭകാരികളുടെ അക്രമത്തിന് വീര്യം പകരാൻ മൗലാനാ മൗദൂദി **'ഖാദിയാനി മസ്അല'** എന്ന ഒരു ക്ഷുദ്ര കൃതി അക്കാലത്ത് രചിക്കുകയുണ്ടായി. ഇതിനെ തുടർന്ന് പഞ്ചാബിലുടനീളം അഹ്മദികൾ വേട്ടയാടുകയായിരുന്നു. തീവെപ്പും കൊള്ളയടിയും കൊലപാതകങ്ങളും നിർബാധം അരങ്ങേറി. പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന മിയാൻ മുംതാസ് ദൗലത്താനയും പഞ്ചാബ് ഗവർണ്ണർ ഇസ്മായിൽ ചുന്ദ്രിഗറും പ്രക്ഷോഭകാരികളെ ഒളിഞ്ഞും തെളിഞ്ഞും സഹായിക്കുകയായിരുന്നു. പാകിസ്താൻ ഗവർണ്ണർ ജനറൽ മാലിക് ഗുലാം മുഹമ്മദ് ലാഹോറിൽ പട്ടാള ഭരണം പ്രഖ്യാപിച്ചതോടെയാണ് കലാപം ശമിച്ചത്. പാകിസ്താൻ മുഴുവൻ അരക്ഷിതമായി. ഗവർണ്ണർ ജനറൽ നാസിമുദ്ദീൻ മന്ത്രി സഭ പിരിചുവിട്ടു. അമേരിക്കയിൽ അംബാസഡറായിരുന്ന മുഹമ്മദലി ബോഗ്രയെ പ്രധാന മന്ത്രിയാക്കി. പുതിയ മന്ത്രി സഭയിലും സർ സഫറുല്ലാഹ് ഖാൻ തന്നെയായിരുന്നു വിദേശകാര്യമന്ത്രി. പാകിസ്താനിൽ ആദ്യമായുണ്ടായ ഈ വൻ കലാപത്തെ കുറിച്ചന്വേഷിക്കാൻ പഞ്ചാബ് ഗവർണ്ണർ 1953 ജൂൺ 19 ന് ഓർഡിനൻസ് 3-ാം നമ്പർ പ്രകാരമായിരുന്നു മുനീർ കമ്മീഷൻ രൂപീകരണം.

### മുനീർ കമ്മീഷൻ റിപ്പോർട്ട്: ജമാഅത്തെ ഇസ്ലാമിക്ക് ചങ്കിടിപ്പുണ്ടാകാൻ കാരണം.

മുനീർ കമ്മീഷൻ കേൾക്കുമ്പോൾ ജമാഅത്തെ ഇസ്ലാമിക്കാരുടെ ഹാലിളക്കത്തിന് കാരണം അവരുടെ സ്ഥാപക നേതാവ് മൗലാനാ അബുൽ അഅ്ലാ മൗദൂദി കമ്മീഷന്റെ വിചാരണ വേളയിൽ നൽകിയ തിരുമൊഴികൾ തന്നെയാണ്. ഒരു ജനാധിപത്യ രാജ്യത്ത് അനുയായികൾക്ക് ആത്മാഭിമാനത്തോടെ ജീവിക്കാൻ സാദ്ധ്യമല്ലാത്ത സിദ്ധാന്ത ങ്ങളാണ് മൗലാനാ മൗദൂദി ആവിഷ്ക്കരിച്ചിട്ടുള്ളത്. അത്കൊണ്ടാണ് തങ്ങളുടെ നേതാവിന്റെ പ്രമാണിക സിദ്ധാന്തങ്ങളൊന്നും തന്നെ മുസ്ലിം രാജ്യങ്ങളിൽ പോലും ഉരിയാടാതെ ഒളിച്ചുവെച്ചും, തെളിച്ച് പറയാതെയും, നിഷേധിച്ചും, വ്യാജ വ്യാഖ്യാനം നൽകിയും നേതാവിനെ തള്ളിപറഞ്ഞും അനുയായികൾക്ക് കഴിയേണ്ടി വരുന്നത്. അനുയായികളാൽ

ഇത്രയധികം തള്ളുകൊണ്ട നേതാവ് വേറെയുണ്ടെന്ന് തോന്നുന്നില്ല.

മുനീർ കമ്മീഷൻ ചോദിച്ച ചില ചോദ്യങ്ങളും മൗലാനാ മൗദൂദിയുടെ ഉത്തരങ്ങളും മുനീർ കമ്മീഷൻ റിപ്പോർട്ടിലുള്ളത് ഈപ്രകാരമാണ്.

ചോദ്യം: നമുക്ക് ഇത്തരത്തിലുള്ള ഒരു ഇസ്‌ലാമിക ഗവർമെന്റ് പാകിസ്താനിലുണ്ടാവുകയാണെങ്കിൽ അതേ പ്രകാരം താങ്കൾ ഹിന്ദുക്കൾക്ക് അവരുടെ മതമനുസരിച്ചുള്ള ഒരു ഭരണ ഘടനയുണ്ടാക്കാൻ അനുവദിക്കുമോ?

ഉത്തരം: തീർച്ചയായു അത്തരത്തിലുള്ള ഒരു ഗവർമെന്റിന്റെ കീഴിൽ ഇന്ത്യയിലെ മുസ്‌ലിംകളെ മ്ലേച്ഛന്മാരെയും ശൂദ്രന്മാരെയും പോലെ കണക്കാക്കിയാലും മനുവിന്റെ നിയമം അവരുടെ മേൽ നടപ്പാക്കിയാലും അവരുടെ ഗവർമെന്റിലുള്ള അവരുടെ പങ്കും പൗരന്മാർ എന്ന നിലക്കുള്ള അവരുടെ അവകാശങ്ങളുമെല്ലാം കവർന്നെടുക്കപ്പെട്ടാലും എനിക്കതിൽ യാതൊരാക്ഷേ പവുമില്ല. വാസ്തവത്തിൽ അത്തരമൊരവസ്ഥ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. (മു.റിപ്പോർട്ട്, പേജ് 228)

മനുവിന്റെ നിയമമനുസരിച്ച് ഇന്ത്യാരാജ്യം ഭരിച്ചു കൊള്ളണമെന്നും മുസ്‌ലിംകളെ മതാടിസ്ഥാനത്തിൽ ശുദ്രന്മാരെയും മ്ലേച്ഛന്മാരെയും പോലെ കൈകാര്യം ചെയ്തു കൊള്ളണമെന്നും വസിയത്ത് ചെയ്ത് ഇന്നൻ മുസ്‌ലിംകളെ ഹിന്ദുത്വവാദികൾക്ക് കൈകാര്യം ചെയ്യാൻ പൂർണ്ണമനസ്സോടെ ഏൽപ്പിച്ചു കൊണ്ടാണ് മൗദൂദി സാഹിബ് ഇവിടെ നിന്നും പാകിസ്താനിലേക്ക് പോയത്. പാകിസ്താൻ വാദത്തെ നഖശിഖാന്തം എതിർത്ത മൗദൂദി വിഭജനത്തിന്ശേഷം പാകിസ്താനിലേക്ക് പോകാതെ പഞ്ചാബിലെ പത്താൻ കോട്ടിൽ ഇന്ത്യാ പാക് അതിർത്തിയിൽ 'ഠ' വട്ടത്തിൽ ദാറുൽ ഇസ്‌ലാം എന്ന പേരിൽ ഒരു മിനി ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിച്ച് അവിടെ കവാത്തും പ്രബോധനമൊക്കെയായി കഴിയുകയായിരുന്നു. പഞ്ചാബിലെ പത്താൻ കോട്ട് ഉൾപ്പെട്ട ഗുരുദാസ്പൂർ ജില്ല ഇന്ത്യയിലാണെന്ന പ്രഖ്യാപനം പിന്നീടാണ് വന്നത്. ഇന്ത്യൻ പട്ടാളത്തിന്റെ കാല്പെരുമാറ്റം കേട്ടപ്പോൾ ദാറുൽ ഇസ്‌ലാമും വിട്ട് താൻ എതിർത്തിരുന്ന പാകിസ്താനിലേക്ക് മൗലാനാ ഓടിപ്പോവുകയാണുണ്ടായത്.

മുനീർ കമ്മീഷൻ റിപ്പോർട്ടിന്റെ 230-ാം പേജിൽ കമ്മീഷന്റെ മറ്റൊരു ചോദ്യത്തിന് മൗദൂദി സാഹിബ് പറഞ്ഞ മറുപടി ഇവിടെ ദേശീയ ധാരയിൽ അലിഞ്ഞു ചേരാൻ വെമ്പൽകൊള്ളുന്ന ജമാത്തുകാരന് ചങ്കിടിപ്പുണ്ടാക്കുന്നതാണ്.

ചോദ്യം: ഇന്ത്യയും പാകിസ്താനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്‌ലിംകളുടെ കടമ എന്താണ്?


ഉത്തരം: അവരുടെ കടമ വ്യക്തമാണ്. അവർ പാകിസ്താനെതിരായി യുദ്ധം ചെയ്യരുത്. പാകിസ്ഥാന്റെ സുരക്ഷയെ അപകടപ്പെടുത്തുന്ന യാതൊന്നും ചെയ്യരുത്. *(മു. റിപ്പോർട്ട്, പേ. 230)*

അതായത് പ്രവാചകൻ മുഹമ്മദ് നബി(സ) നമ്മെ പഠിപ്പിച്ച ഹുബ്ബുൽ വത്വനി മിനൽ ഈമാൻ (സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്നാണ്) എന്നാണ്. ജമാഅത്തെ ഇസ്‌ലാമിക്കാരന് ഇന്ത്യയിൽ ആത്മാഭിമാനത്തോടെ ജീവിക്കണമെങ്കിൽ നേതാവിനെ തള്ളിപറയുകയല്ലാതെ നിവർത്തിയില്ല. അതിന് പകരം കമ്മീഷനോട് മുഖം വീർപ്പിച്ചിട്ടെന്ത് പ്രയോജനം

**മൗദൂദുദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചതെന്തിന്?**

പാകിസ്താനിലെ വ്യവസ്ഥാപിതമായ ഭരണകൂടത്തെ അട്ടിമറിച്ചു കൊണ്ട് സ്വന്തം രീതിയിൽ വിഭാവന ചെയ്ത ഭരണകൂടം വരാൻ ആസൂത്രണവും ചെയ്ത ഒരു പ്രക്ഷോഭവും അട്ടിമറി ശ്രമവുമായിരുന്നു അഹ്മദിയ്യാ വിരുദ്ധകലാപം. ജനങ്ങളെ ഇളക്കി മറിക്കാനും പ്രക്ഷോഭണത്തിനു അണിനിരത്താനും സാധാരണ ഫാസിസ്റ്റുകൾ ചെയ്യാറുള്ളത് പോലെ അഹ്മദികൾക്കെതിരെ പ്രചണ്ഡമായ പ്രചാരണങ്ങൾ അഴിച്ച് വിട്ട് രാഷ്ട്രീയ രംഗം പ്രക്ഷുബ്ധമാക്കി ഭരണകൂടം പിടിച്ചടക്കുയായിരുന്നു പാകിസ്താനിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം. പട്ടാളക്കോടതിയാണ് വിചാരണ ചെയ്ത് മൗദൂദി സാഹിബിന് വധശിക്ഷ വിധിച്ചത്. പട്ടാള കോടതിക്ക് ഈ ഗുരുതര സ്വഭാവമുള്ള ഈ കുറ്റം മനസ്സിലായതിന്റെ പേരിലായിരിക്കണംപരമാവധി ശിക്ഷയായ വധശിക്ഷ തന്നെ വിധിച്ചത്. ജമാഅത്തെ ഇസ്‌ലാമി ഇത് സംബന്ധിച്ച് പ്രചരിപ്പിക്കുന്ന ഒരു പച്ചക്കള്ളമുണ്ട്. അഹ്മദികൾക്കെതിരെ 'ഖാദിയാനി മസ്അല' എന്ന കൃതി രചിച്ചതിനാണ് മൗലാനാ മൗദൂദുദിയെ വധശിക്ഷക്ക് വിധിച്ചതെന്നാണ് ആ പെരും നുണ. അങ്ങനെ പ്രചരിപ്പിച്ചാൽ അട്ടിമറി പ്രവർത്തനത്തിനു പകരം മൗലാന ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ഒരു ബലിയാടാണ് എന്ന പരിവേഷവും ലഭിക്കുമല്ലോ. ഭരണകൂട അട്ടിമറിയാണ് മൗദൂദി സാഹിബ് നടത്തിയത്. ഇത് പട്ടാള കോടതിക്ക് അസഹ്യമാണ്. ഇത് സംബന്ധിച്ച് മുനീർ കമ്മീഷൻ ഒരു പരാമർശം നടത്തിയത് കാണാം. പട്ടാള കോടതി മുമ്പാകെ വന്ന ജമാഅത്തെ ഇസ്‌ലാമി സ്ഥാപകന്റെ ഒരു പ്രസ്താവന പ്രകാരം ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നതും അതിന്റെ ലക്ഷ്യവും നിലവിലെ ഭരണകൂടത്തെ മാറ്റി ജമാഅത്തെ ഇസ്‌ലാമിയുടെ സങ്കൽപ്പത്തിലുള്ള ഒരു ഭരണകൂടത്തെ സ്ഥാപിക്കാൻ ഒരു സായുധ കലാപത്തിന്റെ കുറവാണുള്ളതെന്ന് ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നു.ഭ(*The Court of Enquiry Report. Page.* 243 )

ആൾബലം കുറഞ്ഞതും മുസ്‌ലിം സമൂഹത്തിന്റെ കഠിനമായ എതിർപ്പുമുള്ള അഹ്മദിയ്യാ ജമാഅത്തിനെതിരെ 'ഖാദിയാനി മസ്അല' എന്ന ഗ്രന്ഥം എഴുതിയതിനാണ്



**മൗലാനാ അബുൽ അഅ്‌ലാ മൗദൂദി സാഹിബ്**

മൗലാനാ മൗദൂദിയെ തൂക്കിക്കൊല്ലാൻ വിധിച്ചത് എന്ന ജമാഅത്തുകാരുടെ പ്രചാരണം സമാന്യബോധമുള്ളവരിൽ വിശ്വസിക്കാൻ പ്രയാസമുണ്ടാക്കുന്ന ഒരു പച്ചക്കള്ളമാണ്. പക്ഷേ ചിലപ്പോൾ ഇസ്‌ലാം മത പ്രചാരണത്തിന് പോലും കള്ളം പറയുന്നത് അനുവദനീയമാണെന്ന് ഫത്‌വ കൊടുത്ത മൗദൂദി സാഹിബിന്റെ അനുയായികൾക്ക് കളവിലും ഗീബൽസിയൻ കലയിലുമുള്ള ആത്മവിശ്വാസം കൊണ്ടായിരിക്കാം ഈ വ്യാജപ്രചാരണം നിർബാധം നടത്തുന്നത്. ഈ കൃതിയിൽ നിന്നും അഹ്മദികളെ രക്ഷിക്കാനാണ് മൗദൂദി സാഹിബിനെ തൂക്കിക്കൊല്ലാൻ വിധിച്ചതെങ്കിൽ പാകിസ്താൻ സർക്കാറിന് ഖാദിയാനി മസ്അല നിരോധിക്കാമായിരുന്നില്ലേ? മൗദൂദി സാഹിബിന്റെ നിലവാരമനുസരിച്ച് എഴുതിയ ഈ മൂന്നാംകിട കൃതി പാകിസ്താനിൽ സുലഭമാണ്. മൗദൂദി സാഹിബിന്റെ വധശിക്ഷ പിന്നീട് റദ്ദാക്കുകയാണുണ്ടായത്. സ്ഥാപക നേതാവ് സായുധ ജിഹാദ് പ്രബോധിച്ചതാണ് കുറ്റം. അത് മറച്ചുവെക്കാൻ പുസ്തകമെഴുതിയതിന്റെ പേരിലാണ് വധശിക്ഷ വിധിച്ചത് എന്ന കുപ്രചാരണം മൗദൂദിയൻ ചിന്തയുടെ കാപട്യമല്ലേ കാണിക്കുന്നത്.

പേജ് 23 ൽ നിന്ന്

രിക്കുന്നു. അവരുടെ എതിർപ്പ് കണ്ട് ഈ ജനങ്ങളോട് നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യാൻ നിങ്ങളോട് കൽപിക്കുവാനായി മലനിരകളിലെ മാലാഖയെ അല്ലാഹു നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു.

മലനിരകളിലെ മാലാഖ എന്നെ വിളിച്ച് അഭിവാദ്യം ചെയ്തു, എന്നിട്ട് പറഞ്ഞു: 'മുഹമ്മദ്! നിങ്ങൾക്ക് ഇഷ്ടമുള്ള ഉത്തരവ് നൽകുക. നിങ്ങൾക്ക് വേണമെങ്കിൽ, അൽ-അഖ്ഷബൈൻ (മക്കയ്ക്കടുത്തുള്ള രണ്ട് പർവതങ്ങൾ) അവരുടെ മേൽ വീഴാൻ ഞാൻ അനുവദിക്കും, അതിനർത്ഥം അവർ ഒരു ഭൂകമ്പത്തിൽ മരിക്കും.

പ്രവാചകൻ(സ) പറഞ്ഞു: വേണ്ട. അല്ലാഹു അവർക്ക് അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന പവിത്രമായ സന്തതികളെ നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. *(അൽ ബിദായ വ നിഹായ വാ 3, പേ 135137, ബൈറൂത്ത് എഡിഷൻ 1966)*

'നിങ്ങളെ സഹായിക്കാൻ അല്ലാഹു മലനിരകളുടെ മാലാഖയോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് ഗബ്രിയേൽ മാലാഖ പ്രവാചകനോട് പറഞ്ഞതായി ഈ ഹദീസ് വെളിപ്പെടുത്തുന്നു. 'നിന്നെ സഹായിക്കാനാണ് ഞാൻ വന്നിരിക്കുന്നത്' എന്ന് ഗബ്രിയേൽ പറഞ്ഞില്ല. വ്യത്യസ്ത മലക്കുകൾക്ക് വ്യത്യസ്ത ചുമതലകൾ നൽകിയിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം വാ.. വാല്യം. 5, പേജ് 497)*

14. അവർ ദൈവിക ഗുണങ്ങളുടെ പ്രകടനങ്ങളാണ്.

'ചില മാലാഖമാർ അല്ലാഹുവിന്റെ ഒരു പ്രത്യേക ഗുണത്തിന്റെ പ്രകടനങ്ങളാണ്, മറ്റ് ചില മാലാഖമാർ നിരവധി ഗുണങ്ങളുടെ പ്രകടനങ്ങളാണ്. അതിനാൽ, സർവ്വശക്തനായ അല്ലാഹു ഇപ്രകാരം പ്രസ്താവിക്കുന്നുഃ

**സർവ്വസ്തുതിയും ആകാശങ്ങളെയും ഭൂമിയേയും ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചവനും ഈ രണ്ടും മുമ്മൂന്നുംനന്നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിശ്ചയിച്ചവനുമായ അല്ലാഹുവിനാണ്. അവൻ സൃഷ്ടിപ്പിൽ താൻ ഉദ്ദേശിക്കുന്നതിനെ വർദ്ധിപ്പിക്കുന്നു തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണ കഴിവുള്ളവനാകുന്നു.** *(സൂറ ഫാത്തിർ 35:2)*


'പ്രവാചകൻ(സ) പറഞ്ഞു: അവൻ (ജിബ്‌രീൽ). എനിക്ക് വിശുദ്ധ ഗ്രന്ഥം (വിശുദ്ധ ഖുർആൻ) കൊണ്ടുവന്ന ജിബ്‌രീലിനും 600 ചിറകുകളുണ്ട്. *(സഹീഹുൽ ബുഖാരി കിതാബു തഫ്സീർ, സൂറ നജ്മ്)*

'മലക് ജിബിരീലിന് 600 ദിവ്യ ഗുണങ്ങളുടെ പ്രകടനമാണ് ഇത് തെളിയിക്കുന്നത്. അതിനാൽ, ദൂതന്മാർ വ്യത്യസ്ത ഗുണങ്ങളുടെ പ്രകടനങ്ങളാണ്, അവയ്ക്ക് ചിറകുകളുള്ളത് അക്ഷരാർത്ഥത്തിലല്ല, മറിച്ച് അവ പ്രതിനിധീകരിക്കുന്ന ഗുണങ്ങളെ സൂചിപ്പിക്കുന്നു'. *(മലായിക്കത്തുല്ലാഹ് അൻവാറുൽ ഉലൂം. വാല്യം. 5, പേ. 497 498)*



ലേഖനം

# അമേരിക്കയിൽ നിന്നൊരു സംഗീതജ്ഞനായ മാലാഖ



കുത്തഴിഞ്ഞ അമേരിക്കൻ സംഗീത ജീവിതത്തിൽ മുഴുകി ജീവിച്ച ഒരു സംഗീതജ്ഞൻ, റസൂൽ തിരുമേനി[സ]യുടെ ജീവ ചരിത്രം വായിച്ചു സാത്വികനായ വിശ്വാസിയായി മാറിയ അസാധാരണ ജീവിത കഥ അനാവരണം ചെയ്യുന്ന ലേഖനം രണ്ടാം ഭാഗം

റഫീഖ് അഹ്മദ് മാത്തോട്ടം

**ബൈ**അത്തിനു ശേഷം മൗലവി സാഹിബ് ഞങ്ങളെ നമസ്ക്കരിക്കാൻ പഠിപ്പിച്ചു. ഞങ്ങൾ രണ്ടു പേരും കൃത്യമായി അഞ്ചു നേരം നമസ്ക്കരിക്കാൻ തുടങ്ങി. മെല്ലെ മെല്ലെ നമസ്ക്കാരത്തിൽ ചൊല്ലുന്നതിന്റെ അർഥവും ഞങ്ങൾ പഠിച്ചു. ഞങ്ങൾ മുറബ്ബി യാസീൻ സാഹിബിന്റെ സഹായത്തോടെ അറബി അക്ഷരങ്ങൾ പഠിച്ച് ഖുർആൻ ഓതാനും മന:പ്പാഠമാക്കാനും തുടങ്ങി. ഞങ്ങളെ പഠിപ്പിക്കാൻ അദ്ദേഹം വളരെയധികം സമയം ചെലവഴിച്ചിട്ടുണ്ട്. ഒരു ദിവസം പഠിക്കേണ്ട ഭാഗം എത്ര സമയമെടുത്താലും അതു പഠിച്ചു തീർക്കാതെ അദ്ദേഹം ക്ലാസ് നിർത്തിയിരുന്നില്ല.

കുറച്ചു നാളുകൾ കൂടി കഴിഞ്ഞപ്പോൾ ഒരിക്കൽ മുറബ്ബി സാഹിബ് പറഞ്ഞു രാത്രിയുടെ അവസാന യാമങ്ങളിൽ അനുഷ്ടിക്കുന്ന മറ്റൊരു നമസ്ക്കാരം കൂടിയുണ്ട്. അതിന്റെ പേരാണു തഹജ്ജുദ് സാധിക്കുമെങ്കിൽ സുബഹി നമസ്ക്കാരത്തിനും മുൻപു എഴുന്നേറ്റു തഹജ്ജുദ് നമസ്ക്കരിക്കുന്നത് വളരെ നല്ല കാര്യമാണ്. അത് അല്ലാഹുവിന്റെ സാമീപ്യം നേടാൻ വളരെ സഹായകമാകും. അങ്ങനെ ഞാനും മറിയമും കൃത്യമായി തഹജ്ജുദ് നമസ്ക്കരിക്കാനും തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ അമ്പത്തിയഞ്ചു വർഷങ്ങൾക്കിടയിൽ ഞങ്ങൾ ഒരു നമസ്ക്കാരമോ തഹജ്ജുദോ ഒഴിവാക്കിയിട്ടില്ല. തഹജ്ജുദ് നമസ്ക്കാരങ്ങളിൽ ധാരാളമായി ദുആ ചെയ്യാൻ അവസരം ലഭിക്കാറുണ്ട്. സുബഹി നമസ്ക്കാരത്തിനു ശേഷം കൃത്യമായി ഖുർആൻ പാരായണവും ചെയ്തിരുന്നു. ഞങ്ങളുടെ ജീവിതത്തിൽ ഞാനറിയാതെ വലിയൊരു ആത്മീയ വിപ്ലവമാണു സംഭവിച്ചത്. ജീവിതത്തിൽ മുമ്പൊരിക്കലും ആസ്വദിക്കാത്ത മന:സ്സമാധാനവും സംതൃപ്തിയും ഞങ്ങൾക്കു ഈ പുതിയ ജീവിതത്തിലൂടെ കൈവരികയും ചെയ്തിട്ടുണ്ട്. ഇതൊന്നും തന്നെ പണത്തിന്റെ ആധിക്യം കൊണ്ട് നേടാനാവുന്നതല്ലെന്നു ഞങ്ങൾക്കു മനസ്സിലായി.

ഒരിക്കൽ ഭാര്യ മറിയം, അദ്ദേഹത്തോടു പറഞ്ഞു സാദിഖ്, കുറച്ചു വർഷങ്ങൾക്കു മുൻപ് ഞാൻ നിങ്ങളോടു ഒരു കാര്യം പറഞ്ഞിട്ടുണ്ടായിരുന്നു. ഓർമയുണ്ടോ ആ കാര്യം? നമ്മുടെ വിവാഹാവസരത്തിൽ ഞാൻ നിങ്ങളുടെ കണ്ണുകളിൽ ഒരു പ്രത്യേക തിളക്കം കണ്ടിരുന്നുവെന്നും അതിപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണെന്നും ആ തിളക്കം വീണ്ടും കാണാൻ ഞാൻ കാത്തിരിക്കുമെന്നുമായിരുന്നു അത്. ഇന്നു ഞാൻ നിങ്ങളുടെ കണ്ണുകളിൽ ആ തിളക്കം കണ്ടെത്തിയിരിക്കുന്നു. സാധാരണ തിളക്കമല്ല മുമ്പത്തേക്കാൾ പതിന്മടങ്ങു വർദ്ധനയോടെ. *അൽഹംദുലില്ലാഹ്*

സാദിഖ് സാഹിബും ഭാര്യയും മുറബ്ബി സാഹിബിന്റെ സഹായത്തോടെ ഖുർആൻ നന്നായി ഓതാൻ പഠിച്ചു. അതോടൊപ്പം അർഥവും പഠിക്കാൻ ആരംഭിച്ചു. അതിനു ശേഷം അദ്ദേഹം ചെറുതും വലുതുമായ സൂറത്തുകൾ മന:പ്പാഠമാക്കിത്തുടങ്ങി. അദ്ദേഹത്തിന്റെ ശബ്ദത്തിൽ അന്തർലീനമായിരുന്ന ഒരു പ്രത്യേക നൊമ്പരം അദ്ദേഹത്തിന്റെ ഖുർആൻ പാരായണം വശ്യവും വളരെ ആകർഷണീയവുമാക്കിയിരുന്നു. ഒരിക്കൽ അദ്ദേഹം പറയുകയാണ് ഞാൻ ജമാഅത്തു പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് പരിഭാഷയുള്ള ഒരു ഖുർആൻ വാങ്ങി വീട്ടിൽ കൊണ്ടു വന്നു ആദ്യമായി തുറന്നപ്പോൾ സൂറത്ത് ആലു ഇംറാനിലെ 104–ാമത്തെ ആയത്തിലാണു എന്റെ ദൃഷ്ടി പതിഞ്ഞത്. അതിപ്രകാരമാണ്.

وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا
كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ

(നിങ്ങൾ ഒരു അഗ്നി കുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്നു അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കൽപനകൾ നിങ്ങൾക്കു വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനു വേണ്ടി. (ഖുർആൻ 3:104) അദ്ദേഹം പറയുകയാണു ആ ആയത്ത് വായിച്ചപ്പോൾ എനിക്കു എന്തെന്നില്ലാത്ത മന:സ്സമാധാനവും സന്തോഷവും ലഭിക്കുകയുണ്ടായി. കാരണം ഞാൻ തുടർന്നു വന്ന എന്റെ പഴയ ജീവിതം തീയിലേയ്ക്കുള്ള പാതയായിരുന്നുവെന്നും ഇപ്പോൾ ഞാൻ കണ്ടെത്തിയ ഇതു തന്നേയാണ് യഥാർഥ ദീൻ എന്നും അല്ലാഹു എന്നോടു ഈ ആയത്തിലൂടെ പറയുകയായിരുന്നു.

ന്യൂജേഴ്സിയിൽ താമസിക്കുന്ന സാദിഖ് സാഹിബ് ഏകദേശം 75 കിലോമീറ്റർ അകലെയുള്ള ന്യൂയോർക്ക് ജമാഅത്തിലെ സജീവ പ്രവർത്തകനായിരുന്നു. വെള്ളിയാഴ്ചയും ഞായറാഴ്ചയും സ്ഥിരമായി പള്ളിയിൽ പോകുന്ന അദ്ദേഹം ആവശ്യമെങ്കിൽ മറ്റു ദിവസങ്ങളിലും പള്ളിയിൽ എത്തുമായിരുന്നു. വർഷങ്ങളായി അതായിരുന്നു പതിവ്. ഈ

ദീർഘയാത്ര ക്ഷീണിപ്പിക്കാറില്ലേ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു എന്തു ക്ഷീണം? അല്ലാഹുവുമായുള്ള മുലാഖാത്തിനു വേണ്ടിയല്ലേ ഈ യാത്ര. മാത്രവുമല്ല ഞാൻ യാത്രയിലുടനീളം ഖുർആൻ പാരായണം ചെയ്യാറാണു പതിവ്. അപ്പോൾ യാത്രയുടെ കാര്യം അറിയുകയേയില്ല. എന്നിട്ടദ്ദേഹം തന്റെ ഈ യാത്രയ്ക്കിടയിൽ ഒരിക്കലുണ്ടായ അനുഭവം വിവരിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായവും സംരക്ഷണവും നേരിൽ കണ്ട ഒരനുഭവമായിരുന്നു അത്. അദ്ദേഹം പറയുകയാണു ഒരു വെള്ളിയാഴ്ച ജുമുഅ നമസ്ക്കാര ശേഷം ഞാൻ ന്യൂയോർക്കിൽ നിന്നും ന്യൂജേഴ്സിയിൽ വീട്ടിലേയ്ക്കു തിരിച്ചു വരികയായിരുന്നു. കാർ ഹോളണ്ട് ടണലിൽ (Holland tunnel – ഹഡ്സൺ നദിക്കു താഴെ ന്യൂയോർക്കിനേയും ന്യൂജേഴ്സിയേയും ബന്ധിപ്പിക്കുന്നവാഹനങ്ങൾക്കുള്ള ഭൂഗർഭ പാത. ലേഖ.) എത്തിയപ്പോൾ കാറിന്റെ ഇന്ധന സൂചികയിൽ പെട്ടെന്നു എന്റെ ദൃഷ്ടി പതിഞ്ഞു. അപ്പോഴതിന്റെ സൂചി പൂജ്യത്തിനും താഴെയായിരുന്നു കാണിച്ചു കൊണ്ടിരുന്നത്. ഞാനതു കണ്ട് വല്ലാതെ പരിഭ്രമിച്ചു. അതിന്റെ അർഥം ഇന്ധനമില്ലാതെ കാർ ഏതുസമയത്തും ഈ നിരത്തിൽ നിശ്ചലമായേക്കാം എന്നാണല്ലോ

ന്യൂയോർക്കിൽ നിന്നു പുറപ്പെടാൻ നേരം കാറിൽ ഇന്ധനം നിറച്ചില്ല എന്ന കാര്യം അപ്പോഴാണു ഞാൻ ഓർക്കുന്നത്. എന്റെ കാർ ഇന്ധനമില്ലാതെ ഈ ടണലിൽ നിന്നു പോയാൽ ശര വേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ഒഴുക്ക് നിശ്ചലമാകും. അതു ചെറുതല്ലാത്ത പ്രശ്നങ്ങളും പല നിയമ നടപടികൾക്കും കാരണമായേക്കും. എന്റെ അശ്രദ്ധയാണല്ലോ കാരണം. ഞാൻ വല്ലാത്ത പരിഭ്രമത്തിലായി. ടണലിൽ നിന്നും പുറത്തു കടന്നാൽ അധികം ദൂരെയല്ലാതെ ഇന്ധനം നിറക്കാനുള്ള ഒരു ഫില്ലിംഗ് സ്റ്റേഷനുള്ളത് എനിക്കറിയാം. എന്നാൽ സാധാരണ നിലയിൽ എന്റെ കാർ അവിടം വരെ എത്തുമോ എന്നാണു സംശയം. ഞാൻ കാറിൽ എന്റെ പേഴ്സ് തിരക്കി. അപ്പോഴാണു മനസ്സിലായത് വീട്ടിൽ നിന്നും പുറപ്പെടാൻ നേരം പേഴ്സ് എടുക്കാനും മറന്നിരിക്കുന്നു. കാഷും ക്രെഡിറ്റ് കാർഡും എല്ലാം അതിലാണുള്ളത്. ഇനി എന്തു ചെയ്യും. എന്റെ പരിഭ്രമവും അങ്കലാപ്പും പതിന്മടങ്ങു വർദ്ധിച്ചു. ഇനി അല്ലാഹുവിന്റെ നേരിട്ടുള്ള സഹായമല്ലാതെ എനിക്കിനി ഒരു രക്ഷയുമില്ലെന്നു മനസ്സിലായി.

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) പഠിപ്പിച്ചുതന്ന ഇൽഹാമി ദുആ ചൊല്ലാൻ തുടങ്ങി

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ

*എന്റെ നാഥാ സർവ ചരാചരങ്ങളും നിന്റെ ദാസരാണു എന്റെ നാഥാ നീ എന്നെ രക്ഷിക്കേണമേ, നീ എന്നെ സഹായിക്കേണമേ, നീ എന്റെ മേൽ കരുണ ചൊരിയേണമേ.*

ഞാൻ ഈ ദുആ ചൊല്ലിക്കൊണ്ടേയിരുന്നു. അപ്പോഴേയ്ക്കും കാർ ടണലിന്റെ മദ്ധ്യ ഭാഗത്തെത്തിയിരുന്നു. പെട്ടെന്നു കാറിന്റെ ജനൽ വഴി ഇരുപത് ഡോളറിന്റെ ഒരു നോട്ട് പറന്നു വന്ന് എന്റെമേൽ വീണു. അതെവിടെ നിന്നാണെന്നോ എങ്ങനെയാണെന്നോ എനിക്കറിയില്ല. എന്റെ ആശ്ചര്യത്തിന്നതിരില്ലായിരുന്നു. പക്ഷേ, പെട്ടെന്നു തന്നെ ഇതു നിന്റെ ദുആയുടെ ഫലമാണെന്നു എന്റെ ഹൃദയമെന്നോടു മന്ത്രിച്ചു. അല്ലാഹുവിന്റെ അതിമഹത്തായ സഹായത്താൽ കാർ ഇന്ധനമില്ലാതെ ടണലിൽ നിന്നുപോയില്ല. ടണലിൽ നിന്നും പുറത്തു കടന്നയുടനെയുള്ള പെട്രോൾ സ്റ്റേഷനിൽ നിന്നും ഇരുപത് ഡോളറിനു ഞാൻ ഇന്ധനം നിറച്ചു യാത്ര തുടർന്നു. എന്റെ ഹൃദയം അല്ലാഹുവിനോടുള്ള സ്നേഹത്താലും നന്ദിയാലും അവനെ സ്തുതിച്ചു കൊണ്ടിരുന്നു. അതോടൊപ്പം അല്ലാഹു എനിക്കു നൽകിയ സംരക്ഷണവും സഹായവുമോർത്തു കണ്ണുകൾ നിറഞ്ഞൊഴുകി.

മുഹമ്മദ് സാദിഖ് സാഹിബിനു ദഅ്‌വത്ത് ഇലലാഹ് (തബ്‌ലീഗ്) വലിയ ഇഷ്ടമായിരുന്നു അതിനു വേണ്ടി ന്യൂയോർക്കിലെ മിക്കവാറും എല്ലാ കോളജുകളിലും അദ്ദേഹം തന്റെ പേരും മറ്റു വിവരങ്ങളും നൽകി റജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. കോളേജുകൾക്കു മതപരമായ ക്ലാസ്സുകളോ പ്രസംഗമോ സെമിനാറോ ആവശ്യമായി വന്നാൽ അവർ സാദിഖ് സാഹിബിനെ വിളിക്കും അദ്ദേഹം അവിടെ ചെന്നു ഇസ്‌ലാമിനെ കുറിച്ചും ജമാഅത്തിനെ കുറിച്ചും പ്രസംഗങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കും. ഒരിക്കൽ ന്യൂയോർക്കു കോളേജ് എന്നുപേരുള്ള ഒരു കോളജിൽ നിന്നും റസൂൽ കരീമി(സ)നെ കുറിച്ചു ഒരു ക്ലാസ്സെടുക്കാൻ സാദിഖ് സാഹിബിന്നൊരു ക്ഷണം വന്നു. റസൂൽ കരിമി(സ)നെ കുറിച്ചു സംസാരിക്കുമ്പോൾ അദ്ദേഹം വല്ലാതെ വികാരഭരിതനാകും. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുന്നവരുടെ ഹൃദയത്തിലായിരിക്കും പതിക്കുന്നത്.

ഈ സംഭവത്തെ കുറിച്ചു സാദിഖ് സാഹിബിന്റെ കുടുംബ സുഹൃത്തായ അബ്ദുൽ ഹാദി നാസിർ സാഹിബ് പറയുകയാണു ആ പരിപാടിയിൽ പങ്കെടുക്കാൻ അദ്ദേഹത്തോടൊപ്പം ഞാനും കോളേജിൽ പോയിട്ടുണ്ടായിരുന്നു. അദ്ദേഹംഅവിടെ ഇരുപത്തിയഞ്ചു മിനുട്ട് നേരം തിരുമേനി(സ)യുടെ ജീവചരിത്രത്തിന്റെ വിവിധ വശങ്ങൾ വിവരിച്ചു. പ്രസംഗത്തിന്നിടയിൽ ഒരു വിദ്യാർഥി പോലും അനങ്ങുകയോ അപശബ്ദമുണ്ടാക്കുകയോ ചെയ്തിട്ടില്ല. അത്ര കണ്ട് ശ്രോതാക്കൾ ഒരു പ്രത്യേക മാസ്മരിക വലയത്തിൽ പരിസരം മറന്നിരിക്കുകയായിരുന്നു. തിരുമേനിയുടെ ജീവിതത്തിലെ പലസംഭവങ്ങളും സാദിഖ് സാഹിബ് കണ്ണീരണിഞ്ഞു ഇടറിയ ശബ്ദത്തോടെയായിരുന്നു വിവരിച്ചിരുന്നത്. അതു ശ്രോതാക്കളെ വല്ലാതെ സ്വാധീനിച്ചു.

പ്രസംഗ ശേഷം വിദ്യാർഥികൾ അദ്ദേഹത്തിനു ചുറ്റും കൂടി. മിക്കവരും അദ്ദേഹത്തെ ആലിംഗനം ചെയ്തു ചിലർ ഹസ്തദാനം ചെയ്തു.

വിദ്യാർഥികളിൽ ഭൂരിഭാഗവും വെള്ളക്കാരായിരുന്നു. കറുത്തവർ കുറച്ചു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രോഫറ്റ് മുഹമ്മദിനെ(സ) കുറിച്ചു ഇത്രയും മനോഹരവും ഹൃദയസ്പർശിയുമായ പ്രസംഗം ഞങ്ങൾ ഇതിനു മുമ്പ് കേട്ടിട്ടില്ലെന്നു പലരും പറഞ്ഞു. താങ്കളുടെ ശബ്ദം നാവിലൂടെയല്ല ഹൃദയത്തിലൂടേയാണു പുറത്തു വന്നതെന്നും ഇത്രയും ആത്മാർഥതയോടെ താങ്കൾ വിവരിച്ച ആ വ്യക്തി (തിരുമേനി) തീർച്ചയായും ഉന്നത ധാർമിക ഗുണങ്ങളുടെ ഉടമസ്ഥൻ തന്നെയായിരിക്കുമെന്നു ഞങ്ങൾക്കു ബോധ്യപ്പെട്ടെന്നു വേറെ ചിലരും സമ്മതിക്കുകയുണ്ടായി.

മറ്റൊരനുഭവം വിവരിച്ചു കൊണ്ട് സാദിഖ് സാഹിബ് പറയുകയാണു ഒരിക്കൽ ഞാനും ജമാഅത്തിലെ മറ്റൊരു സഹോദരനും കൂടി ന്യൂയോർക്ക് സിറ്റിയിൽ ജമാഅത്തിന്റെ ലഘുലേഖകൾവിതരണം ചെയ്യുകയായിരുന്നു. എത്രയോ തവണ മുമ്പും ചെയ്തിട്ടുണ്ട്. അപ്പോഴൊന്നും ഉണ്ടാകാത്ത ദുരനുഭവം അന്നുണ്ടായി. ന്യൂയോർക്ക് പോലീസു വന്ന് ഞങ്ങളെ മർദ്ദിക്കുകയും ലഘുലേഖകൾ വിതരണം ചെയ്തതിനു അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കുകയും ചെയ്തു. പക്ഷേ, ഞങ്ങളുടെ പേരിൽ ആരോപിക്കപ്പെട്ട എല്ലാ കുറ്റങ്ങളും കോടതി ഒഴിവാക്കി ഞങ്ങളെ മോചിപ്പിച്ചു. എന്നാൽ ഞങ്ങൾ ചെയ്ത കുറ്റമെന്തായിരുന്നുവെന്നോ എന്തിനാണു അറസ്റ്റു ചെയ്തതെന്നോ മനസ്സിലായതുമില്ല. അതിനാൽ കോടതിയിൽ നിന്നും പുറത്തിറങ്ങുമ്പോൾ ഞങ്ങൾ ഞങ്ങളുടെ വക്കീലിനോടു പറഞ്ഞു ഞങ്ങൾ യാതൊരു തെറ്റും ചെയ്തിട്ടുണ്ടായിരുന്നില്ല. ഞങ്ങളെ അറസ്റ്റു ചെയ്ത പോലീസുകാർ നന്നായി മദ്യപിച്ചിട്ടാണുണ്ടായിരുന്നത്. അവർ സ്വബോധത്തിലായിരുന്നില്ല. അതു കൊണ്ടാണു അവർ ഞങ്ങളെ മർദ്ദിക്കുകയും അറസ്റ്റു ചെയ്യുകയും ചെയ്തതു. അതുകേട്ട് വക്കീൽ തമാശയായി പറഞ്ഞു. ഈ കാര്യത്തിൽ നിങ്ങൾക്കു വേണ്ടി എനിക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല. കാരണം ഇവിടെ കോടതിയിൽ ഇരിക്കുന്ന ജഡ്ജും നന്നായി മദ്യപിച്ചിട്ടാണുള്ളത്.

സാദിഖ് സാഹിബ് പറയുകയാണു 1947ൽ ബൈഅത്തു ചെയ്തതിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദു(റ)മായി നിരന്തരം എഴുത്തിലൂടെ ബന്ധപ്പെടാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ ഹുദൂറിനെ സ്വപ്നം കാണുകയുണ്ടായി. ഞാൻ പാകിസ്താനിലാണുള്ളത്. ഒരു സ്ഥലത്തു കുറച്ചു ആളുകളെ കണ്ടപ്പോൾ ഞാൻ ഹുദൂറിനെ കാണാൻ ആഗ്രഹിക്കുന്നതായി അവരോടു പറഞ്ഞു. ഹുദൂർ മുകളിൽ തന്റെ മുറിയിലുണ്ടാകുമെന്നു അവർ മറുപടി പറഞ്ഞു. ഞാൻ ആ കെട്ടിടത്തിന്റെ മുകളിൽ കയറി ഹുദൂറിന്റെ മുറിയിൽ പ്രവേശിച്ചപ്പോൾ ഹുദൂർ ഉറങ്ങുന്നതു പോലെയാണു എനിക്കു തോന്നിയത്. അപ്പോൾ ആരോ എന്നോടു പറഞ്ഞു ഹുദൂർ ഉറങ്ങുകയല്ല നമസ്ക്കരിക്കുകയാണു. എനിക്കു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദിനെ കാണാനൊ മുലാഖാത്ത് ചെയ്യുവാനോ ഉള്ള ഭാഗ്യം ലഭിച്ചിരുന്നില്ല.

1974ൽ ആദ്യമായി ജൽസയിൽ പങ്കെടുക്കാനും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസുമായി മുലാഖാത്തിനും വേണ്ടി മുഹമ്മദ് സാദിഖ് സാഹിബ് റബ്‌വയിലേയ്ക്കു പോയിട്ടുണ്ടായിരുന്നു. ധാരാളം പേരടങ്ങുന്ന ഒരു സംഘവും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. ജലസയ്ക്കു ശേഷം അമേരിക്കയിൽ നിന്നും വന്ന എല്ലാ അതിഥികൾക്കും വേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) തന്റെ ഫാം ഹൗസിൽ ഒരു ഉച്ച ഭക്ഷണം ഒരുക്കിയിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ സാദിഖ് സാഹിബിന്റെ മനോഹരമായ തിലാവത്തിനെ കുറിച്ചറിഞ്ഞ ഹുദൂർ അദ്ദേഹത്തിന്റെതിലാവത്തു കേൾക്കണമെന്നു ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അതനുസരിച്ചു അദ്ദേഹം ഹുദൂറിനു മുന്നിൽ ഖുർആൻ ഓതിക്കേൾപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തിലാവത്തു ഹുദൂറിനു വളരെയധികം ഇഷ്ടപ്പെട്ടു. റബ്‌വയിലെ ജൽസയ്ക്കു ശേഷം ഈ സംഘം ഖാദിയാൻ സന്ദർശനത്തിനായി ഇന്ത്യയിലേയ്ക്കും പോയിട്ടുണ്ടായിരുന്നു. ഇത്തരത്തിൽ സാദിഖ് സാഹിബിനു അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒന്നിൽ കൂടുതൽ തവണ റബ്‌വയും മസീഹ് മൗഊദിന്റെ പാദ സ്പർശമേറ്റ പുണ്യഭൂമി ഖാദിയാനും ബഹിശ്ത്തി മഖ്ബറയുംപള്ളികളും സന്ദർശിക്കാനുള്ള ഭാഗ്യവും ലഭിച്ചിട്ടുണ്ടായിരുന്നു.

ഇരുപത്തിയേഴു വർഷമായി സാദിഖ് സാഹിബിന്റെ കുടുംബവുമായി വളരെ അടുത്ത സുഹൃബന്ധമുണ്ടായിരുന്ന പാക്കിസ്ഥാനി സ്വദേശിയായ അഹ്മദി സഹോദരൻ അബ്ദുൽഹാദി നാസിർ സാഹിബ് പറയുകയാണു സാദിഖ് സാഹിബിനെ പോലെ തന്നെ അദ്ദേഹത്തിന്റെ ഭാര്യ മറിയം സാഹിബയും ജമാഅത്തിലെ ഒരു പ്രധാന അംഗവും വളരെ സാത്വികയുമായ സ്ത്രീയായിരുന്നു. ഞാൻ പറഞ്ഞുള്ള അറിവു വെച്ചു ഒരിക്കലും കണ്ടിട്ടില്ലാത്ത എന്റെ മാതാവിനോടും മറ്റു വീട്ടുകാരോടും അവർ വലിയ ആദരവും സ്നേഹവും പ്രകടിപ്പിക്കാറുണ്ടായിരുന്നു. എന്നോടവർക്കു സ്വന്തം മകനോടെന്ന പോലുള്ള സ്നേഹമായിരുന്നു. അതു കാരണം അവധി ദിനമായ എല്ലാ ഞായറാഴ്ചകളിലും എന്നോട് അവരുടെ വീട്ടിൽ നിർബന്ധമായും പോകാനും ഒരു നേരം ഭക്ഷണം അവിടെ നിന്നു കഴിക്കാനും പറയുമായിരുന്നു.

ഒരിക്കൽ ഞാനവിടെ ചെന്നപ്പോൾ എനിക്കു വേണ്ടി അവർ ഉണ്ടാക്കി വച്ച പാക്കിസ്ഥാനി പൊറാട്ട കണ്ട് ഞാൻ വളരെ ആശ്ചര്യത്തോടെ ഇതെവിടെ നിന്നാണു ഉണ്ടാക്കാൻ പഠിച്ചതെന്നു ചോദിച്ചു. അവർ പറഞ്ഞു ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് ഐക്യരാഷ്ട്ര സഭ (UNO) യിലേയ്ക്ക് പ്രത്യേകിച്ചു 1948 കാലഘട്ടത്തിലും അതിനു ശേഷവും

പാക്കിസ്ഥാന്റെ പ്രതിനിധിയായി ന്യൂയോർക്കിലേയ്ക്കു വരുമ്പോഴൊക്കെ ഞങ്ങളുടെ വീട്ടിലും വരാറുണ്ടായിരുന്നു. അദ്ദേഹത്തിനു പൊറാട്ട ഇഷ്ടമാണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ സൽക്കരിക്കാനായി ഞാൻ പൊറാട്ട ഉണ്ടാക്കാൻ പഠിച്ചതായിരുന്നു. മറിയം സാഹിബ പറയുകയാണു ഞങ്ങളുടെ വീട് പഴയതും സഫറുല്ലാഹ് ഖാൻ സാഹിബിന്റെ അന്തസിനും സ്ഥാനത്തിനും ഒരിക്കലും യോജിക്കാത്തതുമാണെന്നു ഞങ്ങൾക്കു നന്നായിട്ടറിയാം. അദ്ദേഹം വിശാല ഹൃദയനും എളിയ ജീവിതം നയിച്ചിരുന്ന ഒരാളുമായിരുന്നു. അതുകൊണ്ട് അമേരിക്കയിൽ വരുമ്പോഴൊക്കെ അദ്ദേഹം ഞങ്ങളെ കാണാൻ വരുമായിരുന്നു. അദ്ദേഹത്തിന്റെ സന്ദർശനം ഞങ്ങളെ വളരെയധികം സന്തോഷിപ്പിച്ചിരുന്നു. അദ്ദേഹം ഞങ്ങളോടൊപ്പമിരുന്നു ജമാഅത്തിയായ കാര്യങ്ങൾ സംസാരിക്കുമായിരുന്നു. മാത്രവുമല്ല ഭക്ഷണ ശേഷം ഞങ്ങളുടെ ലിവിംങ്ങ് റൂമിൽ നിലത്തു വിരിച്ചിട്ടുള്ള പഴയ കാർപെറ്റിൽ ഒരു ബെഡ്ഷീറ്റ് വിരിച്ചു തലയിണയും വെച്ച് വിശ്രമിക്കാറുമുണ്ടായിരുന്നു.

നാസിർ സാഹിബ് പറയുകയാണു എന്റെ ഭാര്യ സ്ഥിര താമസത്തിനായി ന്യൂയോർക്കിലേയ്ക്കു വരുന്നതറിഞ്ഞപ്പോൾ മറിയം സാഹിബ് പറഞ്ഞു ഞാൻ താങ്കളുടെ ഭാര്യയെ സ്വീകരിക്കുന്നതിനായി തീർച്ചയായും എയർപ്പോർട്ടിൽ വരുന്നതായിരിക്കും. പക്ഷേ, ഭാര്യ ന്യൂയോർക്കിൽ എത്തുന്ന ദിവസം അവർക്കു തീരെ സുഖമുണ്ടായിരുന്നില്ല. അതു കാരണം അവർക്കു എയർപ്പോർട്ടിൽ വരാൻ സാധിച്ചില്ല. അതിനാൽ ഭാര്യ ഇവിടെ എത്തി രണ്ടു മൂന്നു ദിവസങ്ങൾക്കു ശേഷം തന്നെ ഞാനും ഭാര്യയും സാദിഖ് സാഹിബിന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചു. അവർക്കൊരു surpris നൽകാമെന്ന നിലയ്ക്കു ഫോൺ ചെയ്യാതെ ന്യൂജേഴ്സിയിൽ ഞങ്ങളവരുടെ വീട്ടിലെത്തി. പക്ഷേ, രണ്ടു പേരും അവിടെ ഉണ്ടായിരുന്നില്ല. വീടു പൂട്ടിക്കിടക്കുകയായിരുന്നു. അസുഖം കൂടുതലായതു കാരണം അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്നു അയൽക്കാരിലൊരാൾ പറഞ്ഞു. അവരോടു ആശുപത്രിയുടെ മേൽവിലാസം വാങ്ങി ഞങ്ങൾ ആശുപത്രിയിൽ ചെന്നു.

അവിടെ എത്തിയപ്പോൾ ആശുപത്രി ലോബിയിൽ സാദിഖ് സാഹിബ് വളരെ വിഷമത്തോടെ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തുന്നുണ്ടായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ആശ്ചര്യത്തിനു അതിരുണ്ടായിരുന്നില്ല. മറിയമിനു തന്റെ രോഗവിവരം മറ്റുള്ളവരെ അറിയിക്കുന്നത് ഇഷ്ടമില്ലാത്തതുകൊണ്ട് ആ വിവരമോ ആശുപത്രിയിലാണെന്ന കാര്യമോ ആരേയും ഞാൻ അറിയിച്ചിട്ടുണ്ടായിരുന്നില്ലെന്നു അദ്ദേഹം ഞങ്ങളോടു പറഞ്ഞു. ഭാര്യയ്ക്കു കാൻസർ രോഗം പിടിപെട്ടിട്ടാണുള്ളത്. അതിപ്പോൾ മൂർദ്ധന്യാവസ്ഥയിലുമാണെന്നു ഞങ്ങളെ അദ്ദേഹം വളരെ വിഷമത്തോടെ അറിയിച്ചു. എന്നിട്ടു പറഞ്ഞു നിങ്ങളെ കണ്ടപ്പോഴുള്ള എന്റെ ആശ്ചര്യത്തിന്റെ കാരണം, ഭാര്യ ആശുപത്രിലാണെന്ന കാര്യം നിങ്ങളെ അറിയിക്കാതിരുന്നിട്ടും നിങ്ങൾ ഇവിടെ എത്തിയതു കൊണ്ടല്ല. കാരണം മറ്റൊന്നാണു. മറിയം കിടക്കുന്ന മുറി ആശുപത്രിയുടെ പതിനൊന്നാം നിലയിലാണുള്ളത്. അൽപം മുമ്പ് മറിയം വളരെ അസ്വസ്ഥയായി എന്നോടു പറഞ്ഞു സാദിഖ്, നമ്മുടെ നാസിർ വരുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ താഴെ പോയി അവനെ കൂട്ടിക്കൊണ്ടു വരൂ. അല്ലെങ്കിൽ അവൻ വാർഡ് ഏതെന്നറിയാതെ വിഷമിച്ചു പോകും. ഞാൻ പറഞ്ഞു നമ്മൾ നാസിറിനോടെന്നല്ല ആരോടും തന്നെ നിന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ച കാര്യം പറഞ്ഞിട്ടില്ലല്ലോ. പിന്നെ നാസിർ എങ്ങനെ അറിയാനാണ്. മാത്രവുമല്ല നാസിറാണെങ്കിൽ ആശുപത്രിയിലേയ്ക്കു വരുന്നതായി ഫോൺ ചെയ്ത് എന്നോടോ നിന്നോടൊ പറഞ്ഞിട്ടുമില്ല. ആ നിലയ്ക്കു നാസിർ എങ്ങനെ വരാനാണു. പക്ഷേ, മറിയം സമ്മതിക്കാൻ തയ്യാറല്ലെന്നു മാത്രമല്ല എന്നോട് വളരെ ശക്തമായി കയർത്തു കൊണ്ട് താഴേയ്ക്കു പോകാൻ കൽപിച്ചു കൊണ്ടിരുന്നു. സാദിഖ് സാഹിബ് പറയുകയാണു ഇതൊക്കെ രോഗത്തിന്റേയും മരുന്നിന്റേയും റിയേക്ഷൻ വല്ലതുമായിരിക്കാമെന്നു കരുതി അവളുടെ സന്തോഷത്തിനും സമാധാനത്തിനുമായി ഞാൻ വെറുതെ താഴേയ്ക്കു വന്നതായിരുന്നു. അപ്പോഴാണു മറിയം പറഞ്ഞതു പോലെ തന്നെ നിങ്ങളെ രണ്ടു പേരേയും ഞാൻ കാണുന്നത്. മാശാഅല്ലാഹ്! നിങ്ങൾ ഇവിടേയ്ക്കു വരുന്ന വിവരം അല്ലാഹു മറിയമിന്റെ ഹൃദയത്തിലിട്ടു കൊടുത്തതായിരിക്കും

നാസിർ സാഹിബ് തുടർന്നു. എന്നേയും ഭാര്യയേയും കണ്ട് മറിയം സാഹിബ വളരെയധികം സന്തോഷം പ്രകടിപ്പിച്ചു. എന്നിട്ടു പറഞ്ഞു നിന്റെ ഭാര്യയെ സ്വീകരിക്കാനായി എയർപ്പോട്ടിൽ വരണമെന്നു എനിക്കു വലിയ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, സാധിച്ചില്ല. ഏതായാലും ഇപ്പോൾ നേരിട്ടു കണ്ടല്ലോ. ഞങ്ങൾ അവരുമായി സംസാരിച്ചു കുറച്ചു സമയം ആശുപത്രിയിൽ ചെലവഴിച്ചു. മറിയം സാഹിബയുമായുള്ള ഞങ്ങളുടെ ആ കൂടിക്കാഴ്ച അവസാനത്തേതായിരുന്നു. അന്നു വൈകുന്നേരം അവർ എന്നെന്നേക്കുമായി ഞങ്ങളെയെല്ലാം വിട്ടു പിരിഞ്ഞു. എന്നേയും ഭാര്യയേയും കാണാനുള്ള അവരുടെ ആഗ്രഹം പോലെ ഞങ്ങളും അവർക്കു surprise നൽകാനായി ഇറങ്ങിപ്പുറപ്പെട്ടതായിരുന്നു. അതിനുള്ള അവസരം നൽകിക്കൊണ്ട് ഞങ്ങൾക്കു അവസാനമായി പരസ്പരം കണ്ടുമുട്ടുന്നതിനായി അല്ലാഹു അവർക്കു ആയുസ്സ് നീട്ടി നൽകിയെന്നു വേണമെങ്കിൽ പറയാം. അമേരിക്കയിലെ എന്റെ ഉമ്മയായിരുന്നു അവർ. ഞായറാഴ്ചകളിൽ ഭക്ഷണം തയ്യാറാക്കി കാത്തിരിക്കുന്ന സ്നേഹനിധിയായ എന്റെ ഉമ്മ. ഞാൻ ചെന്നില്ലെങ്കിൽ

അവർ പരാതി പറയുമായി രുന്നു. എന്നെ കാത്തിരിക്കാൻ ഇനിയവർ ഉണ്ടാവില്ലെന്നു പറയാൻ മനസ്സു സമ്മതിക്കുന്നില്ല. അല്ലാഹു അവർക്കു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

മറിയം സാഹിബയുടെ വേർപാടോടെ മുഹമ്മദ് സാദിഖ് സാഹിബ് തനിച്ചായി. കാരണം ആ വിവാഹ ബന്ധത്തിൽ അവർക്കു സന്താനങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. അതിനാൽ സാദിഖ് സാഹിബും ഭാര്യയും ചേർന്നു മൂന്നു അനാഥ കുട്ടികളെ ദത്തെടുത്തിട്ടുണ്ടായിരുന്നു. അനാഥകളെ സംരക്ഷിക്കുന്നവർ സ്വർഗത്തിൽ എന്നോടൊപ്പമായിരിക്കുമെന്നു റസൂൽ തിരുമേനി(സ) അരുൾ ചെയ്തതു മനസ്സിലാക്കിയതു കൊണ്ടായിരിക്കാം ഒരുപക്ഷേ, അവർ ഇത്രയും വലിയൊരു ഉത്തരവാദിത്വം ഏറ്റെടുത്തത്. അവർ ആ മൂന്നു മക്കളേയും മാതാപിതാക്കളുടെ യഥാർഥ സ്നേഹവും ലാളനയും നൽകി തന്നേയാണു പോറ്റി വളർത്തിയത്. അവർക്കു ആവശ്യമായ വിദ്യഭ്യാസവും നൽകിക്കൊണ്ടിരുന്നു. അതിനാൽ മറിയം സാഹിബയുടെ വിയോഗം വരെ ഇതു തങ്ങളുടെ യഥാർഥ മാതാപിതാക്കളല്ലെന്നു അവരറിഞ്ഞിരുന്നില്ല.

വളരെ ചെറിയ കുഞ്ഞുങ്ങളാകുമ്പോഴായിരുന്നു സാദിഖ് സാഹിബും ഭാര്യയും ഇവരെ ഓരോരുത്തരെയായി ദത്തെടുത്തത്. ഇപ്പോൾ അവരുടെ വേർപാടിനു ശേഷം പതിനാലും പന്ത്രണ്ടും വയസ്സുള്ള രണ്ട് ആൺകുട്ടികളും ഒമ്പതു വയസ്സുള്ള പെൺകുട്ടിയും ഇതു തങ്ങളുടെ യഥാർഥ മാതാപിതാക്കളല്ലെന്നു എങ്ങനെയോ അറിഞ്ഞു.അവർ മൂന്നു പേരും സഹോദരി സഹോദരന്മാരും ഒരു മാതാവിന്റെ മക്കളുമാണ്. എന്നാൽ സാദിഖ് സാഹിബിന്റെ ഭാഗത്തു നിന്നും അവരോടുള്ള സമീപനത്തിൽ ഒരു മാറ്റവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിനു ആ ദത്തു മക്കളോടു ഒരു സ്വാർഥത മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ മൂന്നുപേരും യഥാർഥ അഹ്മദി മുസ്‌ലിംകളായി ജീവിക്കണം എന്നു മാത്രമായിരുന്നു അത്. പക്ഷേ, ആ കാര്യത്തിൽ വിജയിച്ചില്ലെന്നും എന്നാൽ അവരുമായി നല്ല ബന്ധത്തിൽ തന്നേയാണുള്ളതെന്നും അവസാന കാലം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

മുഹമ്മദ് സാദിഖ് സാഹിബ് തന്റെ തഖ്‌വയും സാത്വികതയും ജമാഅത്തിനോടുള്ള കൂറും ഭക്തിയും ഖിലാഫത്തിനോടുള്ള ആത്മാർഥതയും കൊണ്ട് അമേരിക്കയിലെ അഹ്മദികൾക്കിടയിൽ സുപരിചിതനും സുസമ്മതനുമായിരുന്നു. ഭാര്യയുടെ വഫാത്തിനു ശേഷം വാർദ്ധക്യ സഹജമായ ക്ഷീണവും ബലഹീനതയും അലട്ടുന്ന അവസരത്തിൽ അദ്ദേഹത്തെ ന്യൂജഴ്സി ജമാഅത്തംഗങ്ങളാണു പരിചരിക്കുകയും സേവിക്കുകയും ചെയ്തതു. വഫാത്തിന്റെ ഏതാനും വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ രണ്ടു കണ്ണിന്റേയും കാഴ്ചശക്തി പൂർണമായും നഷ്ടപ്പെട്ടിരുന്നു. എങ്കിലും ജമാഅത്തിലെ ചില സഹോദരന്മാരുടെ സഹായത്തോടെ അദ്ദേഹം പള്ളിയിൽ കൂടുതലായി പോകാറുണ്ടായിരുന്നു. അതുപോലെ ജമാഅത്തിയായ പൊതു പരിപാടികളിലും ദറസുകളിലും പങ്കെടുക്കുകയും ചെയ്തിരുന്നു. കാഴ്ച ശക്തി നഷ്ടപ്പെട്ടതു കാരണം മുമ്പത്തെ പോലെ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങളും ജമാഅത്തിലെ മറ്റു പ്രസിദ്ധീകരണങ്ങളും വായിക്കാൻ സാധിക്കാത്തതു കൊണ്ട് അതിന്റെ ഓഡിയോ റിക്കാഡിംങ്ങ് എപ്പോഴും കേൾക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഉന്നതമായ തഖ്‌വയും സാത്വികതയും ജീവിത വിശുദ്ധിയും ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള അദ്ദേഹത്തിന്റെ ആത്മാർഥ സ്നേഹവും കാരണം രണ്ടു ഖലീഫമാരുടേയും അതായത് ഖലീഫത്തുൽ മസീഹ് സാലിസി(റഹിമഹു)ന്റേയും ഖലീഫത്തുൽ മസീഹ് റാബിയിന്റേയും(റഹ്മഹു) പ്രത്യേക ശ്രദ്ധയും പരിഗണനയും സ്നേഹവും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടായിരുന്നു.

1993 ലെ യുകെ ജൽസയിൽ സാദിഖ് സാഹിബിനെ കുറിച്ചു ഹുദൂർ റാബിഅ് റഹിമഹു ല്ലാഹ് തന്റെ പ്രസംഗത്തിന്നിടയിൽ നടത്തിയ പരാമർശം അതിന്റെ ഒരു ബഹിർ പ്രകടനമായിരുന്നു. താൻ അർഹിക്കാത്ത വലിയൊരു സ്ഥാനമാണു ഹുദൂർ തനിക്കു നൽകിയതെന്നു ആ പരാമർശത്തെ കുറിച്ചു അദ്ദേഹം വികാരഭരിതനായി സൂചിപ്പിക്കാറുണ്ടായിരുന്നു. ന്യൂജഴ്സിക്കടുത്ത് നമ്മുടെ പള്ളിയുടെ ശിലാസ്ഥാപന കർമം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹിമഹുല്ലാഹ്) ആയിരുന്നു നിർവഹിച്ചിട്ടുണ്ടായിരുന്നത്. ആ അവസരത്തിൽ ഹുദൂർ അദ്ദേഹത്തിന്റെ കയ്യാലും ഒരു ഇഷ്ടിക ദുആ ചെയ്തു തറക്കല്ലിൽ വെപ്പിച്ചിട്ടുണ്ടായിരുന്നു.

ന്യൂജഴ്സി ജമാഅത്തു മുഹമ്മദ് സാദിഖ് സാഹിബിന്റെ വഫാത്തിനു അൽപം മുമ്പാണു ഖബറിസ്ഥാനു വേണ്ടി ഒരു ഭൂമി വാങ്ങിച്ചത്. അതിൽ അദ്ദേഹത്തിന്റെ ഖബർ തന്നെയായിരുന്നു ഒന്നാമത്തേത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ ജനാസാ നമസ്ക്കാരത്തിൽ അമേരിക്കയിലെ വിവിധ ജമാഅത്തുകളിൽ നിന്നും ധാരാളം പേർ പങ്കെടുത്തിട്ടുണ്ടായിരുന്നു. അല്ലാഹു തആല മർഹൂം മുഹമ്മദ് സാദിഖ് സാഹിബിനു മഗ്ഫിറത്തും സ്വർഗത്തിൽ ഉന്നത സ്ഥാനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ വരും തലമുറകൾക്കും തങ്ങളുടെ ജീവിതത്തിൽ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ

മജ്‌ലിസ് അൻസാറുല്ലാഹ് USA, വാഷിംങ്ങ്ടൺ DC യിൽ നിന്നും പ്രസിദ്ധീകരിക്കുന്ന AL NAHL (അന്നഹൽ) എന്ന ഇംഗ്ലീഷ് മാസികയ്ക്കു മർഹൂം മുഹമ്മദ് സാദിഖ് സാഹിബ് 1994ൽ നൽകിയ അഭിമുഖ സംഭാഷണത്തേയും 2016 ആഗസ്റ്റ് മാസം Al Fazl ഉറുദു ദിന പത്രത്തിൽ അദ്ദേഹത്തിന്റെ ദീർഘകാല കുടുംബ സുഹൃത്തായ

അബ്ദുൽ ഹാദി നാസ്സിർ സാഹിബ്, മർഹൂമിനെ കുറിച്ചെഴുതിയ സാമാന്യം ദീർഘമായ അനുസ്മരണ ലേഖനത്തേയും ആസ്പദമാക്കിയാണു ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്. (*ലേഖകൻ*).

**പേജ് 8 ൽ നിന്ന്**

1. ഉത്തരേന്ത്യയുടെ ദഅ്‌വത്തെ ഇലല്ലാഹ് നാസിർ ആയ ഹമീദ് കൗസർ സാഹിബിന്റെ ഭാര്യ സലീമ ബാനൂ സാഹിബ. അവർ മുസിയ ആയിരുന്നു. അവർ വളരെ ആതിഥ്യമരുളുന്ന, ലാളിത്യത്തിന്നുടമയായ, പ്രാർത്ഥനാശീലമുള്ള, നഫലു കൾ അനുഷ്ഠിക്കുന്ന, കിട്ടുന്നതിൽ സംതൃപ്തയായ ഒരു സ്ത്രീയായിരുന്നു. ബോംബെ ലജ്നയുടെ പ്രസിഡന്റായി പ്രവർത്തിക്കാൻ അവർക്ക് അവസരം ലഭിച്ചു. മർഹൂമയുടെ ഭർത്താവ് കബാബീറിൽ മുബല്ലിഗായിരുന്നപ്പോൾ, അവർ വളരെ വേഗത്തിൽ സംസാരിക്കാൻ അറബി ഭാഷ പഠി ക്കുകയും സ്ത്രീകളുടെ തഅ്‌ലീം തർബിയത്ത് കാര്യങ്ങളിൽ പങ്കുചേരുകയും ചെയ്തു. ഒരു നീണ്ടകാലം ലജ്നാ ഇമാഇല്ലാഹ് കബാബീറിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. അവിടെ ഇജ്തിമകൾ നടത്താൻ ആരംഭിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ[റഹ്] കബാബീറിലെ ഇജ്തിമയുടെ പശ്ചാത്തലത്തിൽ അവരെ പ്രശംസിച്ചുകൊണ്ട് പറഞ്ഞു: ലജ്നാ ഇമാഇല്ലാഹ് കബാബീർ എല്ലാം അറബ് സ്ത്രീകൾ അടങ്ങിയതാണ്. അവരിൽ ഒരാൾ മാത്രമാണ് ഇന്ത്യയിലെ കശ്മീരിൽനിന്ന് പോയ ഒരു സ്ത്രീ; എന്നാൽ അവൾ ഇപ്പോൾ പൂർണ്ണമായും അറബികളെ പോലെയായിരിക്കുന്നു. അവരിൽ ഇഴകിച്ചേർന്ന് അവർക്ക് തർബിയത്ത് ചെയ്തു.

സന്തപ്ത കുടുംബത്തിൽ ഒരു മകളും രണ്ട് ആൺമക്കളും ഉൾപ്പെടുന്നു. ഒരു മകൻ, അത്താ ഉൽ മജീദ് മുബശ്ശിർ കൗസർ എം.ടി.എ. അൽ അറബിയ യു.കെ.യിൽ സേവനമനുഷ്ഠിക്കുന്നു. മകൾ ബുശ്റ കൗസർ സാഹിബ ഡോക്ടർ ഐമൻ ഔദയുടെ ഭാര്യയാണ്. ഹോളണ്ടിൽ ലജ്നാ ഇമാഇല്ലായുടെ ഖിദ്മത്തെ ഖൽഖിന്റെ ദേശീയ സെക്രട്ടറി ആയി സേവനമനുഷ്ഠിക്കുകയാണ്. ഖാദിയാനിൽ മുബല്ലിഗ് സിൽസില ആയ ഇളയ മകൻ ശരീഫ് കൗസർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നാഇബ് സദറും ഓഡിയോവിഷ്വൽ വിഭാഗത്തിന്റെ അഡീഷണൽ ഇൻചാർജുമാണ്. അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കട്ടെ, അവരോട് കാരുണ്യത്തോടെ പെരുമാറുകയും അവരുടെ സൽകർമ്മങ്ങൾ അവരുടെ സന്താനങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

2. ലാഹോറിലെ നൂറുൽ ഹഖ് മസ്ഹർ സാഹിബ്. മർഹൂം മൂസി ആയിരുന്നു. അദ്ദേഹം വളരെ ക്ഷമയുള്ളയാളും, ധീരനും, തഹജ്ജുദ് അനുഷ്ഠിക്കുന്നയാളും, അഞ്ച്നേര നമസ്കാരങ്ങളിൽ കൃത്യനിഷ്ടയുള്ളയാളും, വിശുദ്ധ ഖുർആൻ പാരായണത്തിൽ താൽപ്പര്യമുള്ളയാളും, ഉദാരമനസ്കനും, ലാളിത്യത്തിന്നുടമയും, നന്മയിൽ പ്രശസ്തിയുള്ളയാളുമായിരുന്നു. പരേതന്റെ മകൻ റാഗിബ് സിയാഉൾ ഹഖിനും മകൾ അമത്തുൽ മത്തീൻ സാഹിബക്കും പ്രവർത്തന രംഗത്ത് സേവനം ചെയ്യുന്ന കാരണത്താൽ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

3. റബ്‌വയിലെ മുഹമ്മദ് ശഫീഅ് മർഹൂമിന്റെ ഭാര്യ അമത്തുൽ ഹഫീസ് നിഗത്ത് സാഹിബ. മർഹൂമ ആരാധനാ അനുഷ്ഠാനങ്ങളിൽ കൃത്യനിഷ്ടയുള്ളവരും, പ്രാർഥനാനിരതയും, ഖിലാഫത്തിനോട് ആത്മാർഥതയുള്ളവരും, തബ്‌ലീഗ് ചെയ്യാൻ ആവേശമുള്ളവരും, ദരിദ്രരേയും രോഗികളെയും ശ്രദ്ധിക്കുന്നവരും ഉന്നതമായ സ്വഭാവത്തിന്നുടമയും ആയിരുന്നു.

എല്ലാവരുടേയും മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ ദുആ ചെയ്തു.

**പേജ് 25 ൽ നിന്ന്**

ഷമാണ് അത് കണ്ടെത്തിയത് ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനും വാഗ്ദത്ത മഹ്ദിയുമായ ഹ്ദറത്ത് അഹ്മദ്[അ] പറഞ്ഞു:

'ത്രിത്വം എന്ന സിദ്ധന്തം ഖുർആൻ മാത്രമല്ല തൗറാത്തും ബൈബിളും ഖണ്ഡിച്ചിരിക്കുന്നു. മോസസിന്ന് നൽകപ്പെട്ട തോറയിൽ ത്രിത്വത്തെ സംബന്ധിച്ച് യാതൊരു സൂചന പോലുമില്ല. സത്യമിതാണ്. ത്രിത്വത്തിന്റെ അദ്ധ്യാപനങ്ങൾ ഇരു ബൈബിളിലുമില്ല. ഏതെങ്കിലും ഒരു അദ്ധ്യാപനം ബൈബിളിലുണ്ടെങ്കിൽ അത് ത്രിത്വത്തെ പറ്റിയുമല്ല. അത് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ പറ്റി മാത്രമാണ്. അതുകൊണ്ട് എല്ലാ കഠിനമായ എതിരാളികളായ പാതിരിമാരും ബൈബിളിൽ ത്രിത്വം കാണാത്തതിന്റെ പേരിൽ കുമ്പസരിക്കട്ടെ. യേശു തന്റെ ജീവിതത്തിലൊരിക്കലും ത്രിത്വം പ്രബോധിച്ചിട്ടില്ല. മറിച്ച് പങ്കുകാരനില്ലാത്ത ഏക ദൈവത്തെ കുറിച്ച് മാത്രമാണ് പറഞ്ഞത്' (ചശ്മെ മസീഹ്)

**ജനങ്ങളെ വെറുപ്പിക്കരുത്**

**അനസ്[റ] നിവേദനം: തിരുമേനി[സ] അരുളി: നിങ്ങൾ (മതനടപടികളിൽ മനുഷ്യർക്ക്) എളുപ്പമാക്കിക്കൊടുക്കുക. അവരെ ഞെരുക്കരുത്. അവരെ സന്തുഷ്ടരാക്കുക, അവരുടെ മനസ്സ് വെറുപ്പിക്കരുത്. (ബുഖാരി)**

# ബ്രിട്ടീഷ്, ഫ്രഞ്ച് തിരഞ്ഞെടുപ്പുകളും ലോക രാഷ്ട്രീയവും



**കെയ്ർ സ്റ്റാമർ**

**ലോ**കത്ത് 2024 തിരഞ്ഞെടുപ്പുകളുടെ വർഷമാണെന്ന് തോന്നുന്നു. 64 രാജ്യങ്ങളിൽ ഈ വർഷം തെരഞ്ഞെടുപ്പ് നടക്കുകയാണ്.ലോക ജനതയുടെ 49 ശതമാനം ആളുകൾ ഈ വർഷം തെരഞ്ഞെടുപ്പ് അഭിമുഖീകരിക്കുകയാണ്. ഇറാൻ, ഇന്ത്യ, ബംഗ്ലാദേശ്, തായ്‌വാൻ, പാകിസ്താൻ, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ് മുതലായ രാജ്യങ്ങളിൽ ഈ വർഷത്തെ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞു. 2024 നവംബറിൽ 4 നാണ് ശ്രദ്ധേയമായ അമേരിക്കൻ ഇലക്ഷൻ നടക്കുക. ഡോണാൾഡ് ട്രംപ് തന്നെ വീണ്ടും അധികാരത്തിൽ വരുമോ എന്ന ആശങ്കയിലാണ് ലോകമുള്ളത്.

ലോകരാഷ്ടീയത്തിൽ തെരഞ്ഞെടുപ്പുകളിലൂടെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ ലോകത്ത് സജീവമായ രണ്ട് യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കു കയാണ്. ഒരുവശത്ത് ഇടത് വലത് രാഷ്ട്രീയം, കോർപറേറ്റ് സോഷ്യലിസ്റ്റ് വടംവലി, വംശീയത, മതവർക്ഷീയത മുതലായ പ്രതിലോമ ധ്യുവീകരണങ്ങളും സംഘർഷങ്ങളും ലോകത്ത് നടക്കുന്നു. ലോകത്ത് നടന്നു കൊണ്ടിരിക്കുന്ന യുദ്ധങ്ങളിൽ ഒന്ന് ഇസ്റയേൽ ഫലസ്തീൻ യുദ്ധമാണ്. മറ്റൊന്ന് റഷ്യ ഉക്രയിൻ യുദ്ധം. അതിൽ ഉക്രയിൻ റഷ്യൻ യുദ്ധത്തിൽ ലോക രാജ്യങ്ങൾക്കിടയിൽ ഒരു ചേരിതിരിവ് ദൃശ്യമാണ്. ഉക്രയിനെ അമേരിക്കയും നാറ്റോയും സഹായിക്കുന്നു. എന്നാൽ തികച്ചും അനീതിപരവും അക്രമാസക്തവും ഏകപക്ഷീയവുമായ ഒരു യുദ്ധമാണ് ഫലസ്തീനികൾക്കെതിരെ ഇസ്റയേൽ നടത്തുന്നത്. ലോക ജനതയുടെ അഭിപ്രായം ഈ യുദ്ധത്തിൽ കൂടുതൽ നീതിയുടെ പക്ഷത്ത് ചേർന്ന് ഫലസ്തീന് അനുകൂലമായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ കോർപറേറ്റ്- സിയോണിസ്റ്റ്- പാശ്ചാത്യ താൽപര്യങ്ങൾ ലോകത്തെ സംഘർഷ ഭരിതവും യുദ്ധ കലുഷിതവുമാക്കി തീർത്തുകൊണ്ടിരിക്കുന്നു.

സമകാലീന ലോകസാഹചര്യത്തിൽ വളരെയേറെ സവിശേഷ തകളും സ്വാധീന ശക്തിയുമുള്ള രണ്ട് തിരഞ്ഞെടുപ്പുകളാണ് ഇവിടെ പരാമർശിക്കുന്നത്. 2024 ജൂലൈ 4 ന്, 650 അംഗ ബ്രിട്ടീഷ് പാർലമെന്റിലേക്ക് നടന്ന തിരഞ്ഞെടുപ്പാ ണ് ഒന്ന്. രണ്ടാമത്തേത്, 2024 ജൂൺ 30 നും, ജൂലൈ 7 നും, 577 അംഗങ്ങളെ തിരഞ്ഞെടുത്ത ഫ്രാൻസിലെ അസംബ്ലി തിരഞ്ഞെടുപ്പും.

### ബ്രിട്ടീഷ് പാർലമെന്റ് തിരഞ്ഞെടുപ്പ്

ബ്രിട്ടീഷ് പാർലമെന്റ് തിരഞ്ഞെടുപ്പുകളിൽ ലേബർ പാർട്ടി കൺസർവ്വേറ്റീവ് പാർട്ടി എന്നീ മുഖ്യ പ്രതിയോഗികൾ തമ്മിലാണ് മത്സരം. കൂടാതെ ലിബറൽ ഡമോക്രാറ്റിക് പാർട്ടി, സ്കോട്ടിഷ് നാഷനൽ പാർട്ടി എന്നീ പാർട്ടികളും പാർലമെന്റിൽ പ്രതിനിധ്യമുണ്ട്. ഇത്തവണ ലേബർ പാർട്ടിക്ക് അഭൂതപൂർവ്വമായ വിജയമാണ് ലഭിച്ചത്. ലേബർ പാർട്ടി പ്രധാനമന്ത്രിയായി കെയ്ർ സ്റ്റാമർ ആണ് തിരഞ്ഞെടുക്കപ്പെട്ടത്. 650 മണ്ഡലങ്ങളിൽ 411 സീറ്റുകൾ നേടി വൻ ഭൂരിപക്ഷത്തോടയാണ് ലേബർ പാർട്ടി വിജയിച്ചത്. 173 സീറ്റിന്റെ അധിക ഭൂരിപക്ഷം!!. പതിനാല് വർഷത്തെ കൺസർവേറ്റീവ് പാർട്ടിയുടെ ഭരണം അവസാനിപ്പിച്ചാണ് ലേബർ പാർട്ടി വിജയിച്ചത്. ഇന്ത്യൻ വംശജനായ ഋഷി സുനകിന്റെ കൺസർവേറ്റീവ് പാർട്ടി അതിദയനീയമായി പരാജയപ്പെടുകയായിരുന്നു. അവർക്ക് 121 സീറ്റിൽ ഒതുങ്ങേണ്ടി വന്നു. 244 സീറ്റാണ് കൺസർവേറ്റീവ് പാർട്ടിക്ക് നഷ്ടപ്പെട്ടത്.

ലേബർ പാർട്ടി അടിസ്ഥാനപരമായി തൊഴിലാളികളുടെയും പുരോഗമ നവാദികളുടെയും പാർട്ടിയാണ്. ലോകത്ത് മർദ്ദിതരോടും പീഢിതരോടും അനുഭാവം പ്രകടിപ്പിക്കുന്ന പാർട്ടി എന്നാണ് ലേബർ പാർട്ടിയെ പറ്റിയുള്ള സങ്കൽപ്പം. കൺസർ വേറ്റീവ് പാർട്ടി രൂപീകരിച്ചത് 190 വർഷം മുമ്പാണെങ്കിൽ ലേബർ പാർട്ടി 124 വർഷം മുമ്പാണ് രൂപീകൃതമായത്. 1945 മുതൽ 1951 വരെ ലേബർ പാർട്ടിയുടെ ക്ലമന്റ് ആറ്റ്ലി ഭരിക്കുമ്പോഴാണ് ഇന്ത്യ, പാകിസ്താൻ, ബർമ്മ സിലോൺ, ജോർദാൻ എന്നീ രാജ്യങ്ങ ൾക്ക് സ്വാതന്ത്ര്യം ലഭിച്ചത്. അതേ ലേബർ പാർട്ടിയാണ് അവിഹിതമായ ഇസ്റയേൽ എന്ന രാജ്യത്തിന്റെ ജനന സമയത്ത് ബ്രിട്ടീഷ് ഭരണത്തിലിരുന്നത്. ബ്രിട്ടന്റെ വിദേശ നയങ്ങളിലും ഏറെകുറെ ആഭ്യന്തര നയങ്ങളിലും ലേബർ പാർട്ടി ഭരിച്ചാലും കൺസർവേറ്റീവ് പാർട്ടി ഭരിച്ചാലും വലിയ മാറ്റങ്ങൾ ഉണ്ടാവാറില്ല. ഇസ്റയേലിന്റെ സയണിസ്റ്റ്

ലോബി, ബ്രിട്ടനിലും അമേരിക്കയിലും ഭരണത്തിൽ വരുന്ന കക്ഷികളിൽ സ്വാധീനമുണ്ടാക്കുന്നു എന്ന പ്രതിഭാസം പരക്കെ അറിയുന്ന കാര്യമാണ്. ഫലസ്തീൻ നയത്തിൽ ലേബർ പാർട്ടി കൺസർവേറ്റീവ് പാർട്ടിയേക്കാൾ കുറച്ച് ഉദാര നിലപാടാണ് സ്വീകരിക്കുന്നത്. 2023 ഏപ്രിൽ 23 ന് ഇസ്റയേൽ സൈന്യം ഗാസയിൽ നടത്തിയ ബോംബിങ്ങിൽ മൂന്ന് ബ്രിട്ടീഷ് സന്നദ്ധ സേവാ വളണ്ടിയർമാർ കൊല്ലപ്പെട്ടിരുന്നു. ഈ സംഭവത്തിൽ പ്രതിഷേധിച്ച് ഇസ്റയേലുമായുള്ള എല്ലാ ആയുധ ഇടപാടുകളും നിർത്തിവെക്കണമെന്ന് കൺസർവേറ്റീവ്സും ലേബർ പാർട്ടിയും ഉൾപ്പെടെ ബ്രിട്ടനിലെ എല്ലാ പ്രമുഖ രാഷ്ട്രീയ പാർട്ടികളിലെ എം പി മാരും ആവശ്യപ്പെട്ടിരുന്നു. കടുത്ത ഇസ്റയേൽ പക്ഷപാതിത്വം കാണിക്കുന്ന ടോറികൾ എന്നറിയപ്പെടുന്ന കൺസർവേറ്റീവുകളിൽ ഗസ്സയിലെ ഇസ്റയേലി അക്രമണ വിഷയത്തിൽ ഒരു പിളർപ്പുണ്ടാക്കിയിട്ടുണ്ട്. പല ടോറി എം പിമാർ പോലും കടുത്ത ഭാഷയിൽ ഇസ്റയേലിനെതിരെ സംസാരിക്കുകയുണ്ടായി. എങ്കിലും മുൻ പ്രധാന മന്ത്രി ഋഷി സുനക്ക് ഉറച്ച ഇസ്റയേൽ പക്ഷപാതിയായിട്ടാണ് അറിയപ്പെടുന്നത്.

ലേബർ പാർട്ടിയിൽ ഫലസ്തീൻ അനുകൂല നിലപാട് സ്വീകരിക്കുന്ന ഒരു വലിയ വിഭാഗമുണ്ട്. ലേബർ പാർട്ടി നേതാവായ കെയ്ർ സ്റ്റാമർ ഇസ്റയേൽ അനുകൂല നിലപാടുകാരനായിട്ടാണ് വന്നതെങ്കിലും ഗസ്സ യുദ്ധം ആരംഭിച്ചതിന് ശേഷം ഫലസ്തീന് അനുകൂലമായുണ്ടായ പൊതുജനാഭിപ്രായം സ്റ്റാമറുടെ നിലപാടിൽ മാറ്റം വരുത്തിയിട്ടുണ്ട്. ബ്രിട്ടനിൽ പതിനായിരങ്ങൾ പങ്കെടുത്ത നിരവധി ഫലസ്തീൻ അനുകൂല പ്രകടനങ്ങൾ നാം കണ്ടതാണ്. ലേബർ പാർട്ടി നേതാവും ഇടതുപക്ഷ സഹയാത്രികനും സോഷ്യലിസ്റ്റുമായ ജെർമി കോർബിൻ ഫലസ്തീൻ അനുകൂലവും കടുത്ത ഇസ്റയേൽ വിരുദ്ധ നിലപാടും സ്വീകരിച്ചയാളായിരുന്നു. ഇസ്രയേലിനെ വിമർശിച്ചതിനും ആന്റി സെമിറ്റിസം പാർട്ടിയിൽ തടയാത്തതിന്റെയും പേരിൽ ലേബർ പാർട്ടി യിൽ നിന്നും കോർബിൻ സസ്പെന്റ് ചെയ്യപ്പെടുകയുണ്ടായി. നിരപരാധികളെ കൊല്ലുന്ന ഹമാസും ഇസ്റയേലും ചെയ്യുന്നത് ഒരു പോലെ ടെറോറിസമാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഇറാഖ് യുദ്ധത്തിനെതിരെ നിലകൊണ്ട കോർബിൻ പാർലമെന്റിൽ ലേബർ പാർട്ടിയുടെ വിപ്പ് പല തവണ ലംഘിച്ചിട്ടുണ്ട്. 'സ്റ്റോപ്പ് ദ വാർ' സഖ്യത്തിന്റെ പ്രസിഡണ്ടായിരുന്നു അദ്ദേഹം. 2019 ൽ പാർലമെൻ തിരഞ്ഞെടുപ്പിൽ ലേബർ പാർട്ടിയുടെ പരാജയം ഏറ്റെടുത്ത് നേതൃസ്ഥാനത്ത് നിന്നും അദ്ദേഹം ഒഴിഞ്ഞു. ആ ഒഴിവിലാണ് കെയ്ർ സ്റ്റാമർ വന്നത്. എങ്കിലും കോർബിൻ പാർട്ടിയിൽ തന്നെ നിലകൊണ്ടു. ജെർമി കോർബിന് ഇത്തവണ ലേബർ പാർട്ടി സീറ്റ് നിഷേധി ക്കുകയുണ്ടായി. അത് ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് അദ്ദേഹത്തിന്റെ മണ്ഡലമായ ഇസ്ലിംങ്ടൺ നോർത്തിൽ നിന്നും സ്വതന്ത്രനായി മത്സരിച്ചു. ശ്രദ്ധേയമായ കാര്യം സ്റ്റാമർ പുറത്താക്കിയ കോർബിയടക്കം അഞ്ച് സ്വതന്ത്ര വിമത സ്ഥാനാർത്ഥികൾ, ലേബർ പാർട്ടി സ്ഥാനാർത്ഥികൾ ഉറപ്പായും വിജയിക്കാറുള്ള മണ്ഡലങ്ങളിൽ നിന്നും വിജയിച്ചത് പാർട്ടിയെ ഞെട്ടിച്ചിട്ടുണ്ട്. ഇവരെല്ലാം ഫലസ്തീൻ അനുകൂലികളാണ്. കെയർ സ്റ്റാമറിന്റെ ഭൂരിപക്ഷത്തിൽ പതിനായിരത്തിലധികം വോട്ടിന്റെ കുറവുണ്ടായി. ലേബർ പാർട്ടിയിലെ രണ്ടാമനും പുതിയ ക്യാബിനറ്റിലെ ആരോഗ്യ സെക്രട്ടറിയുമായിരുന്ന വെസ്സ്ട്രീറ്റിംങ്ങ് ജയിച്ചത് കഷ്ടി 528 വോട്ടിനാണ്.



ജെർമി കോർബിൻ

ഗസ്സയിൽ നിസ്സഹായരായ ജനതക്ക് മേൽ ഇസ്റയേൽ നടത്തുന്ന കൂട്ടക്കുരുതികൾക്കെതിരെ സ്റ്റാമർ ഒന്നും ശബ്ദിച്ചിട്ടില്ല. എന്നിട്ടും ബ്രിട്ടനിലെ ഫലസ്തീൻ അനുകൂലികൾ ലേബർ പാർട്ടിക്കനുകൂലമായാണ് വോട്ട് ചെയ്തത്. ഇസ്റയേലിന് ജന്മം നൽകിയ ലോകശക്തികളിലൊന്നായ ബ്രിട്ടന്റെ വിദേശ നയത്തിൽ ഫലസ്തീനികളുടെ ന്യായമായ അവകാശങ്ങൾ പ്രതിഫലിക്കാൻ ബ്രിട്ടീഷ് ജനതയുടെ ഈ ജനവിധി ഉതകുമാറാകട്ടെ.

### ഫ്രാൻസിന്റെ ജനവിധി

മറ്റൊരു തിരഞ്ഞെടുപ്പ് ഫലം 2024 ജൂൺ 30 നും, ജൂലൈ 7 നും നടന്ന ലോകത്തെ വൻശക്തി രാജ്യങ്ങളിലൊന്നായ ഫ്രാൻസിന്റേതായിരുന്നു. മൂന്ന് മുഖ്യ സഖ്യങ്ങളാണ് അവിടെ മത്സരിച്ചത്. ഇടത്പക്ഷ പരിസ്ഥിതി പാർട്ടികളുടെ സഖ്യമായ ന്യൂ പോപ്പുലർ ഫ്രണ്ട് (ഏറ്റവും കൂടുതൽ സീറ്റ് നേടി 188). ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോണിന്റെ മദ്ധ്യപക്ഷ സഖ്യമായ എൻസെംബിൾ (166 സീറ്റ്). തീവ്ര വലത്പക്ഷ കക്ഷിയായ മറീൻ ലീ പെന്നിന്റെ നാഷൾ റാലി (142 സീറ്റ്).

രണ്ട് ഘട്ടങ്ങളായി നടക്കുന്ന ഒരു പ്രത്യേക തരം തിരഞ്ഞെടുപ്പ് രീതിയാണ് ഫ്രാൻസിലുള്ളത്. ഒന്നാം ഘട്ട തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മറിയ ലീ പെന്നിന്റെ തീവ്ര വലത് പക്ഷ പാർട്ടിയായ നാഷണൽ റാലി ഫ്രാൻസ് കൈയ്യടക്കുമോ എന്ന ഭീതിയിലായിരുന്നു ഫ്രാൻസിലെ ജനാധിപത്യവാദികളും ലോകവും. ഫാസിസ്റ്റ് രീതിയിൽ ചിന്തിക്കുന്ന നാഷനൽ റാലി ജയിച്ചിരുന്നുവെങ്കിൽ യൂറോപ്പിന്റെ ഗതിയെ തന്നെ അത് ബാധിക്കു



ഇമ്മാനുവൽ മാക്രോൺ



മറിയ ലീ പെൻ

മായിരുന്നു. എന്നാൽ രണ്ടാം ഘട്ടത്തിൽ ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മാക്രോണിന്റെയും ഇടതുപക്ഷ കക്ഷികളുടെയും തന്ത്രപരമായ നീക്കങ്ങളിലൂടെ തീവ്രവലത് പക്ഷത്തിന്റെ മുന്നേറ്റം തടയപ്പെടുകയുണ്ടായി. തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആർക്കും ഭൂരിപക്ഷമില്ലാത്ത രാഷ്ട്രീയ അനിശ്ചിതത്വമാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. 577 അംഗ പാർലമെന്റിൽ ഭരിക്കാൻ കേവല ഭൂരിപക്ഷത്തിന് 289 സീറ്റ് വേണം. ഈ മാസം അവസാനം ലോക കായിക മേളയായ പാരീസ് ഒളിമ്പിക്സിന് ഫ്രാൻസ് ആതിഥ്യമരുളുമ്പോൾ ഈ രാഷ്ട്രീയ അനിശ്ചിതത്വം അവരെ വളരെ അസ്വസ്ഥമാക്കുന്നുണ്ട്.

ഫ്രാൻസിന്റെ ജനവിധി ഒരാഴ്ച്ച കൊണ്ട് തീവ്ര വലത് പക്ഷ വംശീയവാദികളുടെ ഭാഗത്ത് നിന്നും ഇടതുപക്ഷത്തേക്ക് മാറിയത് ഭരണഘടനാ പരമായി ഫ്രാൻസിലെ തിരഞ്ഞെടുപ്പ് വ്യവസ്ഥയുടെ പ്രത്യേകത കൂടി കൊണ്ടാണ്. ഫ്രാൻസ് പകുതി പ്രസിഡൻഷ്യലും പകുതി പാർലമെന്ററി രീതികളുടെ ഒരു സങ്കര വ്യവസ്ഥയാണ് എന്ന് പറയാം. 5 വർഷത്തേക്ക് ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്ന പ്രസിഡണ്ടാണ് സ്റ്റേറ്റിന്റെ തലവൻ. ദൈനംദിന കാര്യങ്ങളും രാജത്തിന്റെ അഭ്യന്തകാര്യവും നിർവ്വഹിക്കുന്ന ഗവർമെന്റിന്റെ തലവൻ പ്രധാന മന്ത്രിയാണ്. ഭൂരിപക്ഷം കിട്ടുന്ന പാർട്ടിയോ മുന്നണിയിൽ നിന്നോ പ്രസിഡണ്ടാണ് പ്രധാന മന്ത്രിയെ നിയമിക്കുക. അപൂർവ്വം സന്ദർഭങ്ങളിലൊഴികെ മിക്കവാറും പ്രസിഡണ്ടും പ്രധാനമ ന്ത്രിയും ഒരേ പാർട്ടിക്കാരായിരിക്കും. എന്നാൽ ഫ്രാൻസിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധി പ്രസിഡണ്ടിന്റെ സഖ്യമായ എൻസെംബിളിന് പാർട്ടിക്ക്, അധോസഭയായ അസംബ്ലിയിലേക്കുള്ള ഇലക്ഷനിൽ ഒറ്റക്ക് ഭരിക്കാൻ ഭൂരിപക്ഷമില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു. പ്രസിഡണ്ടാണ് പ്രധാന മന്ത്രിയെ തിരഞ്ഞെടുക്കുക. നിയമങ്ങളും ബഡ്ജറ്റും പാസ്സാക്കണമെങ്കിൽ അസംബ്ലിയിൽ ഭൂരിപക്ഷം വേണം


ഫ്രഞ്ച് തിരഞ്ഞെടുപ്പിന്റെ പ്രത്യേകത, അത് രണ്ട് ഘട്ടങ്ങളായാണ് നടക്കുക എന്നതാണ്. ആദ്യഘട്ടത്തിൽ എത്ര സ്ഥാനാർത്ഥികൾക്ക് വേണമെങ്കിലും മത്സരിക്കാം. മത്സരിച്ച സ്ഥാനർത്ഥിക്ക് 50 ശതമാനം വോട്ട് ലഭിച്ചാൽ മാത്രമേ അയാളെ വിജയിയായി പ്രഖ്യാപിക്കൂ. 50 ശതമാനത്തിൽ താഴെ വോട്ട് ലഭിക്കുന്നവരിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച രണ്ട് പേരാണ് രണ്ടാം ഘട്ടത്തിൽ മത്സരിക്കുക. രണ്ടാം ഘട്ടമത്സരത്തിലാണ് ഭൂരിപക്ഷം സ്ഥനാർത്ഥികളും വിജയിക്കുക പതിവ്. കൂടാതെ ആകെ പോൾ ചെയ്ത വോട്ടിന്റെ 12.5 ശതമാനത്തിലധികം വോട്ട് ലഭിച്ച സ്ഥാനാർത്ഥികളുണ്ടെങ്കിൽ അയാളെയും മത്സരിപ്പിക്കാൻ അനുവദിക്കും. അങ്ങനെ വരുമ്പോൾ മൂന്ന് സ്ഥാനാർത്ഥികളുണ്ടാവും. ഇതിനെ ട്രയാംഗുലർ മത്സരം എന്നാണ് പറയുക. ചിലപ്പോൾ നാലും സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ടാകും. കഴിഞ്ഞ ഫ്രഞ്ച് തിരഞ്ഞെടുപ്പിൽ ഒന്നാം ഘട്ട വോട്ടിംങ്ങിൽ തീവ്ര വലത് പക്ഷമായ നാഷനൽ റാലിക്ക് 33 % ജനകീയ വോട്ടുകളാണ് ലഭിച്ചത്. ഇടതുപക്ഷങ്ങൾക്ക് 28% ( എൻ എഫ് പി) വും, മക്രോണിന്റെ എൻസെംബിളിൻ സഖ്യത്തിന് (സെൻട്രിസ്റ്റ് പാർട്ടി) 21 % ഉം വോട്ട് ലഭിച്ചു. 577 അംഗങ്ങളിൽ 78 സീറ്റുകളിൽ മാത്രമാണ് ഒന്നാം ഘട്ട വോട്ടിംങ്ങിൽ വിജയിച്ചവർ. അതിൽ 38 പേർ വലത് തീവ്രവാദികളായ നാഷനൽ റാലി അംഗങ്ങളാണ്. ഈ അപകടകരമായ വിജയം കണ്ട് ഒന്നാം ഘട്ട വോട്ടിംങ്ങിനു ശേഷം ഇടത് പാർട്ടികളും മക്രോണിന്റെ മധ്യനില പാർട്ടി സഖ്യവും തന്ത്രപരമായ നീക്കുപോക്കുകളിൽ ഏർപ്പെട്ട് തീവ്ര വലത് പക്ഷത്തിന്റെ ജയ സാദ്ധ്യത ഇല്ലാതാക്കി. പല സ്ഥങ്ങളിലും അവർ മൂന്നാം സ്ഥാനാർത്ഥിയെ പിൻവലിച്ചും പരസ്പരം പിന്തുണച്ചും നാഷനൽ റാലിയെ പരാജയപ്പെടുത്തി. പക്ഷേ മന്ത്രി സഭയുണ്ടാക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. ആദ്യ ഘട്ടത്തിൽ എതിർ ചേരിയായി മത്സരിച്ച മധ്യ-ഇടതു പക്ഷങ്ങൾ വലത് തീവ്രവാദികളെ തോൽപ്പിക്കാനാണ് അവർ തമ്മിലുള്ള ഭിന്നഭിപ്രായങ്ങൾ മാറ്റി വെച്ച് രണ്ടാം ഘട്ട വോട്ടെടുപ്പിൽ ഒന്നിച്ചത്. ആഭിന്നതകൾ ഇപ്പോഴും നിലനിൽക്കുകയാണെങ്കിലും മന്ത്രിസഭാ രൂപികരണത്തിന്നായി ചർച്ച നടക്കുന്നുണ്ട്. ആരെ പ്രധാന മന്ത്രിയാക്കണമെന്ന് തീരുമാനിക്കുന്നത് പ്രസിഡണ്ട് ഇമ്മാനുവൽ മക്രോൺ ആണ്.

ഫ്രാൻസ് ജർമ്മനി ഇറ്റലി മുതലായ 27 രാജ്യങ്ങളിലെ 40 കോടി ജനങ്ങൾ യൂറോപ്യൻ യൂണിയനി

ലേക്കുള്ള തിരഞ്ഞെടുപ്പ് 2024 ജൂൺ 6 മുതൽ നാലു ദിവസം നടക്കുകയുണ്ടായി. ഫലം വന്നപ്പോൾ വലത് തീവ്രവാദികൾ നേടിയ വിജയം ലോകത്ത് ആശങ്കയുയർത്തുന്നതാണ്. ഫ്രാൻസിലെ നാഷണൽ റാലി പാർട്ടി നേടിയ വിജയത്തിൽ ആശങ്കാകുലനായ ഇമ്മാനുവൽ മക്രോൺ ഇനിയും കാലാവധി ഉണ്ടായിരിക്കേ പെട്ടെന്ന് തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയരുന്നു. ഇറ്റലി ജർമ്മനി ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള വോട്ടർ മാറിലാണ് യൂറോപ്യൻ യൂണിയനിൽ വലത് പക്ഷ മുന്നേറ്റം വലിയ തോതിൽ പ്രകടമായത്.

ഫ്രാൻസിൽ നേട്ടമുണ്ടാക്കിയ ഇടതു സഖ്യമായ ന്യൂ പോപ്പുലർ ഫ്രണ്ടിന്റെ തൊട്ടു പിന്നാലെ സഖ്യത്തിലെ ഏറ്റവും വലിയ പാർട്ടിയായ ലെഫ്റ്റ് ഫ്രാൻസ് അൺ ബോർഡിന്റെ ഇടത്പക്ഷ നേതാവ് ജീൻ ലുക്മലെൻ ചോൺ, ഫ്രാൻസ്, ഫലസ്തീൻ രാഷ്ട്രത്തെ എത്രയും വേഗം അംഗീകരിക്കുമെന്ന് പ്രതിജ്ഞയെടുത്തിരിക്കയാണ്. ഫ്രഞ്ച് പാർലമെന്റിൽ ലെഫ്റ്റ് അൺബോഡിന്റെ അംഗം സെബാസ്റ്റ്യൻ ഡെലോഗു ചോദ്യോത്തര വേളയിൽ ഫലസ്തീൻ പതാക ഉയർത്തിയതിനെ തുടർന്ന് ഫ്രഞ്ച് ദേശീയ അസംബ്ലി സംഘർഷ ഭരിതമായിരുന്നു. ഇസ്റയേലിന്റെ അക്രമണങ്ങളെ അപലപിച്ചാൽ അത് യഹൂദ വിരുദ്ധതയായി ചിത്രീകരിച്ച് അവരെ അമേരിക്കയിലും യൂറോപ്പിലും വേട്ടയാടാറുണ്ട്.

ബ്രിട്ടനിലും ഫ്രാൻസിലും നടന്ന തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അമേരിക്കയിൽ 2024 നവംബറിൽ 4 ന് നടക്കുന്ന തിരഞ്ഞെടുപ്പിൽ പാർട്ടികൾക്കും വോട്ടർമാർക്കും ഒരുപാട് പാഠങ്ങൾ നൽകുന്നുണ്ട്. ഡമോക്രറ്റിക് സ്ഥാനാർത്ഥി ജോ ബൈഡന്റെ മോശം പ്രകടനവും ദുർബലമായ ആരോഗ്യവും കാരണം അദ്ദേഹത്തെ പിൻവലിച്ച് കമലാ ഹാരിസിനെ സ്ഥാനാർത്ഥിയാക്കുന്നു എന്ന കാര്യം ഏറെകുറെ ഉറപ്പായി. ഡോണാൾഡ് ട്രംപ് വീണ്ടും അമേരിക്കൻ



**ഡോണാൾഡ് ട്രംപ്**

പ്രസിഡണ്ടാകുമോ എന്ന ഭീതി വർദ്ധിച്ചു വരികയാണ്. അമേരിക്കൻ രാഷ്ട്രീയത്തിൽ ഇസ്റയേലിന്റെയും സിയോണിസ്റ്റുകളുടെയും സ്വാധീനം വളരെ സജീവമാണ്. ഗസ്സയിൽ ഇസ്റയേൽ നടത്തുന്ന മനുഷ്യത്വ വിരുദ്ധമായ യുദ്ധത്തിന്നെതിരെ അമേരിക്കയിലെ യൂണിവേഴ്സിറ്റികളിലും യുവജനങ്ങൾക്കിടയിലും ജനാധിപത്യ വിശ്വാസികൾക്കിടയിലും പ്രതിഷേധം നാം കണ്ടതാണ്. ഡമോക്രാറ്റുകളും റിപ്പബ്ലിക്കന്മാരും ചേർന്ന് കോടിക്കണക്കിന് ഡോളർ ചിലവഴിച്ച് ആഘോഷമാക്കി നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ അമേരിക്ക കൂടി കൂട്ടുപ്രതിയായി നടത്തിയ ഗസ്സ അക്രമങ്ങളും പലസ്തീനിലെ മനുഷ്യയാതനകളും ഉയർന്നു വരാറില്ല.

എങ്കിലും അമേരിക്കൻ ജനതയുടെ മനസ്സിൽ ഈ മാനുഷിക പ്രശ്നം നീറിപ്പുകയുന്നുണ്ട്. പലസ്തീൻ കുഞ്ഞുങ്ങളുടെ ദീന രോധനം കേൾക്കുന്നവർക്ക് തീർച്ചയായും അമേരിക്കൻ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ ഭാഗത്ത് നിന്നും ആവേശകരമായ പിന്തുണയുണ്ടാകുമെന്നാണ് യൂറോപ്പിലെ തിരഞ്ഞെടുപ്പുകൾ നൽകുന്ന പാഠം.

## വിജ്ഞാനത്തിന്റെ വില

അബൂഹുറയ്റാ(റ) പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: വിജ്ഞാനമുള്ള വാക്കു വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അതിനാൽ അതെവിടെ കണ്ടാലും അതിന്മേൽ അവന് കൂടുതൽ അവകാശമുണ്ട്. (തിർമിദി)

അനസ്(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: വിജ്ഞാനം തേടി പുറപ്പെട്ടുപോകുന്നവൻ തിരികെ വരുന്നതുവരെ അല്ലാഹുവിന്റെ മാർഗ്ഗത്തിലാകുന്നു. (തിർമിദി)

അനസ്(റ) പറഞ്ഞു, അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞു: ജ്ഞാനസമ്പാദനം എല്ലാ മുസ്‌ലിംകളുടേയും കർത്തവ്യമാണ്. (ബൈഹഖി)


**തിരുത്ത്**


സത്യദൂതൻ 2004 ജൂലൈ ലക്കം എഡിറ്റോറിയൽ പേജിൽ രണ്ടാം ഖണ്ഡികയിൽ 'വിശ്വാസികളെ, ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയംകരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.' (അൽ ഹുജൂറാത്ത് 49:8) എന്നത് 'വിശ്വാസികളെ, ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയംകരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തെയും കുറിച്ച് നിങ്ങൾക്ക് ***ആകർഷകമാക്കുകയും*** ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.' (അൽ ഹുജൂറാത്ത് 49:8) എന്ന് തിരുത്തിവായിക്കാനപേക്ഷ. പിഴവ് വന്നതിൽ ഖേദിക്കുന്നു. –

*എഡിറ്റർ*

# ജൽസ സാലാന യു.കെ 2024 വിജയകരമായി സമാപിച്ചു.












Published on 07.08.2024 Pages 44 Vol: 96 Issue.08
RNI No. 3332/1957, Registered KL/EKM/726/2024-26 Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

Rs. 30/-




ഒരു നൂറ്റാണ്ടിനോടടുക്കുന്ന
മലയാളത്തിലെ
ഏക ഇസ്‌ലാമിക
പ്രസിദ്ധീകരണം

SUBSCRIBE

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
*Email : sathyadoothan1@gmail.com*
*Phone No: 9447086862 (G. Pay)*

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.